HISTORY OF INDIA INSCRIPTIONS PART 10

DR SUVARNA NALAPAT TRUST



ഉള്ളടക്കം

12 മഹാരാജാ നന്ദനന്റെ അമൌനപ്ലേറ്റ്

13 പാർദീ പ്ലേറ്റ് ധാരാസേന

14 ധർമ്മപുരിയിലെ 2
നോലംബലിഖിതം

15 കുമാരഗുപ്തകാലത്തെ കരംദാണ്ഡ
ലിഖിതം

16 സംഗ്രാമസിംഹന്റെ സുനാവോകല
പ്ലേറ്റ്

17 മൂലരാജാ 1 ബാലേറാ പ്ലേറ്റ്

18 വാൻഹദകന്റെ പെഷവാർ മ്യൂസിയം
പ്ലേറ്റ്

19 ധാരാവർഷധ്രുവരാജന്റെ പിംപരി
പ്ലേറ്റ്

20 ലാസയിലെ തച്ചൌസുക്ഷേത്രം
തിബത്തൻ ലിഖിതം

21.ഹരിശ്ചന്ദ്രദേവ മച്ചിലീശ്വർ ലിഖിതം

22 വിക്രമാദിത്യ 1 ഗഡ്വാൽ പ്ലേറ്റ്
എഡി 674

23 സിഥിയൻ കാലത്തെ ബ്രാഹ്മി ലിഖിതങ്ങൾ

24 ചോളരാജാക്കന്മാർ

25 പാണ്ഡ്യരാജാക്കന്മാർ

26 ശ്രീവിജയ ദാനവുലപ്പാട് സ്തംഭലിഖിതം

17 ബ്രാഹ്മി ലിഖിതങ്ങൾ എഡി 400 വരെ (അശോകന്റെ ഒഴികെ)

വടക്കൻ, തെക്കൻ ലിഖിതങ്ങൾ

പല്ലവലിഖിതങ്ങൾ (മഹാബലിപുരം)

മാവലിപുരം എന്ന് തമിഴിലും മഹാബലി പുരം എന്ന് സംസ്കൃതത്തിലും പറയുന്ന സ്ഥലത്തെ കടൽത്തീരക്ഷേത്രങ്ങളില് ഒരു ചോളലിഖിതം മാമല്ലപുരം എന്നും തിരു ക്കടൽമല്ലൈ (നാലായി രം ദിവ്യപ്രബന്ധം) എന്നുമാണ് കാണുന്നത്. ആംഗ്ലോഇന്ത്യൻ നാമം ഏഴു പഗോഡ എന്നാക്കി. മാമല്ലപു രം ആമൂർകോട്ടത്തിലെ ആമൂർനാടിലാണ് ഉൾപ്പെട്ടിരുന്നത്. മാമല്ലപുരത്തിനടുത്തുള്ള

ഗ്രാമമാണ് ആമൂർ. 2 മൈൽ മാവലിവാരത്തിനു വടക്ക് സാളുവൻ കുപ്പമെന്ന ഗ്രാമത്തിലും ലിഖിതങ്ങളുണ്ട്. മഹാബലിപുരം ക്ഷേത്രങ്ങളെ 1869ലും 1880ലും കോറോമാണ്ഡൽതീ രത്തെ പഗോഡകളെന്ന പേരിൽ യൂറോപ്യർ വിവരിച്ചു. 1890ൽ പ്രൊ ഹുൾട്ട്സ് അവിടുത്തെ ലിഖിതങ്ങളെ പ്രസിദ്ധീകരിച്ചു. 2 എണ്ണം വെങ്കയ്യയും പ്രസിദ്ധീകരിച്ചു. എപ്പിഗ്രാഫിക്ക ഇൻഡിക്ക വാള്യം 10ൽ ഹുൾട്ട്സ് 26 ലിഖിതങ്ങളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഭാഷ സംസ്കൃതമാണ്. 1-19, 25, 26 ഗദ്യം. 20-24 പദ്യം. പല്ലവവംശത്തിന്റെ ലിഖിതങ്ങളാണ്. നാല് വ്യത്യസ്ത ലിപികളാണ് ഉപയോഗിച്ചിരിക്കുന്നത്. 3 എണ്ണം തെക്കൻലിപി, 1 മാത്രം വടക്കൻ ലിപി.

1-16 വരെയുള്ള ചെറിയ ലിഖിതങ്ങൾ ധർമ്മരാജരഥത്തിലാണ്.സിയാമംഗലം, മഹേന്ദ്രവാടി ഗുഹാലിഖിതങ്ങളുടെ സാദൃശ്യമുള്ളവയാണ്. (മഹേന്ദ്രവർമ്മ 1 കാലം) ധർമ്മരാജരഥത്തിലെ ലിഖിതങ്ങളിൽ 2 പ്രാവശ്യം നരസിംഹ എന്ന് പേരുണ്ട്.(1,7) ലിഖിതങ്ങൾ കൂട്ടത്തിൽ വെച്ച് പഴയവയായതിനാൽ നരസിംഹ

വർമ്മ 2വിന്റെ അച്ഛൻ പരമേശ്വരവ
ർമ്മന്റെ ലിഖിതങ്ങളാവണം. ധർമ്മരാജ
രഥത്തിലെ നരസിംഹൻ മഹേന്ദ്ര വർമ്മ
1 ന്റെ മകൻ നരസിംഹവർമ്മ 1 ആക
ണം. ഇദ്ദേഹം പുലകേശി 2 (എഡി 609-
642) സമകാലീനനാണ്. ബാദാമി ലിഖിതം
(നരസിംഹവർമ്മ 1 ന്റെ) സാദൃശ്യം വെ
ച്ചാണ് ഈ തീരുമാനം. ധർമ്മരാജരഥം
7ആം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് പണി
തതായി ഇതുവെച്ച് ഹുൾട്ട്സ് പറയുന്നു.

ഗണേശക്ഷേത്രം, ധർമ്മരാജമണ്ഡപം,
രാമാനുജമണ്ഡപം എന്നു വിളിക്കുന്നവ
യിലും (20,21, 22,) ധർമ്മരാജരഥത്തിലെ
ചെറിയ ലിഖിതത്തിലും (17) പല്ലവ
അത്യന്തകാമന്റെ ലിഖിതമാണ്. രാജ
സിംഹന്റെയും മകൻ മഹേന്ദ്രവർമ്മൻ
3ന്റേയും കാഞ്ചി ലിഖിതത്തിനു സദൃശ
മാണ് ഇവയിലെ ലിപി.കാഞ്ചിലിഖിതം
രാജസിംഹനെ നരസിംഹവിഷ്ണു
എന്നും വിളിക്കുന്നു, രണരസികന്റെ
നഗരം നശിപ്പിച്ച ഉഗ്രദണ്ഡന്റെ മകനാണ്
ഇദ്ദേഹം. ഫ്ലീറ്റ് കാഞ്ചിലിഖിതങ്ങളിൽ
ഉഗ്രദണ്ഡനാമം പരമേശ്വര 1 ന്റേതാണെ
ന്നും രണരസിക നാമം വിക്രമാദിത്യ 1

(എഡി 655-689) ആണെന്നും ചൂണ്ടിക്കാട്ടി. മാത്രമല്ല, രാജസിംഹനരസിംഹവിഷ്ണു പല്ലവനരസിംഹവർമ്മ 2 (താമ്രപത്രഗ്രാന്റുകൾ) ആണെന്നും തെളിയിച്ചു. ഇദ്ദേഹമാണ് കാഞ്ചി കൈലാസനാഥ ക്ഷേത്രം നിർമ്മിച്ചത്. അത്യന്തകാമന്റെ ലിഖിതങ്ങളിലെ ലിപി കൈലാസനാഥ ക്ഷേത്രലിഖിതലിപിയോട് സാമ്യമുള്ളതിനാൽ അവക്ക് ഒരേ കാലമാണ് തീരുമാനിച്ചത്. 20ആം ലിഖിതത്തിലെ 2ആം ശ്ലോകം വെച്ച് ഹുൾട്ട്സ് അത്യന്തകാമന്റെ യഥാർത്ഥനാമം പരമേശ്വരനെന്നാണെന്ന് കരുതുന്നു. പരമേശ്വരവർമ്മൻ 1 (രാജസിംഹ പരമേശ്വരവർമ്മൻ 2 വിന്റെ പിതാവ്) ആണ്. കാഞ്ചി ലിഖിതം രാജസിംഹന്റെ മറ്റൊരു മകൻ മഹേന്ദ്രവർമ്മ 3നെ പറയുന്നു. ഈ ഗ്രൂപ്പിലെ ലിഖിതങ്ങളെ അദ്ദേഹം 7ആം നൂറ്റാണ്ടിന്റെ 3ആം പാദത്തിലെന്ന് വിചാരിക്കുന്നു.

മൂന്നാം ഗ്രൂപ്പിലെ ലിപി സാളുവംകുപ്പം ഗുഹയുടെ ഇടത്തുവശത്തും (പല്ലവ അതിരണചന്ദ്ര) അതേ ഗുഹയിലെ മുകൾഭാഗത്തും (23, 25 ഇവ), ധർമ്മരാജര

ഥത്തിലും (18)ഗോപികളുടെ മന്ഥനത്തി ലും (19) ഉള്ളതാണ്. ലിപിസാദൃശ്യം നന്ദിവർമ്മന്റെ കാസക്കുടി പ്ലേറ്റിനോടാ ണ്. അതിരണചന്ദ്രനെന്ന നാമം വേറെ ഒരു ലിഖിതത്തിലുമില്ല. പടിഞ്ഞാറൻചാ ലൂക്യവിക്രമാദിത്യ 2 ന്റെ സമകാലീന നായ നന്ദിവർമ്മന്റെ ലിഖിതങ്ങളെന്ന് ലിപിസാമ്യം വെച്ച് തീരുമാനിച്ചതാണ്.

നാലാമത്തെ ലിപി വളരെ പുരാതനമായ നാഗരി. സാളുവൻകുപ്പം ഗുഹയിലെ വലത്തുവശത്തെ ലിഖിതത്തിലുണ്ട്, അതേ ഗുഹയിലെ മുകൾഭാഗത്തുമുണ്ട്. (24, 26) 24ലെ ആദ്യത്തെ 6 ശ്ലോകം അതേ ഗുഹയിലെ (23) അതിരണചന്ദ്ര ലിഖിതത്തിന്റെ പകർപ്പാണ്. 26 ആവ ർത്തനവുമാണ്- (25ന്റെ.) കീർത്തിവർമ്മ 2 (ചാലൂക്യ) പട്ടാടക്കൽ ലിഖിതത്തിലെ നാഗരിയോടാണ് സാമ്യം. വിക്രമാദിത്യ 2 (കീർത്തിവർമ്മന്റെ മുൻഗാമി) കാഞ്ചി പല്ലവരെ തോൽപ്പിച്ചതാണ് മഹാബലി പുരം ക്ഷേത്രങ്ങളുടെ നിർമ്മിതി പണി തീരാതിരിക്കാനുള്ള കാരണം. അതിനാ ൽ അക്കാലത്തെ രാജാവായ നന്ദിവർമ്മ നാവണം അതിരണചന്ദൻ. കാഞ്ചി കൈ

ലാസനാഥക്ഷേത്രത്തിലും ഇവിടത്തെ പോലെ പല ലിപികളിലാണ് ലിഖിതം. ഈ ക്ഷേത്രപ്രാകാരത്തിൽ 3 പ്രാവശ്യം ഒരേ ലിഖിതം ഉണ്ട്. മൂന്നാമത്തേത് നരസിംഹവർമ്മൻ 2ആമന്റെ ലിഖിതത്തോട് സാമ്യമുണ്ട്. 2, 1 ഇവ സാളവൻകുപ്പത്തെ ഇടത്ത്, വലത്ത് ലിഖിതത്തോടാണ് ക്രമത്തിൽ സാമ്യം. അവ പിന്നീട് അതിഗണചന്ദ്ര നന്ദിവർമ്മൻ ചേർത്തതാകാമെന്ന് ഊഹമാണ്. പല്ലവരാജ്യം വിക്രമാദിത്യ 2 എടുത്തശേഷമാവണം ഈ ലിഖിതങ്ങൾ. വടക്കൻലിപിയുടെ ഉപയോഗം കാണിക്കുന്നത് അക്കാലത്ത് ശിൽപ്പികളും ലിപികരും വടക്കുനിന്ന് വന്ന തൊഴിലാളികളും കൂടിയായിരിക്കാമെന്ന് ഹുൾട്ട്സ് ഊഹിക്കുന്നു. അദ്ദേഹം കൊടുക്കുന്ന കാലം എഡി 733- 747 വരെയാണ്. ഫെർഗൂസൻ മഹാബലിപുരം ക്ഷേത്രങ്ങളുടെ കാലം എഡി 650-700 ആണ് നിശ്ചയിച്ചിട്ടുള്ളത്.

ചാലൂക്യസമകാലികർ, അവരുടെ ഗ്രാന്റിലുള്ള പല്ലവനാമം, പല്ലവരുടെ വംശാവലി, കാഞ്ചിലി ഖിതത്തിലെ രാജനാമം,മഹാബലിപുരത്തെ ലി

ഖിതങ്ങളിലെ രാജനാമം,ഇവിടെ പ്രസിദ്ധീകരി ച്ച ലിഖിതങ്ങളുടെ നമ്പർ എന്നിവ പട്ടികരൂപ ത്തിൽ തന്നിരിക്കുന്നു. ഈശ്വരക്ഷേത്രങ്ങളിൽ (ശിവ) അതാതു പല്ലവരാജാവിന്റെ പേരുണ്ട്. ഗണേശക്ഷേത്രവും ധർമ്മരാജ മണ്ഡപവും (20, 21) അത്യന്തകാമപല്ലവേ ശ്വരഗൃഹമെന്ന് വിളിക്കപ്പെടുന്നു. സാളു വകുപ്പം ഗുഹക്ക് അതിരണ ചന്ദപല്ലവേ ശ്വരഗൃഹമെന്നാണ് പേര്. (25 , 26)

ചാലൂക്യസമകാലീന രാജാക്കന്മാർ	ചാലൂക്യഗ്രാന്റുകളിലെ പല്ലവരാജനാമം	പല്ലവതാമ്രപത്രം വംശാവലി	കാഞ്ചിലിഖിതങ്ങളിലെ പല്ലവ നാമങ്ങൾ	മഹാബലിപുരലിഖിതങ്ങളിലെ പല്ലവനാമങ്ങൾ	ലിഖിത നമ്പർ
		സിംഹവിഷ്ണ			
		മഹേന്ദ്രവർമ്മ 1			
പുലകേശി 2	നരസിംഹ	നരസിംഹവർമ്മ 1		നരസിംഹശ്രീഭര,അത്യന്തകാമ,ശ്രീനിധി	1-16
	മഹേന്ദ്ര	മഹേന്ദ്രവർമ്മ 2			
വിക്രമാദിത്യരണ്രസിക	ഈശ്വരപ്പോതരാജാ	പരമേശ്വരവർമ്മ 1	പരമേശ്വരഉഗ്രദണ്ഡലോകാദിത്യ	പരമേശ്വരശ്രീഭര അത്യന്തകാമ ശ്രീനിധി രണജയ	17, 20-22
	നരസിംഹപോതവർമ്മ	നരസിംഹവർമ്മൻ 2	രാജസിംഹഅത്യന്തകാമശ്രീഭര രണജയനരസിംഹവിഷ്ണു		
		പരമേശ്വരവർമ്മ 2	മഹേന്ദ്രവർമ്മൻ 3		
വിക്രമാദിത്യ 2	നന്ദിപോതവർമ്മൻ	നന്ദിവർമ്മപല്ലവമല്ല		അതിരണചന്ദഅത്യന്തകാമ ശ്രീനിധി ശ്രീഭര രണജയ	18,19,23-26

നരസിംഹ, പരമേശ്വരി, അതിരണചന്ദ്ര എന്നിവർക്ക് ശ്രീനിധി, ശ്രീഭര എന്ന് ബിരുദനാമങ്ങളുണ്ട്. മഹാബലിപുര ത്തെ ചില നാണ്യങ്ങളിൽ പല്ലവചിഹ്നമാ യ ഋഷഭം ഉണ്ട്. മുകളിൽ ചെറിയ

ലിഖിതവും കാണും. ഒന്നിൽ മാത്രം നക്ഷത്രവും കൂടി ഉണ്ട്. അതിലെ ലിഖിതം ശ്രീഭര എന്നാണ്. വേറെ ഒന്നിൽ പാണ്ഡ്യചിഹ്നമായ മത്സ്യവും ശ്രീനിധി എന്ന് ലിഖിതവും, മൂന്നാമതൊന്നിൽ ബ്രാഹ്മിയിലെ കകാരവും മാനപര എന്ന് ലിഖിതവും. അതിമാന എന്നതിലെ മാന ആണ് ഇതെന്ന് (9 ധർമ്മരാജപുരം) വിചാരിക്കുന്നു.

ധർമ്മരാജരഥത്തിലെ ലിഖിതങ്ങൾ:-
അത്യന്തകാമേശ്വരഗൃഹമാണ് ധർമ്മരാജരഥം. ആദ്യനില വടക്ക് ശ്രീനരസിംഹ (1), കിഴക്ക് പൃഥിവിസാരഃശ്രീഭരഃ (2) ഭൂമിയും ശ്രീയും വഹിക്കുന്നവൻ. വിഷ്ണു, തെക്ക് ഭുവനഭാജന (3) ഭുവനത്തെ ഭുജിക്കുന്നവൻ , ശ്രീമേഘഃ ത്രൈലോക്യവർദ്ധനഃ വിധിഃ (ത്രൈലോക്യവും വർദ്ധിപ്പിക്കുന്ന ശ്രീമേഘമായ വിധി. മഴ പെയ്യിക്കുന്നത് പർജ്ജന്യ.(4)അത്യന്തകാമഃ അനേകോഭായഃ അത്യന്തം കാമമുള്ളവനും അനേകം ഉപായങ്ങളാൽ എല്ലാ കാമവും സാധിപ്പിക്കുന്നവനും (5)

രണ്ടാം നില വടക്ക് സ്ഥിരഭക്തിഃ മദനാ ഭിരാമഃ വിധിഃ സ്ഥിരമായ ഭക്തി, കാമ ദേവനെപ്പോലെ അഭിരാമൻ വിധി (6). ശ്രീനരസിംഹഃ ഭുവനഭാജനഃ ശ്രീമേഘഃ അപ്രതിഹതശാസന) ഭുവനഭാജനനും ശ്രീമേഘവും അപ്രതിഹതശാസനനുമായ ശ്രീനരസിംഹ (7) കാമലലിതഃ അമേയ മായഃ സകലകല്യാണഃ (8)

നയനമനോഹരഃ വാമഃ അതിമാനഃ (9)

കിഴക്ക്. വാമഃപരാപരഃ(10) അനുപംഃനയാങ്കുരഃ(11)

തെക്ക് ലലിതഃ(12) നയനമനോഹരഃ സർവ്വതോഭദ്രഃ (13)

ശ്രീനിധിഃനിരുത്തരഃ (14) വിധിഃ വിഭ്രാന്തഃ(15)

പടിഞ്ഞാറ് സത്യപരാക്രമഃ പരാപരഃ(16)

മൂന്നാം നില കിഴക്ക് ശ്രീഅത്യന്തകാമ പല്ലവേശ്വരഗൃഹം രണജയഃ (17)

പടിഞ്ഞാറ്

അത്യന്തകാമപല്ലവേശ്വരഗൃഹം (18)

ഗോപീമഥനത്തിനടുത്ത് . ശ്രീവാമാങ്കുശഃ (19)

ഗണേശക്ഷേത്രത്തിലുള്ളത് (20) ഇത് 20ആം ലിഖിതമാണ്. 1-19 വരെയുള്ളത് ചേർത്തുവായിച്ചാൽ വിഷ്ണു നരസിംഹമൂർത്തിക്കുള്ള സ്തുതിരൂപം കിട്ടും.

20- സംഭവസ്ഥിതിസംഹാരകാരണം വീത കാരണഃ ഭൂയാദത്യന്തകാമായ ജഗതാം കാമമർദ്ദനഃ അമായശ്ചിത്രമായോസാവ ഗുണോ ഗുണഭാജനഃ

പാതാലമഗമൻമൂർദ്ധാ ശ്രീനിധിസ്തംബി ഭർത്ത്യജം

ഭക്തിപ്രഹ്വേണ മനസാ ഭവൻഭൂഷണലീല യാ ദോഷ്ണാ ച യോ ഭൂവോ ഭാര ഞ്ചീയാത്സ ശ്രീഭരശ്ചിരം

അത്യന്തകാമോ നൃപതിര്ന്നിർജ്ജിതാ രാതിമണ്ഡലഃ ഖ്യാതോ രണജയഃ ശംഭോസ്തേനേദം വേശ്മ കാരിതം

ജ്ഞഃ സ്ഥാണുർനിഷ്കലഃ സോമഃ പാവകാജ്ഞാ വിയദ് വപുഃ ഭീമഃ ശിവോ വിജയതാം ശങ്കരഃ കാമസൂദനഃ

രാജരാജോ ന വിരസശക്രഭൂന്ന
ജനാർദ്ദനഃ താരകാധിപതിഃസ്വന്ധോ
ജയതാത്തുണാങ്കുരഃ

ശ്രീമതോത്യന്തകാമസ്യ
ദ്വിഷദർപ്പാപഹാരിണഃ
ശ്രീനിധേഃകാമരാഗസ്യ
ഹരാരാധനസംഗിനഃ
അഭിഷേകജലാപൂർണ്ണേ
ചിത്രരത്നാംബുജാകരേ ആസ്തേ
വിശാലേ സുമുഖഃ ശിരസ്മരസി ശങ്കരഃ

തേനേദദ്വാരിതന്തുംഗദ്ധൂർജ്ജടേർമ്മന്ദിരഗൃഹം പ്രജാനാഭീഷ്ടസിദ്ധാർത്ഥേ
ശാങ്കരീബ്ഭൂതിമിച്ഛതാ
ദിക്ലേഷാബ്ഭിക്ലേഷാമ്പുനരപി
ദിഗ്ദിഗസ്തു ധിക്ലേഷാം യേഷാത്ര
വസതി ഹൃദയേ
കൃപഥഗതിവിമോക്ഷകോ രുദ്രഃ

അത്യന്തകാമപല്ലവേശ്വരഗൃഹം .

നരസിംഹവിഷ്ണുവിനെ രുദ്രരൂപത്തിൽസ്തുതിക്കുന്നു. സൃഷ്ടിസ്ഥിതിസംഹാരരൂപമായും, കാമദഹനനായും ചിത്ര

മായാരൂപിയായും സഗുണ, നിർഗ്ഗുണ നായും ഗുണഭഞ്ജനനായും സ്വസ്ഥനും നിരുത്തരനുമായും പരമേശ്വരനായും ആണ് സ്തുതി. നൃസിംഹരൂപം വിഷ്ണുവിന്റെ ശിവരൂപമാണ്, സംഹാ രശക്തിയാണ്. രാജാവിനും ഈശ്വരനും രണ്ടുവിധത്തിലും യോജിക്കുന്ന സ്തുതി യാണ്. ശ്രീനിധിയായ വിഷ്ണു അജനാ യ ശിവനെയും അവന്റെ വിരലു കൊ ണ്ട് അമർത്തിയപ്പോൾ പാതാളം വരെ കൈലാസശൃംഗത്തോടൊപ്പം താണുപോയ രാവണനേയും ശിരസ്സിൽ വഹിക്കുന്ന അനന്തനാണ്. ആ ശ്രീഭരൻ ഭവനെ ഭക്തി യാൽ അഹങ്കാരരഹിതനാക്കി സ്വന്തം മനസ്സിൽ വഹിക്കുന്നു. ഭൂമിയെ കയ്യിൽ ഒരു കളിയാഭരണം പോലെ വഹിക്കു ന്നു. രണജയനായ അത്യന്തകാമൻ ശത്രു ക്കളെ ജയിച്ച് ശംഭുവിന് ഗൃഹം പണി തു. അദ്ദേഹം വിജയിക്കട്ടെ. സ്ഥാവരജം ഗമങ്ങളുടെയെല്ലാം , സൂര്യചന്ദ്രാഗ്നി കളുടെയെല്ലാം ഭർത്താവും ഭീമനുമായ ശിവൻ കരുണാമയനായി ശങ്കരനായി

കാമനെ ജയിച്ച് വിജയിക്കട്ടെ. രാജരാജ നായ തരുണാങ്കുരൻ ചക്രഭൃത്തും ജനാ ർദ്ദനനുമായ വിഷ്ണുവെപ്പോലെ സുന്ദര നായ ചക്രവർത്തി സ്വസ്ഥനും സ്വതന്ത്ര നുമായി സംരക്ഷകനായി ഇരിക്കുന്നു. അവൻ കുബേരനെപ്പോലെ വിരൂപിയ ല്ല, എന്നാൽ ധനികനാണ്. സൂര്യനെപ്പോ ലെ രാത്രി. കാണാതാവുന്നില്ല, ചന്ദ്രനെ പ്പോലെ കറുത്ത പക്ഷത്തിൽ ക്ഷയിക്കു ന്നില്ല, ഗ്രഹണവിധേയനുമല്ല. ജലസമൃ ദ്ധവും താമരപ്പൂ നിറഞ്ഞതുമായ തടാ കം സ്നാനയോഗ്യമാണ്. അതുപോലെ സുന്ദരനായ ശിവന്റെ ശിരസ്സിലെ രത്ന കിരീടത്തെ അഭിഷേകം ചെയ്യുന്ന അത്യ ന്തകാമൻ ശത്രുക്കളെ അടക്കി, അഹങ്കാ രം നീക്കി, ശ്രീനിധിയായി കാമരാഗം (അനുരാഗത്തിന്റെ വർണ്ണം) ആരാധിക്കു ന്നവർക്ക് കൊടുക്കുന്നു. ശിവനെ നിഷ്ഠാ പൂർവ്വം ആരാധിക്കുന്നവർക്ക് കാമം, അർത്ഥം ഇവയും ലഭിക്കുന്നു. ശങ്കരന്റെ പ്രതാപം ലഭിക്കണമെങ്കിൽ ദുർജ്ജടിയു ടെ (ശിവ) ക്ഷേത്രം നിർമ്മിക്കണമെന്ന്

ഗ്രഹിച്ച രാജാവ് പ്രജാക്ഷേമത്തിനായി ഇത് നിർമ്മിച്ചു. ഹൃദയത്തിൽ രുദ്രനില്ലാത്തവർ ആറു പ്രാവശ്യം ശപിക്കപ്പെട്ടവരാണ്. രുദ്രൻ ദുർമാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നതിൽ നിന്ന് മുക്തി തരുന്നു. ഇത് അത്യന്തകാമപല്ലവേശ്വരമാണ്.

21 ധർമ്മരാജമണ്ഡപത്തിലെ ലിഖിതം

സംഭവസ്ഥിതിസംഹാരകാരണം വോതകാരണം. ഭൂയാതത്യന്തകാമായ ജഗതാം കാമമർദ്ദനഃ അമായചിത്രമായോ സാവഗുണോ ഗുണഭാജനഃ സ്വസ്ഥോ നിരുത്തരോ ജീഥാദനിശ)പരമേശ്വരഃ യസ്യാംഗുഷ്ഠഭരാക്രാന്തഃ കൈലാസസ്മ ദ്ദശാനനഃ പാതാളമഗമൻമൂർദ്ധാ ശ്രീനിധിസ്തമബിഭർത്യജം ഭക്തിപ്രഹ്ലേണ മനസാ ഭവം ഭൂവലലീലയാ ദോണാ ച യോ ഭുവോ ഭാരം ജീയാത്സ ശ്രീഭരശ്ചിരം അത്യന്തകാമോ നൃപതിർനിർജ്ജിതാരാതി മണ്ഡലഃ ഖ്യാതോ രണജയഃശംഭോ സ്തേനേദം വേശ്മ കാരിതം. ജ്ഞഃ സ്ഥാണുർനിഷ്കലഃ സോമഃ പാവകാത്മാ വിയദ് വപുഃ ഭീമഃ ശിവോ വിജയതാം

ശങ്കരഃ കാമസൂദനഃ രാജരാജോ ന
വുരസച്ചക്രഭൃന്ന ജനാർദ്ദനഃ
താരകാധിപതിഃ സ്വസ്ഥോ
ജയതാത്തരുണാങ്കുരഃ
ശ്രീമതോത്യന്തകാമസ്യ
ചിത്രരത്നാംബുജാകരേ ആസ്തേ
വിശാലേ സുമുഖഃ ശിരസ്മരസി ശങ്കരഃ
തേനേദം കാരിതന്തുംഗർധൂര്ജ്ജടേ
ന്മന്ദിരഗൃഹം പ്രജാനാഭീഷ്ടസിദ്ധ്യർത്ഥം
ശാങ്കരീം ഭൂതിമിഛയാ. ശ്രീ
അത്യന്തകാമപല്ലവേശ്വരഗൃഹം. ദിക്ലേ
ഷാൻധിക്ലേ ഷാംപുനരപി ദിഗ്വിധഗസ്തു
ധിക്ലേഷാം. യോഷാന്ന വസതി ഹൃദയേ
കുപഥഗതിവിമോക്ഷകോ രുദ്രഃ

22. രാമാനുജമണ്ഡപം ലിഖിതം

20, 21 ലെ അവസാനശ്ലോകം ഇതിൽ
കാണുന്നു.

ശ്രീദിക്ലേഷ ധിക്ലേഷാം പുനരപി
ദിഗ്വിധിഗസ്തു ധിക്ലേഷാം യേഷാന്ന
വസതി ഹൃദയേ കുപഥഗതിവിമോക്ഷ
കോ രുദ്രഃ

23 സാളുവം കുപ്പം ഗുഹാലിഖിതം അതിരണചന്ദേശ്വ രം (ചണ്ഡേ) ശിവക്ഷേത്രം. 1, 2 , 3 ശ്ലോകങ്ങൾ അത്യന്ത കാമ, ശ്രീനിധി, കാമരാഗ, ശ്രീഭര എന്നീ നാമങ്ങളുണ്ട്. രണജയ, അനുഗ്രശീല, കാലകാല, സമരധനഞ്ജയ, സമ രധീര മുതലായ മറ്റു നാമങ്ങളും കാഞ്ചി ലിഖിതത്തിൽ രാജസിംഹന്റെ ബിരുദങ്ങളാണ്. 24ആം ലിഖിതം 23 ന്റെ നാഗരി കോപ്പിയാണ്. 25 , ലിഖിതം 23ന്റെ ലിപി. 26 നാഗരിലിപി 24ലെ പോലെ.

ശ്രീമതോത്യന്തകാമസ്യ ദ്വിഷദർപ്പഹാരിണഃ ശ്രീനിധേഃ കാമരാഗസ്യ ഹരാരാധന സംഗിനഃ അഭിഷേകജലാപൂർണ്ണേ ചിത്ര രത്നാംബുജാകരേ ആസ്തേ വിശാലേ സുമുഖഃ ശിരസ്മരസി ശങ്കരഃ തേനേദം കാരിതം ശംഭോർഭവനം ഭൂതയേ ഭുവഃ കൈലാസമന്ദിരനിഭം ഭൂഭൃതാം മൂർദ്ധ്നി തിഷ്ഠതാ. ഭക്തിപ്രഹ്ലേണ മനസാ ഭവം ഭൂഷണലീലയാ അതിരണചണ്ഡഃ പതി രവനിഭുജാമതിരണചണ്ഡേശ്വര

മിദമകരോത. ഇഹ ഗിരിതനയാഗൃഹ ഗണസഹിതോ നിയതകൃതരതിർഭവതു പശുപതിഃ ഗുർവ്വോർമ്മീശാനഭക്തിം ശ്രിയമതിശയനീം

ദുർവ്വഹം ഭാരഭുക്ത്യാ നിർമ്മാമാന്യഞ്ച ദാനം സമമതിരണചണ്ഡാഖ്യയാ (യോ ബിഭർത്തി) സ്ഥാനേ നിർമ്മാപിതേ സ്മിന്വിദി തരണജയസ്ഥാതിനാ തേന ഭർത്താ ഭൂതാനാമഷ്ടമൂർത്തിശ്ചരിമതി രണചണ്ഡേ ശ്വരേ യാതു നിഷ്ഠാമ. അനുഗ്രശീലഃ യദി ന വിധാതാ ഭരതോ യദി ന ഹരിർന്നാരദോ ന വാ സ്കന്ധഃ ബോദ്ധും ക ഇവ സമർഥേസ്സംഗീതം കാലകാലസ്യ.

ഓം . സമരധനഞ്ജയഃ സംഗ്രാമധീരഃ ഓം

അതിരണചണ്ഡേശ്വരക്ഷേത്രത്തിൽ പശുപതി പാർവ്വതിയോടും ഗുഹനോടും (സ്കന്ധ) ഗണങ്ങളോടും കൂടി സ്ഥിരം വസിക്കട്ടെ എന്ന് കാണുന്നു. പാശുപതരുടെ സംഘമായിരിക്കണം ഇവിടെ

ഉണ്ടായിരുന്നത്. അഷ്ടമൂർത്തിയായ ശിവൻ എന്ന് പറഞ്ഞിരിക്കുന്നതും ശ്രദ്ധിക്കുക. കാലകാലന്റെ സംഗീതവും നൃത്തകലയും ഭരതനും (മുനി) ഹരിക്കും നാരദനും സ്കന്ധനുമല്ലാതെ ആർക്കാണ് ഗ്രഹിക്കാനാവുക. സമരധനഞ്ജയനും സംഗ്രാമധീരനുമായ അനുഗ്രഹശീലനാണ് എന്നും ഇവിടെ പറയുന്നു.

ആയോധനകല, ആനുഗ്രഹശീലം, നടനം സംഗീതം ,ധൈര്യം, ഇപ്രകാരം നിരവധി ഗുണങ്ങളെ ശിവന് പറയുന്നു. കാഞ്ചിലിഖിതത്തിൽ രാജസിംഹനെ വാദ്യവിദ്യാധര, വീണാനാരദ, അതോദ്വതുംബുരു മുതലായ ബിരുദങ്ങൾ പറഞ്ഞ് വിളിക്കുന്നുണ്ട്.

24. ശ്രീമതോത്യന്തകാമസ്യ ദ്വിഷദർപ്പാപഹാരിണഃ ശ്രീനിധേഃ കാമരാഗസ്യ ഹരാരാധനസംഗിനഃ അഭിഷേകജലാപൂരണേ ചിത്രരത്നാംബുജാകരേ ആസ്തേ വിശാലേ സുമുഖഃ ശിരസ്മരസി ശങ്കരഃ തേനേദം കാരിതം ശംഭോർഭവനം ഭൂതയേ ഭുവഃ കൈലാസമന്ദരനിഭം

ഭൂഭൃതാം മൂർദ്ധ്നി തിഷ്ഠതാ. ഭക്തി പ്രഹ്വേണ മനസാ ഭവ ഭൂഷണലീലയാ. ദോഷ്ണാ ച യോ ഭുവമധന്തേ ജീയാത്സ ശ്രീഭരശ്ചിരം. അതിരണചണ്ഡഃ പതി രവനിഭുജാമതിരണചണ്ഡേശ്വരമിദമ കരോത്. ഇഹ ഗിരിതനയാഗുഹഗണ സഹിതോ നിയതകൃതരതിർഭവതു പശുപതിഃ ഗുർവ്വോർമീശാനഭക്തിം ശ്രിയമതിശയനീം ദുർവ്വഹം ഭാരമുഖ്യാ നിർമ്മാമാന്യഞ്ച ദാനം സമമതി രണ ചണ്ഡാഖ്യായാ യോ ബിഭർത്തിം സ്വാനേ നിർമ്മാപിതേസ്മിന്വിദിതരണജയഖ്യാതി നാ തേന ഭർത്താ ഭൂതാനാമഷ്ടമൂർത്തി ശ്ചിരമതി രണചണ്ഡേശ്വരേ യാതു നിഷ്ഠാം . സ്വസ്തി!.

25. അതിരണചണ്ഡപല്ലവേശ്വരഗൃഹം

26 അതിരണചണ്ഡപല്ലവേശ്വരഗൃഹം

ഇവയാണ് 26 ലിഖിതങ്ങൾ.

വിജയാദിത്യന്റെ രായഗഡ് പ്ലേറ്റുകൾ ശകം 625

3 താമ്രപത്രം. കോലാബ ജില്ലയിലെ മഹദ് താലൂക്ക് രായഗഡ്. സീലിൽ നിൽക്കുന്ന വരാഹം ഇടത്തോട്ട് അഭിമുഖം. ലിഖിതത്തിലെ ചരിത്രഭാഗം വിജയാദിത്യന്റെ നേരൂർ താമ്രപത്രങ്ങളോടും (ഫ്ലീറ്റ്) കീർത്തിവർമ്മ 2 ന്റെ കേന്ദൂർ, വക്കലേരി പ്ലേറ്റുകളോടും സദൃശമാണ്. വിജയാദിത്യന്റെ 8ആം വർഷം ശകം 625 കഴിഞ്ഞ് ജല്ല, ...നിരൂലന എന്ന 2 ഗ്രാമം കരഹാതകത്തിലെ മരിവസതിയിലെ വിജയശിബിരത്തിലിരിക്കുന്ന രാജാവ് ബ്രാഹ്മണന് ദാനം കൊടുത്തു. ലിഖിതം എഴുതിയ നിരവദ്യപുണ്യവല്ലഭൻ, ശകം 616ൽ വിനയാദിത്യന്റെ ഹരിഹർ പ്ലേറ്റ് എഴുതിയ ശ്രീരാമ പുണ്യവല്ലഭന്റെ പിൻഗാമിയാണ്. വിക്രമാദിത്യ 2 ന്റെ കാഞ്ചിലിഖിതം എഴുതിയത് നിരവദ്യശ്രീമദ് അനിവാരിതപുണ്യവല്ലഭനാണ്. ശകം 672 ൽ കേന്ദൂർ ഗ്രാന്റ് എഴുതിയ ധനഞ്ജയപുണ്യവല്ലഭൻ, വാകലേരി പ്ലേറ്റിൽ (679) സ്വയം ശ്രീമദ് അനിവാരിത ധനഞ്ജയപുണ്യവല്ലഭനെന്ന് പറയുന്നു. നാലു തലമുറ ലിപികന്മാരെ കാണുന്നു. ശ്രീരാമ, നിരവദ്യ, അനിവാരിത, ധന

ഞ്ജയ. പുണ്യവല്ലഭനെന്നത് കുടുംബ നാമമാണ്. നിരവദ്യ എന്നത് വിജയാദി ത്യന്റെയും അനിവാരിത എന്നത് വിക്ര മാദിത്യ 2 ന്റെയും ബിരുദമാണ്. ഈ പേരുകൾ അവരുടെ ലിപികരും ഉപ യോഗിക്കുന്നു. നിരവദ്യപുത്രൻ അനിവാ രിതപുണ്യ വല്ലഭനെന്നാണ് നിരവദ്യശ്രീമ ദ് അനിവാരിത പുണ്യവല്ലഭനെന്നതിന് അർത്ഥം. അനിവാരിതന്റെ മകൻ ധന ഞ്ജയൻ. ആദ്യത്തെ ആളാണ് ശ്രീരാമൻ. ഇതാണ് 4 തലമുറ.

സ്വസ്തി! ജയത്യാവിഷ്കൃതം വിഷ്ണോ ർവ്വാരാഹം ക്ഷോഭിതാർണ്ണവം ദക്ഷി ണോന്നതദംഷ്ട്രാഗ്രവിശ്രാന്തഭുവനം വപുഃ ശ്രീമതാം സകലഭുവനസംസ്തൂയമാനവ്യ സഗോത്രാണാം ഹാരിതീപുത്രാണാം സപ്ത ലോകമാതൃഭിരഭിവർദ്ധാനാം കാർത്തികേയ പരിരക്ഷണപ്രാപ്ത കല്യാണപരമ്പരാണാം ഭഗവന്നാരായണ പ്രസാദസമാസാഹിതവരാഹലാഞ്ഛനേ ക്ഷണക്ഷണവശീകൃതാശേഷമഹീഭൃതാം ചലിക്യാനാം കുലമലങ്കരിഷ്ണോര സ്വമേധാവഭൂയസ്വാനപവിത്രീകൃതഗാത്ര സ്യ ശ്രീപുലകേശീവല്ലഭമഹാരാജസ്യ

സൂനുഃ പരാക്രമാക്രാന്തവനവാസ്യാദി
പരനൃപതിമണ്ഡലപ്രണിബഹവധിശുദ്ധകീ
ർത്തിഃ ശ്രീകീർത്തിവർമ്മപൃഥിവീവല്ലഭ
മഹാരാജസ്യ പ്രിയാത്മജഃ സമരസംസ
ക്തസകലോത്തരാ പഥേശ്വര ശ്രീഹർഷവ
ർദ്ധനപരാജയോപാത്ത പരമേശ്വരശബ്ദ
സ്യ സ്വസത്യാശ്രയശ്രീപൃഥിവീ വല്ലഭ
മഹാരാജാധിരാജപരമേശ്വരസ്യ
പ്രിയതനയസ്യ പ്രജ്ഞാതനയസ്യ ഖണ്ഡ
മാത്രസഹായസ്യ ചിത്കണ്ഠാഭിധാന
പ്രവസ്തുരംഗമേണൈകേനേവോത്സാരിതാ
ശേഷവിജിഗോഷോരവനിപതിത്രിതയാന്ത
രിതാംസ്വഗുരോഃ ശ്രിയമാത്മസാത്കൃത്യ
പ്രഭാവ കുലിശദലിതപാണ്ഡ്യചോളകേരള
കലഭ്ര പ്രഭൃതിഭൂഭൃഭ്രമസ്യാനന്യാവനത
കാഞ്ചീപതിമകുടചുംബിതപാദാംബുജസ്യ
വിക്രമാദിത്യസ്യ സത്യാശ്രയശ്രീപൃഥിവീ
വല്ലഭമഹാരാജാധിരാജപരമേശ്വരഭട്ടാരക
സ്യ പ്രിയസൂനോഃ പിതൃരാജ്ഞയാ
ബാലേന്ദുശേഖരസ്യ താരകാരാതിരിവ
ദൈത്യബലമതിസമുദ്ദത്തം ഭ്രൈത്രൈരാജ്യ
കാഞ്ചീപതിബലമവഷ്ടഭ്യ കരദോകൃതക
മേവേരപാരസീകസിംഹകാദിദ്വീപാധിപ
സ്യ സകലോത്തരാപഥനാഥ മഥനോപാ

ർജ്ജിതോർജ്ജിതപാണിധ്വനിജാദിസമസ്ത
പാരമൈശ്വര്യചിഹ്നസ്യ വിനയാദിത്യ
സത്യാശ്രയശ്രീപൃഥിവീവല്ലഭമഹാരാജാധി
രാജപരമേശ്വരഭട്ടാരകസ്യ പ്രിയാത്മജ
ശ്ശൈശവ ഏവാധിഗതശേഷാസ്ത്ര
ശാസ്ത്രോ ദക്ഷിണാഷാശാവിജയിനി
പിതാമഹേ സമനുന്മൂലിതനിഖിലകണ്ടക
സംഹതിരുത്തരാഷപഥവിജിഗീഷോർഗു
രോരഗ്രത ഏവാഹവവ്യാപാരമാചര
ന്നിന്നരാതിഗജഘടാപാടനവിശോഷമാണക്യ
പാണധാരസ്സമഗ്രവിഗ്രഹാഗ്രേ
സത്മാവാസരസികണ്ഠപരാന്മസ്വീകൃത
ശത്രുമണ്ഡലോ ഗംഗായമുനാപാണിധ്വജ
പടഢക്കാമഹാശബ്ദചിഹ്നകമാണിക്യമതം
ഗജാദിൻപിസാത്കർവ്വൻപ
രൈണപണായമാനൈരാസാദ്ധ്യ കഥമപി
വിധിവശാദപനീതോപി പ്രതാപാദേവ
വിഷയപ്രകോപമരാജകമുത്സാരയന്വത്സ
രാജ ഇവാനപേക്ഷിതാപരയസഹായക
സ്തദവഗ്രഹാന്നിർഗത്യ സ്വഭുജാവഷ്ടംഭ
പ്രസാധിതാശേഷ വിശ്വഭരണപ്രഭു
രഖണ്ഡിതശക്തിത്രയത്വാച്ഛത്രുമദഭഞ്ജന
ത്വാദുദാകരത്വാന്നിരവത്യത്വാധ്യഃ

സമസ്തഭുവനാശ്രയതാചരതാസ്മകുലപാ
രമൈശ്വര്യവ്യക്തിഹേതുപാണിധ്വജാധ്യു
ജ്വലപ്രാജ്യരാജ്യോ വിജയാദിത്യ
സത്യാശ്രയശ്രീപൃഥിവീവല്ലഭമഹാരാജാധി
രാജപരമേശ്വര ഭട്ടാരകസ്സർവ്വാനേവം
ജ്ഞാപയതി വിദിതമസ്തു വോസ്മാഭി
ണ പഞ്ചവിംശത്യുത്തരശഷട്ചരതേഷു
ശകവർഷിശ്ചതതീരേഷു പ്രവർദ്ധമാന
വിജയ രാജ്യസംവത്സരേ അഷ്ടമേ
വർത്തമാനേ കരഹാടാന്തഗ്ഗാരതമരി
വസതിവിജയസ്വാ സ്കന്ധാവരേ മഹാ
പൃഷ്ടമീദിവസേ ശാണ്ഡ്യല്യഗോത്രായ
അന്നസ്വാമിനഃ പൌത്രായ ദേവവീതി
ക്ഷിതപുത്രായ നാഥേരചതുർവ്വേദി
പായകാജ്ഞണവിഷ്ണു അപരോത്തര
ദിശി താലിതടാഹാരവിഷയേ വല്ലഗ്രാമ
സ്മവി നിരുള്ളണഗ്രാമഃചതുസീമാന്ത
സർവ്വാബാധാപരിഹാരോ ദത്തഃ
തദാഗാമിഭിരസ്മദ്ദംശ്യൈ രന്യൈശ്ച
രാജഭിരായുരൈശ്വരാദിനാം വിലസിത
മചിരാംശുചഞ്ജലമവഗചരതിദ്ധാരാചന്ദ്രാ
ർക്കധെരാർണ്ണവാസ്തിസമകാലം യശചരി
ഭിഃ സ്വദത്തനിർവ്വിസേഷം പാലനീയമുക്ത
ഞ്ച ഭഗവതാ വേദവ്യാസനേ വ്യാസേന .

ബഹുഭിർവസുധാ ഭുക്താ രാജഭിസ്സഗരാ ദിഭിര്യസ്യ യസ്യ യപദാ ഭൂമിസ്തസ്യ തസ്യ തദാ ഫലം. സ്വദാതും സുമവഛര ക്യം ദുഃഖമന്യശ്വസ്യ പാലനം ദാനം വ. പാലനം വേത്തി ദാനാച്ഛ്രേയോനുപാല നം. സ്വദത്താം പരദത്താം വാ യോ ഹരേത വസുന്ധരാം ഷഷ്ഠിം വർഷസ ഹസ്രാണി വിപാഷ്ഠായാം ജായതേ ക്യമിഃ നിരവദ്യപുണ്യവല്ലഭേന ലിഖിത മിദം ശാസനം.

ഹസ്തികുണ്ഡി ധവളന്റെ ബീജാപ്പൂർ ലിഖിതം വിക്രമസംവത് 1053

ജോധ്പൂർ മഹാരാജാ അജ്മീർ മ്യൂസി യത്തിലേക്ക് അയച്ചത്. ബീജാപ്പൂരിലെ ഒരു മന്ദിറിന്റെ വാതിലിന്റെ ഉൾവശത്താ ണ് ഉണ്ടായിരുന്നത്. ഈ ക്ഷേത്രം ബീജാ പ്പൂരിൽ നിന്ന് അൽപ്പം മാറി, ഉദയ്പൂ ർ-സിരോഹി റോഡിൽ അബുവിന് അടു ത്താണ്. ബീജാപ്പൂരിൽ നിന്ന് 2 മൈൽ അപ്പുറമുള്ള ജൈനക്ഷേത്രത്തിലാണ് കല്ല് ആദ്യം പതിച്ചിരുന്നതെന്ന് അവിടത്തെ നിവാസികൾ അവകാശപ്പെടുന്നു. (ബാലി അഥവാ ഗോദ്വാർജില്ല (ജോധ്പൂർ

സംസ്ഥാനം) ആണ് ഈ ക്ഷേത്രം. പിന്നീട് ബീജാപൂരിലെ ജൈനമഹാജനങ്ങളുടെ ധർമ്മശാലയിലേക്ക് അതിനെ എടുത്തു കൊണ്ടു പോയി. അവിടെ നിന്നാണ് സംസ്ഥാനത്തിലെ ചരിത്രവിഭാഗത്തിലേ ക്കും അജ്മീർ മ്യൂസിയത്തിലേക്കും എത്തിയത്.32 വരി ഉണ്ട്. 1. 2 വരി മാഞ്ഞിട്ടുണ്ട്. അവിടെയും ഇവിടേയും ചില അക്ഷരങ്ങൾ പോയിട്ടുണ്ട്. വടക്ക ൻ നാഗരി ലിപി. വിക്രമസംവത് 1080 ലെ വിഗ്രഹരാജന്റെ ഹർഷലിഖിതത്തോ ട് സാമ്യം. (കിൽഹോൺ). ഭാഷ സംസ്കൃതം പദ്യം. വരി 22, 32 മാത്രമേ ഗദ്യം ഉള്ളു. ബ , വ ഇവ വേർതിരി ക്കാൻ തുടങ്ങിയിട്ടുണ്ട്.

വാസ്തവത്തിൽ 2 ലിഖിതങ്ങൾ ഒരേ കല്ലിൽ കൊത്തിയിരിക്കയാണ്. ആദ്യത്തേ ത് വിക്രമസംവത് 1053 , രണ്ടാമത്തേത് വിക്രമ സംവത് 996. 1-22 വരെയുള്ള ആദ്യലിഖിതം 40 ശ്ലോകമാണ്. സൂര്യാ ചാര്യൻ രചിച്ച ഒരു പ്രശസ്തിയാണ്. ജിന,തീർത്ഥങ്കരന്മാരെ സ്തുതിച്ച് ആരം ഭിക്കുന്നു. മൂന്നാം ശ്ലോകത്തിൽ രാജനാ മം ഉണ്ട് എന്നാൽ അത് നഷ്ടമായിരിക്കു

ന്നു. നാലാം ശ്ലോകം രാജകുമാരൻ ഹരി വർമ്മനേയും ഭാര്യ രുചിയേയും പറയു ന്നു. ഹരിവർമ്മപുത്രൻ വിദഗ്ദ്ധൻ . ഇദ്ദേഹത്തെ രണ്ടാം ഭാഗത്ത് രാഷ്ട്രകൂട നെന്ന് പറയുന്നുണ്ട്. വിദഗ്ദ്ധരാജന്റെ ഗുരു വാസുദേവൻ. അദ്ദേഹം രാജകുമാ രനെ ആത്മീയകാര്യത്തിൽ ശ്രദ്ധാവാനാ ക്കി, ക്ഷേത്രം പണിയാൻ പ്രോത്സാഹി പ്പിച്ചു. ഹസ്തികുണ്ഡിനഗരത്തിലെ ക്ഷേ ത്രം പണിയുന്നത് ഇപ്രകാരമാണ്. രാജ കുമാരന്റെ തുലാഭാരം നടത്തി, മൂന്നിൽ 2 ഭാഗം സ്വർണ്ണം ദേവന് ദാനം ചെയ്തു. ബാക്കി ഗുരു വാസുദേവന് കൊടുത്തു. വിദഗ്ദ്ധനു ശേഷം മമ്മടൻ, പിന്നീട് ധവളൻ രാജാവായി. ധവളനെ 10 ശ്ലോകം കൊണ്ട് പ്രശംസിക്കുന്നു. മേദാപാതത്തെ (മേവാർ)മുഞ്ജരാജൻ ആക്രമിച്ച് ആഘാതം നശിപ്പിച്ച കാലത്ത്, ഈ രാജാവ് അവിടത്തെ ഗുർജ്ജരരാജാ വിന്റെ സൈന്യത്തിന്(ഓടിപ്പോകുന്ന) അഭയം കൊടുത്തു. മുഞ്ജരാജാ, മാൾവ യിലെ വാക്പതി മുഞ്ജയാണ്. (വിക്രമ 1031, 1036, 1050ലെ ലിഖിതങ്ങളുണ്ട്) ശ്ലോകം 12ൽ പറയുന്ന

ചാലൂക്യചക്രവർത്തി മൂലരാജാ 1 ആണ് ഗുർജ്ജരരാജാവ്. മേദാപതത്തിലെ രാജ കുമാരന്റെ നാമം വ്യക്തമല്ല. ആഘാതം അഹദ് ആണ്. ഇവിടെ നിന്നാണ് ഗെ ഹ്ലോട്ട് രാജവംശം ആഹദീയ എന്ന നാമം സ്വീകരിക്കുന്നത്. ഇത് ഉദയ്പൂ രിനടുത്താണ്. 11ആം ശ്ലോകം ധവളൻ ദുർല്ലഭരാജനെതിരെ മഹേന്ദ്രന് രക്ഷ കൊടുത്തു എന്ന് പറയുന്നു. ദുർല്ലഭരാജാ ചാഹുമാന വിഗ്രഹരാജന്റെ സഹോദര നാണ് (വിക്രം 1030 ലെ ഹർഷലിഖിതം എഴുതിച്ച ആൾ). ബിജോലിയ, കിൻസാ രിയ ലിഖിതങ്ങളിലും അദ്ദേഹത്തിന്റെ പേരുണ്ട്. വിഗ്രഹപാലന്റെ മകനും ലക്ഷ്മണന്റെ പൌത്രനുമാണ് മഹേന്ദ്ര. (നഡ്ഡൂലത്തിലെ ചാഹുമാനർ പ്രൊ കീൽഹോൺ). ധവളൻ മൂലരാജനാൽ ശക്തി നഷ്ടപ്പെട്ട ധരണീവരാഹനും സഹായം കൊടുത്തു (ശ്ലോകം 12) ധരണീവരാഹൻ ചാലൂക്യവംശമാണ്. പരമാരരാജാവിനും ഈ പേരുണ്ട്. (നവകോട് മാർവാറിലെ ഭരണാധി കാരി. 9 സഹോദരന്മാർക്ക് 9 കോട്ട ഭാഗിച്ച് നൽകി). 13-18 ധവളപ്രശസ്തി .

19ആം ശ്ലോകം വാർദ്ധക്യത്തിൽ അദ്ദേ ഹം രാജ്യം ത്യജിച്ച് സിംഹാസനത്തിൽ മകൻ ബാലപ്രസാദനെ ഇരുത്തിയതായി പറയുന്നു. ശ്ലോകം 22 ബാലപ്രസാദന്റെ തലസ്ഥാനം ഹാത്തൂണ്ടി (ഹസ്തികുണ്ഡി ക) ആണെന്ന് പറയുന്നു. 23-27 ആ നഗര ത്തിന്റെ വിവരണം. 28-29 ശാന്തിഭദ്ര സൂ രിയെ കുറിച്ചാണ്. ശ്ലോകം 30 ഇദ്ദേഹം വാസുദേവന്റെ ശിഷ്യനാണെന്ന് പറയു ന്നു. ശ്ലോ കം 33 ഹസ്തികുണ്ഡിയിലെ ഗോഷ്ഠി ഋഷഭനാഥക്ഷേത്രം പുനരുദ്ധരി ച്ചതായി പറയുന്നു. 36-37 ക്ഷേത്രം ആ ദ്യം നിർമ്മിച്ചത് വിദഗ്ദ്ധരാജനാണെ ന്നും പുനരുദ്ധാരണശേഷം പുനപ്രതിഷ്ഠ ചെയ്തത് ശാന്തിഭദ്രനാണെന്നും പറയു ന്നുണ്ട്. വിക്രമസംവത് 1053 മാഘശുക്ല ത്രയോദശിക്ക് ഈ പുനഃപ്രതിഷ്ഠ നടന്നു. ധവളനും മകനും കൂടി പിപ്പല എന്ന കിണറും ക്ഷേത്രത്തിന് കൊടുത്തു. ശ്ലോ കം 30 ക്ഷേത്രം ശാശ്വതമായി നിലനി ൽക്കാനുള്ള പ്രാർത്ഥനയാണ്. ശ്ലോകം 40 പ്രശസ്തി രചിച്ചത് സൂര്യാചാര്യനാണെ ന്ന് പറയുന്നു. പിന്നീട് ഗദ്യത്തിൽ കാലം ഒരിക്കൽകൂടി പറയുന്നു. ഞായറാഴ്ച

പുഷ്യനക്ഷത്രം മാഘശുക്ലപക്ഷ ത്രയോദശി വിക്രമസംവത് 1053. (എഡി 997 ജനുവരി 24) മൂലനായകപ്രതിമ പ്രതിഷ്ഠിച്ച ഗോഷ്ഠിയിലെ അംഗങ്ങളുടെ പേരും ആലേഖനം ചെയ്തിരിക്കുന്നു.

രണ്ടാം ഭാഗം 21 വരി. ഇത് ആദ്യത്തേതിനോട് ചേർത്തതാണ്. ജൈനഗുരുക്കന്മാരും മറ്റും ക്ഷേത്രത്തിന് ചെയ്ത ദാനങ്ങളാണ്. മമ്മടൻ വരെയുള്ള വംശാവലി ആവർത്തിക്കുന്നു. ജൈനമതപ്രശസ്തി ഉണ്ട്. രാഷ്ട്രകൂടവംശത്തിലെ കൽപ്പതരുവായാണ് വിദഗ്ദ്ധരാജനെ പറയുന്നത്. വിദഗ്ദ്ധൻ ഗുരു ബലഭദ്രനുവേണ്ടിയാണ് ക്ഷേത്രം പണിതതെന്ന് പറയുന്നു.മമ്മടൻ വിദഗ്ദ്ധൻ കൊടുത്ത ഗ്രാന്റ് പുതുക്കിക്കൊടുത്തു. 8-17 ശ്ലോകം ഇതിനെ പറയുന്നു:- വിൽക്കാൻ കൊണ്ടുവരുന്ന ഓരോ 20 ചുമടിനും (പ്രവഹനം അഥവാ പോതം) ഒരു രൂപ. , ഗ്രാമത്തിൽനിന്ന് പോകുന്നതോ വരുന്നതോ ആയ ഓരോ വണ്ടിനിറയെ സാധനങ്ങൾക്കും 1 രൂപ, ഓരോ എണ്ണമില്ലിനും ഒരു ഗാഢക്ക് 1 കാർഷം, ഭട്ടന്മാർക്ക് 13 ചോള്ളിക വെറ്റില, ചൂതുകളിക്കാർക്ക് പെല്ലകപെല്ല

ക, ചക്രം വെച്ച കിണറിൽ (അരഘട്ട)
ഓരോന്നിന് 1 ആഢകം (4 സേർ) ഗോ
തമ്പോ ബാർലിയോ,പെദ്ദക്ക് 5 പലം,
ഓരോ ഭാരത്തിനും (2000 പലം) 1
വിംശോപാകം നാണ്യം, പഞ്ഞി, പരു
ത്തി, താമ്രം,കുങ്കുമം,ഗുഗ്ഗുലു മുതലായവ
ഓരോ ഭാരത്തിന് 10 പലം, 1 ദ്രോണം
ഗോതമ്പ്,ഉഴുന്ന്, ബാർലി, ഉപ്പ്, രാല,
മറ്റു അളക്കാവുന്ന വസ്തുക്കൾക്ക് 1
മാനകം. ഇതാണ് വിദഗ്ദ്ധൻ അനുവ
ദിച്ച ഗ്രാന്റ്. ഇതിലെ മൂന്നിൽ 2 ഭാഗ
മാണ് ആർഹാത്തിന്. (ജിനക്ഷേത്രം)
ബാക്കി വിദ്യാദാനമായി ബലഭദ്രനു
കൊടുത്തു. സംവത് 973 ആഷാഢം.
മമ്മടന്റെ പുനരുദ്ധാരണം സംവത് 996
മാഘകൃഷ്ണപക്ഷഏകാദശി. ഇതെല്ലാം
പർവ്വതങ്ങളും ഭൂമിയും സൂര്യനും ഭാര
തഖണ്ഡവും ഗംഗയും സരസ്വതിയും
നക്ഷത്രങ്ങളും പാതാളവും സമുദ്രങ്ങളും
ഉള്ള കാലം വരെ കേശവദേവസൂരിയും
അനന്തരാവകാശികളും (ആചന്ദ്രതാരം)
അനുഭവിക്കണമെന്ന് പറയുന്നു. സംഖ്യ
കളിലും കാലം എഴുതിയിട്ടുണ്ട്. സൂത്ര

ധാര ശാതയോഗേശ്വരനാണ് ലിഖിതം കൊത്തിവെച്ചത്.

സോമേശ്വരദേവന്റെ കുരുസ്പാൽശിലാലിഖിതം

ബസ്താർസംസ്ഥാനത്തിൽ കുരുസ്പാൽ ഗ്രാമത്തിൽ റായ് ബഹദൂർ ദിവാൻ ബൈജ്നാഥ് കണ്ടെത്തി. റൈ ബഹദൂർ ഹീരാലാലാണ് വായിച്ചിരിക്കുന്നത്. നാഗരിലിപി. സംസ്കൃതഭാഷ. 6ആം വരിവരെ വംശത്തിലെ ബിരുദങ്ങ ളാണ്. അത് ഗദ്യമാണ്. തെക്കൻശൈലി യിലാണ്. താഴെ പശു, ശിവലിംഗം,വാൾ, പരിച, സൂര്യൻ ഇവ ഉണ്ട്. ഇന്ദ്രനദി തെക്കും ആരംഗഗ്രാമം കിഴക്കും കാപാ ലികഗ്രാമം പടിഞ്ഞാറും അതിരിടുന്ന ഒരു ഗ്രാമം സോമേശ്വരൻ ദാനം ചെയ്യു ന്ന രേഖയാണ്. ഇത് നാരായൺപാൽ അഥവാ നാരായണപുരമാണ്. രാജാവ് നാഗവംശം കശ്യപഗോത്രമാണ്. പുലി ലാഞ്ഛന, നാഗം കൊടിയടയാളം, ചക്ര കൂടാധിപത്യം ലഭിച്ചത് വിന്ധ്യവാസിനി എന്ന ദേവിയുടെ പ്രസാദത്താലാണ്.

ചക്രകൂടം ബസ്തറിന്റെ തലസ്ഥാനത്തി
നടുത്താണ്. ധാരാവർഷന്റെ മകൻ കാ
ൻഹരദേവൻ അദ്ദേഹത്തിന്റെ പൌ
ത്രൻ. മഹാരാജാധിരാജാ പരമഭട്ടാരക
പരമേശ്വര സോമേശ്വരദേവ എന്ന്
പൂർണ്ണനാമം. . കാൻഹരദേവൻ ലിഖി
തമെഴുതുന്ന കാലത്ത് യുവരാജാവാണ്.
ചരിത്രപരമായി ഈ ലിഖിതം പ്രധാനമാ
കുന്നത് അക്കാലത്തെ ചില രാജാക്കന്മാ
രും അവരുടെ തലസ്ഥാനങ്ങളും പറയു
ന്നതുകൊണ്ടാണ്. ഉദ്ധ്ര, ലഞ്ചി, രത്നപു
രം,ലെംന, വെങ്കി, ഭദ്രപട്ടണം, വജ്ര
എന്നിവ സോമേശ്വരൻ പിടിച്ചടക്കി.
മധുരാന്തകനെ യുദ്ധത്തിൽ വധിച്ച്
നാരായണതുല്യനായി. സോമേശ്വരന്റെ
പരമ്പരാഗതനഗരമായ ചക്രകൂടം മധു
രാന്തകൻ കയ്യേറിയിരുന്നു (രാജപുരം
പ്ലേറ്റ്) അർജ്ജുനൻ ഖാണ്ഡവപ്രസ്ഥം
പോലെ വെങ്കി ദഹിപ്പിച്ചതാണ് മറ്റൊരു
കൃത്യം. ചക്രകൂടം ഗോദാവരിയുടെ
അക്കരെയുള്ള രാജാക്കന്മാർ (വെങ്കി)
പലവട്ടം ദഹിപ്പിച്ചതിനുള്ള പ്രതികാര
മാണ് ഇത്. വെങ്കി ഗോദാവരിക്കും
കൃഷ്ണക്കും ഇടയിലാണ്. അവിടെ

തന്റെ അച്ഛൻ ഭരിക്കാനേൽപ്പിച്ച വീര ചോഡനായിരുന്നു ലിഖിതകാലത്ത് രാജാവ്. വദ്രരാജ്യത്തെ വനം സോമേശ്വരൻ ദഹിപ്പിച്ചു. 11ആം ശ്ലോകം ദക്ഷിണകോസലദേശത്തെ 6 ലക്ഷത്തി96 ഗ്രാമം സോമേശ്വരൻ സ്വന്തമാക്കി എന്ന് പറയുന്നു. മഹാകോസലമാണ് ഇത്. ബേരാർ മുതൽ ഒറീസ വരേയും, അമരഖണ്ഡകം മുതൽ ബസ്തർ വരെയും വ്യാപിച്ച സ്ഥലമാണിത്. 1114 എഡിയിലെ ജജ്ജദേവലിഖിതം ഇത് ശരി വെക്കുന്നു. രത്തൻപൂരിൽ ഭരിക്കുന്ന ജജ്ജലദേവ വലിയ സൈന്യത്തെ നശിപ്പിച്ച് സോമേശ്വരനെ തോൽപ്പിച്ച് ദക്ഷിണകോസലം കീഴടക്കി. എഡി 1108ലെ ബാർസൂർ ലിഖിതകാലത്തും 1111 ലെ നാരായൺപാൽ ലിഖിതകാലത്തും സോമേശ്വരന്റെ മരണശേഷം ഭരിച്ച കാൻഹരദേവനാണ് ഭരിക്കുന്നത്. ഉഡ്ര ഒറീസ്സ. ലഞ്ചി ബാലാ ഘട്ടിലെ പ്രസിദ്ധസ്ഥലം, രത്നപുരം ദക്ഷിണകോസലത്തിലെ ഹൈഹയതലസ്ഥാനം, വെങ്കി ഗോദാവരീകൃഷ്ണാസമതലം. ലെംന ലവണ റായ്പൂരിന്റെ കിഴക്ക്ഭാഗം. വജ്ര തമിഴ് ലിഖിതങ്ങളിലെ വൈര

ഗ്രാമം. (ചിലപ്പതികാരത്തിലുണ്ട്. 110-140 എഡിക്ക് ഇടയിൽ രചിച്ചു. ചോള കരികാലൻ വജ്ര, മഗധ, അവന്തിരാജ്യങ്ങളുമായി സുഹൃദ്ബന്ധത്തിലാണെന്ന് ഈ കാവ്യം പറയുന്നു.)10, 11 നൂറ്റാണ്ടുകളിൽ വൈരഗ്രാമത്തിന്റെ പ്രാധാന്യം കുറഞ്ഞു. തമിഴു ലിഖിതങ്ങളിൽ എപ്പോഴും ചക്രക്കോട്ടത്തോട് ചേർന്നാണ് ഈ ഗ്രാമം പരാമർശിക്കപ്പെടുന്നത്. അക്ബറുടെ കാലത്തുപോലും വജ്രഗൃഹം വൈരഖനിയായിരുന്നു എന്ന് ഐനി അക്ബാരി സാക്ഷ്യം വഹിക്കുന്നു. അതിൽ പറയുന്നത്:- കല്ലം വളരെ പഴയ പ്രധാനനഗരമാണ്. അത് അവിടത്തെ മഹിഷ(എരുമ)ങ്ങൾക്ക് പ്രസിദ്ധമാണ്. ഗോണ്ടു വംശത്തലവനായ ബാബ്ജിയോ അഥവാ ചാന്ദ അവിടെ ഭരിക്കുന്നു. 1000 കുതിരപ്പടയും 40000 കാലാളും അദ്ദേഹത്തിനുണ്ട്. ബിരാഗാർഹ് എന്ന വജ്രഖനിയും ചിത്രപ്പണിയുള്ള തുണികളും അവയുടെ നെയ്ത്തും അദ്ദേഹത്തിന്റെ അധീനത്തിലാണ്.ചുറ്റും കാട്ടാനക്കൂട്ടമുണ്ട്. (അബുൾ ഫൈസി)

രാജേന്ദ്രചോള കുലോത്തുംഗ 1 നിരവധി കാട്ടാനക്കൂട്ടങ്ങളെ വൈരഗ്രാമത്തിൽനിന്ന് കൊണ്ടുപോയി എന്ന തിരുവൊറ്റിയൂർ ലിഖിതത്തിലെ പരാമർശം ഇതോട് തുലനം ചെയ്യുക. വൈരഗ്രാമത്തിൽ നിരവധി മാന രാജാക്കന്മാർ തലസ്ഥാനമായി ഭരിച്ച പാരമ്പര്യമുണ്ട്. മാന അഥവാ മാനി പഴയ ഒരു ട്രൈബൽ ഗ്രൂപ്പ് ആണ്. മാണിക്യഗൃഹത്തിൽ നിന്ന് വന്ന നാഗ വംശികളാണെന്നും ദുർഗ്ഗയെ മാണിക്യദേവി എന്ന നാമത്തിൽ ആരാധിക്കുന്ന വരാണെന്നും അവർ പറയുന്നു.

മുഗളന്മാർക്ക് മുമ്പുതന്നെ എഡി 1474ൽ ബാഹ്മണി സുൽത്താന്മാർക്ക് വൈരഖനിയെക്കുറിച്ച് അറിവു കിട്ടിയിരുന്നു. അവിടെ ഭരിച്ചിരുന്ന ജതക് രായരെ തോൽപ്പിച്ച് അത് സ്വന്തമാക്കാൻ അവർ അദിൽഖാനെ അയക്കുകയും അപ്രകാരം അത് സ്വന്തമാക്കുകയും ചെയ്തു. കേണൽ ലൂല സ്മിത്തിന്റെ ചാന്ദ സെറ്റിൽമെന്റ് റിപ്പോർട്ടിൽ, എഡി 870 ൽ അവിടെ ഗോണ്ടുകൾ പിടിച്ചതായും , അതിനു മുമ്പ് മാനരാജാക്കന്മാർ അവിടം ഭരിച്ചിരുന്നതായും എഴുതിയിട്ടുണ്ട്.

ചാന്ദ ഡിസ്ട്രിക്ട് ഗസറ്റർ , ഗോണ്ടുകൾ 13, 14 നൂറ്റാണ്ടുകളിലാണ് അവിടെ ഭരിക്കാനാരംഭിച്ചത്. അതുവരെ മാന രാജാക്കന്മാരാണ് എന്ന് പറയുന്നു. എലിയട്ടിന്റെ ബസ്തർ റിപ്പോർട്ട് (1861) ബസ്തർ രാജാക്കന്മാർ മാണിക്യേശ്വരിയെ ആരാധിക്കുന്നവരാണെന്നും ബസ്തറിലെത്തും മുമ്പ് ഇവർ ദേവിയെ ദന്തേശ്വരി എന്ന പേരിലാണ് ആരാധിച്ചിരുന്നതെന്നും പറയുന്നു. സോമേശ്വരൻ മാണിക്യദേവിയെ ആരാധിക്കുന്ന രാജവംശമാണ്. അത് നാഗവംശികളുടെ ദേവതയാണ്. ഗോണ്ട് ട്രൈബുകളുടെ ദേവതയായ ദന്തേശ്വരീനാമം അതിനോട് ചേർത്തതാണ്. ജജ്ജല്ലദേവകാലത്ത് (എഡി 1114) വൈരാംഗാറിലെ രാജാക്കന്മാർ ദക്ഷിണ കോസലത്തിലെ ഹൈഹയന്മാർക്ക് കപ്പം കൊടുക്കുന്നുണ്ട്.(രത്നപുരി ലിഖിതം)

ഭദ്രപട്ടണം ഭദ്രാവതിയാണ്. ഇപ്പോഴത്തെ ബണ്ഡക്ക് പഴയ ഭദ്രാവതിയാണ്. ഇത് വജ്രപട്ടണത്തിന് വളരെ അടുത്താണ്. 70 മൈൽ അപ്പുറമാണ്. മഹാകോസലത്തിന്റെ തലസ്ഥാനമായിരുന്ന ഇവിടെ ഹ്യുയാങ് സാങ് സന്ദർശിച്ചിട്ടുണ്ട്.

ഇന്ദ്രനദി ഇന്ദ്രാവതിയാണ്. കുരുസ്പാലി ൽനി ന്ന് 1 മൈൽ അപ്പുറം ചക്രകൂട ത്തിലൂടെ ഒഴുകുന്നു. ചിത്രകൂടം ആണ് ചക്രകൂടം. അത് ഭാദ്വാജവംശക്കാരായ നാഗങ്ങളുടെ സ്ഥാനമാണ്. രാമായണകാ ലം മുതലേ പ്രസിദ്ധവുമാണ്.

ഈ ലിഖിതം അവിടത്തെ താമസക്കാ ർക്ക് മാത്രമല്ല, നാനാദേശക്കാരായ പല വിധം തൊഴിലെടുക്കുന്നവര്ക്കും കൂടി ഉള്ള ദാനമാണ്. മദ്യം ഉണ്ടാക്കുന്നവരും എണ്ണക്കാരും, കുശവന്മാരും തോലിൽ പണി ചെയ്യുന്നവരും ചായം മുക്കു ന്നവരും ഗ്രന്ഥം തുന്നിക്കെട്ടുന്നവരും ചൂളയിൽ പണി ചെയ്യുന്നവരും ബ്രാഹ്മ ണരും എല്ലാ കമ്മാളന്മാരും ഇതിൽ ഭാഗഭാക്കാവുന്നു. (കലാത്തവാടി, തേലി വാടി, കു്ഞരവാടി, പരിയടവാടി, ചമാ രവാടി, ഛരപാവാടി, മോചിവാടി, കമ്മാ രവാടി, ഏവമാദികാനവണിഗ്വരാൻ ബ്രാ ഹ്മണാൻ ആദയ ദത്തവാൻ) ഇത്രയുംവണിക്കുകൾക്കും താമസക്കാ ർക്കും ബ്രാഹ്മണർക്കും കൂടിയാണ് ബ്രാ ഹ്മണരെ ഗ്രാമം ഏൽപ്പിക്കുന്നത്. ഇത്

പഴയ കാലത്തെ പതിവിനെ വ്യക്തമാ യി വരച്ചുകാട്ടുന്നു.

സോമേശ്വരകാലത്തെ ധാരണാദേവിയുടെ 2 കുരുസ്പാൽ ലിഖിതങ്ങൾ:

1 മൈൽ നാരായൺപാലിൽനിന്നും 22 മൈൽ ജഗദലപൂരിൽനിന്നും ദൂരമുള്ള കുരുസ്പാൽ ബസ്തർസംസ്ഥാനത്തിന്റെ തലസ്ഥാനമാണ്. നിറയെ തജീർണ്ണാവശിഷ്ട ങ്ങളും റാണിതാരൈ എന്ന തടാകവും ഇവിടെയുണ്ട്. ഒരു ലിഖിതം ഈ തടാ കത്തിലെ പടികളിലാണ്. വയലിൽ ഒരു കല്ലും കിട്ടി. തടാകത്തിനു മദ്ധ്യത്തിൽ ഒരു ക്ഷേത്രമുണ്ടായിരുന്നു. കാമേശ്വര ക്ഷേത്രം (ശിവ) ആണ്. രണ്ട് ലിഖിതവും കലംബത്തിനടുത്ത് ഭൂമി ദാനം ചെയ്ത രേഖയാണ്. സോമേശ്വരന്റെ പത്നി ധാര ണമഹാദേവിയാണ് ദാനം കൊടുക്കുന്ന ത്. നാരായൺപാൽ ഗുണ്ടമഹാദേവി ലിഖിതത്തിലും ഈ ദേവിയുടെ പേരു ണ്ട്. അതിലെ മഹാങ്കദേവദാസ മുതലായ പേരുകളും ഇതിലുണ്ട്. നാരായണപുര ത്തും തേമാരയിലും (കുരുസ്പാലി

നടുത്ത്) താമസിക്കുന്ന ചിലരുടെ പേരും ഉണ്ട്. നാരായൺപാൽ ലിഖിതം ശകം 1033ലാണ്. ഇതിന് അതിലും പഴക്കമുണ്ട്. മഹാ രാജാധിരാജാ സോമേശ്വരദേവകാലത്താണ്. തടാകത്തിലെ കല്ലിൽ സൌമ്യസംവത്സരം എന്ന് ഉണ്ട്. ഇത് ശകം 991 ആണ്. (എഡി 1069) സോമേശ്വരദേവ നാഗവംശീയനാണ്. സിന്ധവംശീയരുടെ ബസ്തർശാഖ രാജാക്കന്മാരുടെ ഭരണകാലത്തെ കുറിച്ച് ചരിത്രപരമായ ചില കാര്യങ്ങൾ ഈ ലിഖിതത്തിലുണ്ട്.

തടാകത്തിലെ സ്ലാബിൽ 26 വരി. മുകളിൽ ശിവ ലിംഗം, ഇടത്ത് വശം സൂര്യനും ചന്ദ്രനും, വലത്ത് ഒരു വരിയായി 5 വൃത്തം, (5 ഗ്രഹം) താഴെ പശു, വാൾ,പരിച, കഴുതയും പന്നിയും (പരസ്പരം പിൻതുടരുന്ന, ചിഹ്നം) വയലിലെ ലിഖിതം 16 വരി. അപൂർണ്ണമാണ്. മുകളിലെ ചിത്രങ്ങളില്ല. താഴെ ചിത്രമുണ്ട്.തടാകത്തിലെ ലിഖിതം ദാമോദരസൂത്രധാരനാണ് എഴുതിയത്. നാഗരി ലിപി.

ഭാഷ സംസ്കൃതം . ചില സ്ഥലത്ത് യ എന്നതിന് ജ എന്ന് ഉപയോഗിക്കുന്നു.

ഓം സ്വസ്തി!

സഹസ്രഫണമണികിരണനികരാവഭാസ്വര

നാഗവംശോത്ഭവ ഭോഗവതീപുരവരേശ്വ ര സവത്സവ്യാഘ്രലാഞ്ചന കാശ്യപഗോത്ര പ്രകടിതവിജയഘോഷ വിശ്വഭരേശ്വര പരമമഹേശ്വരപരമഭട്ടാരക മഹാമഹേ ശ്വരചരണകാഞ്ചകിഞ്ചൽക്കപുഞ്ജപിഞ്ജ രിത്തഭ്രമരായമാന. ശ്രീമദ് രാജഭൂഷണ മഹാരാജാധിരാജശ്രീ സോമേശ്വരദേവ പാദാനുകല്യാണവിജയരാജ്യേ സംവത് സൌമ്യെ . സ്വസ്തി!

ഗംഗാജലധൌതപരമപവിത്രീഗദേകമാതാ. ശ്രീമദ് സോമലമഹാദേവീ. ദ്വിതീയാ ധാരണമഹാദേവി . തസ്യ ധർമ്മ. കലംവ്വ സമീപസ്ഥ ഭൂമി ദത്തം. ദേവ നാമേശ്വരസ്യ അകരേണ സർവ്വവാധാ പരിഹാരേണ. പണ്ഡിത തത്താകടല മഹാനാക ദേവതായാ സമംകൃതാ ഭൂമി. ദേവസ്യ ദത്തം. ജസ്യ യസ്യ ജദാ ഭൂമി. തദാ തസ്യതദാ ഫലം. ഷഷ്ഠിം വരിഷ സഹസ്രാണി സ്വർഗ്ഗേ മോദന്തി ഭൂമിദ.

മഹാനഗപ്രഹദേ തേമരാധി ദത്ത. സാരിനായക ദത്തി. നായക പ്രഗിത കാമത്തി മോവനാരാണ ദോന്തയോ സമസ്ത ധർമ്മധിക വിസുവാ .കോരി ദേവകാമേശ്വരസ്യ ദത്ത ഗ്രാമനായക അതവന്നി മഹാപരിവ്രപണ്ഡിതസോമ സമത്തമന നായകഗയാധര സാധു മൈധര സാധു ആമദേവ ജിനഗ്രാമ സാധുസോമന സിധുദേവു സാധുസോമ സാധു സഹദേവ സിംഗ. മഹാജന ജനോജനിത സുകീനായക കാനമ ഉപരി....മഹ യുഗിദരപഏ്യകമാ. നാരായണപുരവാസികാ . ഭാമിക സാധുഭീമ സർഗ്ഗഗാവോം തസ്യ സുത. ദേദു ലിഖിതം ഹിസ്യാന്തി .....മധികാക്ഷര വാ സർവ്വാ പതിപന്ന മസു. മംഗളമഹാശ്രീ ജോ അന്യഥാ കരോതി. തസ്യ പിതാ ഗർദ്ദഭ സൂകരീ മാതാ. ഉത്കീരിതം സൂത്രധാരി ദാമോദര. പജ്യം രചിത തിക്കമ.

മഹേശ്വരപാദകമലപ്പൂവിലെ പരാഗം പുരണ്ട് മഞ്ഞനിറമായ ഭ്രമരം പോലെ എന്ന് രാജാവിനെ ശിവഭക്തനായി കാണിക്കുന്നു. സോമലാദേവി ഗംഗയിലെ

പുണ്യജലത്തിൽ കുളിച്ച് പാവനഗാത്രിയായി, രണ്ടാം ഭാര്യ ധാരണമഹാദേവിയുടെ ദാനത്തിന് സാക്ഷ്യം വഹിക്കുന്നുണ്ട്. നികുതികളില്ലാതെ കാമേശ്വരദേവന് കലംബത്തിനടുത്ത് ഗ്രാമം ദാനം ചെയ്തു. പണ്ഡിത തത്താകടല മഹാനാകനാണ് ദേവദായം സ്വീകരിച്ചത്.
തേമാരനഗരത്തിലെ സാക്ഷിപ്പട്ടികഃ-, , നായകദാത്തി, നായകപ്രഗീതാ കാമത്തി, മോവനരാണാ, ദോന്തയോ, വിസുവ, (ജില്ലയുടെ ന്യായാധിപൻ), കോരി, നായക അതാവന്നി, . മഹാപരിവ്രാജക പണ്ഡിതസോമ, സമത്തമന, നായക ഗയാധര, സാധു മൈധര, സാധു ആമദേവ, ജിനഗ്രാമസാധു സോമന, സാധുദേവ, സാധുസോമ, സാധുസഹദേവ, സിംഹമഹാജനം, ജനോജനിത, സുകിനായകകാനമ .

നാരായണപുരം നിവാസികളിലെ സാക്ഷികൾഃ- ഭാമികസാധുഭീമ , വിഘ്നബോയി, പലവബോയി, സേത്തി, മഹന്ത, ബ്രഹ്മൌഘസാധു, . ഭീമ സ്വർഗ്ഗസ്ഥനായതിനാൽ മകൻ ദേദു, എഴുതിയ ദാമോദരസൂത്രധാരൻ ഈ

ശാസനം പാലിക്കാത്തവരുടെ അച്ഛൻ കഴുതയും അമ്മ പന്നിയുമാണെന്ന് എഴുതിയിരിക്കുന്നു. ഈ അർത്ഥമാണ് ലിഖിതത്തിനു താഴെയുള്ള ചിത്രവും എന്ന് അനുമാനിക്കാം.

രണ്ടാം ലിഖിതം

ഗംഗാജലധൌതജഗദേകമാതാ റാണി ധാരണാമഹാദേവി ഭൂമി കൊടുക്കുന്നത് ദേവശ്രീ നാമേശ്വരന്നാണ്. സർവ്വബാധാ പരിഹാരത്തിനായി ദാനം ചെയ്യുന്നു.

ജയസിംഹദേവന്റെ സുനർപാൽ ശിലാലിഖിതം

ബസ്തരിൽ നാരായൺപാലിൽ നിന്ന് 10 മൈൽ അകലെ സുനർപാൽ. സുനർപാൽ എന്നത് സുവർണ്ണപുരം ആണ്. ലിഖിതത്തിനു മുകളിൽ പശുവും കുട്ടിയും വാളും പരിചയും ശിവലിംഗവും. സൂര്യചന്ദ്രന്മാരും ഉണ്ട്. നാഗരി ലിപി. ഭാഷ തെറ്റു നിറഞ്ഞ സംസ്കൃതം. ആധകാടമാണ് ദാനം ചെയ്ത ഗ്രാമം. രാജാധിരാജാ മഹാരാജാ ശ്രീജയസിംഹ

ദേവനെന്ന നാഗവംശി. കശ്യപഗോത്ര ഭോഗവതീവരപുരേശ്വരന്റെ രാജ്ഞിയാണ് ദാനം ചെയ്യുന്നത്. പഞ്ചപ്രധാനന്മാരെ പറയുന്നുണ്ട്. (വരി 11) കിഴക്കൻ ചാലൂക്യരേഖകളിൽ രാജാവ് ദാനം ചെയ്യുന്നത് മന്ത്രി, പുരോഹിത,സേനാപ തി,യുവരാജാ, ദ്വാരപാലക ഇവരുടെ സാന്നിദ്ധ്യത്തിലാണ്. (ഉദാഃ വീര ചോഡ ന്റെ ചെല്ലൂർ, പിത്താപുരം പ്ലേറ്റുകൾ) നാഗവംശീയരാജാക്കന്മാരുടെ ലാഞ്ചന പുലിയും കുട്ടിയുമാണ്. ലോകമഹാദേ വി, ശാസനാ ദേവിയായ സോമലാദേവി, 5 പ്രധാനികൾ, ഇവരും സാക്ഷികളായി ഉണ്ട്. പശുഘ്ലാതകനോ ഗുരുതല്പ്പം അശുദ്ധമാക്കുന്നവനോ പാപപരിഹാര മില്ല. അതുപോലെ ദാനം കൊടുത്ത ഭൂമി അപഹരിക്കുന്നവനോ നശിപ്പിക്കു ന്നവനോ പാപപരിഹാരം ഇല്ല. ജലര ഹിതമായ മരുഭൂമികളിൽ കരിനാഗങ്ങ ളായി അവർ ജനിക്കും. , രാമാ, ഇത് പുല്യമനായകനാൽ എഴുതപ്പെട്ടു. . (യാജ്ഞവൽക്യസ്മൃതിയിലെ ഉദ്ധരണി

യിൽ മകളെയും അച്ഛന്റെയും അമ്മ യുടേയും സഹോദരിയേയും അമ്മാമന്റെ പത്നിയേയും സഹോദരി.അച്ഛന്റെ പത്നി-രണ്ടാനമ്മ- ഇവരേയും പ്രാപിക്കു ന്നവർക്കും ഇതാണ് ഗതി.)

സോമേശ്വരദേവന്റെ കുരുസ്പാൽലിഖിതം ശകം 1019

147 സ്റ്റെപ്പ് വെല്ലുകളും അത്ര തന്നെ തടാകങ്ങളും നിരവധി ജീർണ്ണിച്ച അവ ശിഷ്ടങ്ങളുമുള്ള സ്ഥലമാണ് കുരുസ്പാ ലും ബസ്തറും. ചോര്യാതാരൈ എന്ന തടാകക്കരയിലാണ് ഈ ലിഖിതം കിട്ടി യത്. നാഗവംശി സോമേശ്വരദേവ കാല മാണ്. നാഗരി ലിപി. സംസ്കൃതം ഭാഷ. ഗ്രാമത്തിലെ ജനം ലോകേശ്വരന് ദീപം സമർപ്പിച്ച രേഖയാണ്. ഇതിനായി അവർ 11 ഗഡ്യാണകം സ്വരുക്കൂട്ടി. ശകം 1019 നാഗവംശീയനായ ഭോരപുരി പുരേശ്വരൻ സോമേശ്വരദേവന്റെ വിജയ കാലത്ത് ,10 ദിശയിലും വിജയപ്പെരുമ്പ റനാദം മുഴങ്ങവേ, ഈ ദാനം നടന്നു. പശുവും പുലിയും ലാഞ്ഛനയായ,

ഛരിന്ദവംശത്തിന്റെ (സിന്ധ)സൂര്യനും താമ രയുമാണ് സോമേശ്വരൻ. മഹേശ്വരപാദ കമലത്തിലെ മഞ്ഞപ്പൂമ്പോടി പൂശിയ ഭ്രമരമാണ്. രാഷ്ട്രതന്ത്രജ്ഞനും സകല ലോകാശ്രയവും ധനുർവ്വിദ്യയിൽ അർജ്ജുനനും രാജരാജനും കാമദേവ തുല്യം സുന്ദരനും ശത്രുക്കളോട് പ്രതിഗന്ധഭൈരവനും രാജാക്കന്മാർക്കിട യിലെ പുരൂരവസ്സും ആനന്ദത്തിൽ ദേവ നും ധൈര്യത്തിൽ നാരായണനും സത്യ ത്തിൽ ഹരിശ്ചന്ദ്രനും വികാരങ്ങളെ അട ക്കുന്നതിൽ മഹാദേവനും ഐശ്വര്യത്തി ൽ ഇന്ദ്രനുമാണ്. സ്വന്തം ഭുജബലത്താൽ സാമ്രാജ്യം നേടിയവനാണ്. രാജപുര പ്ലേറ്റിലെ മധുരാന്തകദേവന്റെ ബിരുദാ വലി ഇദ്ദേഹത്തിനുമുണ്ട്. മധുരാന്തകനെ സോമേശ്വരനാണ് യുദ്ധത്തിൽ വധിച്ചത്. ഇവരിരുവരും ഒരേ വംശമാണ്. (ബന്ധു ക്കളാണ്) ഇവരുടെ തെലുഗുലിഖിതങ്ങൾ ചർച്ച ചെയ്യും മുമ്പ് ഇക്കാര്യം ചർച്ച ചെയ്യേണ്ടതുണ്ട്.

തിഥി സപ്തമി, നക്ഷത്രം സ്വാതി. ശനി യാഴ്ച, മാസവും പക്ഷവും നഷ്ടമായിരി ക്കുന്നു.ശകം 1019 ഈശ്വരസംവത്സരം എഡി 1097 ജൂലൈ 18. ശ്രാവണം ശുക്ല പക്ഷത്തിലാണ് ഈ കാര്യമെല്ലാം ഒത്തുവന്ന തിയ്യതി.

ശകം 1246ലെ തേമര സതിക്കല്ല് ലിഖിതം.

കുരുസ്പാലിനടുത്ത് ഉള്ള ഗ്രാമം. ശകം 1249 ഹരിശ്ചന്ദ്രദേവകാലത്ത് ചക്രകോട്ട രാഷ്ട്രത്തിലെ സൈരഹരാജ്യരാജ്യത്ത് തേമരസ്ഥാനത്ത് ഭർത്താവിന്റെ മരണം കാരണം മാണിക്യദേവി സതി അനു ഷ്ഠിച്ചു. എഡി 1324 ആണ് ശകം 1249. അക്കാലത്ത് ബസ്തർ ചക്രക്കോട്ടമായി അറിയുന്നുണ്ട്. ഛന്ദ(സിന്ധ)നാഗവംശം തന്നെയാവാം ഹരിശ്ചന്ദ്രനും.

സ്വസ്തിശ്രീ ചക്രകോട്ടരാഷ്ട്രേ ശ്രീസൈര ഹരാജരാജ്യേ തേമരാസ്ഥാനേ മഹാഗോ ഷ്ഠസമാവാസ ശ്രീകലാങ്കാം നാരായണ പ്രേക്ഷിതസത്യവക്താ സത്യഗുരുരാജശ്രീ ഹരിശ്ചന്ദ്രദേവരാജ്യേ ശകേ 1246

രക്താക്ഷിസംവത്സരേ ചൈത്ര സുദി 12 ശനൌ ശ്രീഹരിശ്ചന്ദ്രദേവആദേശകാരി ആമനസ്വർഗ്ഗലോകേ ഗതേ തത് സഖി സതി ശ്രീ മാണിക്യദേവീ അഗ്നൌ പ്രവിശ്യ
കൽപ്പാന്തം.............രവിലോകാ..............

നാഗവംശിരാജാവ് നരസിംഹദേവന്റെ 2 ലിഖി തങ്ങൾ

1897ൽ റാവുബഹാദൂർ ഹീരാലാൽ ദന്തേവാരയിലെ ദന്തേശ്വരീക്ഷേത്രം സന്ദർശിച്ചു. നാലു വശവും മുഖം കൊത്തിയ ശിലാസ്തംഭം അവിടെ അജബലി നടക്കുന്ന സ്ഥലത്ത് അദ്ദേഹം കണ്ടു. അത് യൂപമായി ഉപയോഗിച്ചിരു ന്നു. അതിലെ ലിഖിതം എന്താണെന്ന് അവിടത്തെ പുരോഹിതന്മാർക്ക് അറി വുണ്ടായിരുന്നില്ല. 2 മുഖത്തെ ലിഖിതം നഷ്ടപ്പെട്ടിരുന്നു. 43 വരി. കൂടാതെ 7 വരി. ആകെ 50 വരി. ആദ്യമുഖത്തിൽ മുകളിൽ സൂര്യചന്ദ്രന്മാർ. ഇന്ദ്രാവതിയു ടെ തെക്കുള്ള ദന്തേവാരാ നാഗരി, തെലുഗു ലിപികളുടെ അതിർത്തിസ്ഥാനം

കൂടിയാണ്. ഇതിലെ ഭാഷ തെലുഗു ആണ്. ശകം 1147 ജ്യേഷ്ഠമാസം കൃഷ്ണപക്ഷദശമി ജഗദേകഭൂഷണമഹാ രാജാ നരസിംഹദേവൻ കൊടുത്ത ദാന മാണ് . എഡി 1224 ജൂൺ 13 ആണ് ഇത്. ശ്രീമൻനരസിംഹ ദേവമഹീരാജുല രാജ്യ എന്നത് കൃത്യമായി രാജനാമം പറയുന്നു.

മറ്റേ ലിഖിതം ജതൻപാലിൽ (40 മൈൽ ദന്തേവാര നിന്ന് ദൂരം) ഇന്ദ്രാവതിക്ക് വടക്ക് നാഗരി ലിപിയിലാണ്. 18 വരി. 16-17 വരികളുടെ ഇടക്ക് പന്നിയെ പിൻതുടരുന്ന കഴുതയുടെ ചിത്രമുണ്ട്. ലിഖിതത്തിനു മുകളിൽ 7 ചെറിയ വൃത്തം , സൂര്യചന്ദ്രന്മാർ ഇവ കാണാം. (ഗ്രഹങ്ങൾ) ഭാഷ സംസ്കൃതഗദ്യം. കാമ നായകൻ രാഹിലപാണ്ഡേക്ക് കൊടുത്ത ദാനം. മഹാരാജാ നരസിംഹദേവന്റെ കീഴിലുള്ള സോമരാജനെന്ന മുഖ്യന്റെ കീഴിലാണ് കാമനായകൻ ജോലി ചെയ്യു ന്നത്. രാജാവിന്റെ പേരിനു മുമ്പ് അമ്മ ഗംഗാദേവിയുടെ പേരുണ്ട്. എഡി 1218

ആണ് പറയപ്പെട്ട ശകവർഷം.അന്ന് ജ്യേഷ്ഠമാസത്തിൽ സൂര്യഗ്രഹണ മുണ്ടായിട്ടുണ്ട്. നരസിംഹദേവനും നാഗവംശിയാണ്. വേറെയും ചില ലിഖിതങ്ങൾ ഇദ്ദേഹത്തിന്റേതായി ബസ്തറിൽനിന്ന് കിട്ടിയിട്ടുണ്ട്.

സ്വസ്തിശ്രീമതുസമസ്തപ്രശസ്തസഹിതം ശ്രീമജ്ജഗദേകഭൂഷണമഹാരാജുലൈന ശ്രീമൻനരസിംഹദേവമഹാരാജുലരാജ്യാ ഭിവൃദ്ധി പ്രവർദ്ധമാനമുഗനാചന്ദ്രാർക്ക മുഗാ

സ്വസ്തിശാകവരുഷംബുലു114(7)മ്താവു മേംതി ജ്യേഷ്ഠമാസമുന ബഹുലദശമി ക...................കും......ദവ.......ദേവി.....ന നധ്ല.....ഗാമ.....ലിഅംദ്യ......മ്ദു പോട.....മരുദീപ....മുനകു.....
....അഖ................ഇത ......തംന്ത്രി......ന തമ്മു.....,,ടകുന ചന്ദാർക്ക....ദപംഗ.....ദീനികി...ലുമം....കു ണ്ടുപടി,.......തിനായകുണ്ടു....ദപനായകും... ..ദു മതപുടി.....സേനബോധവ രേ

....നംദു....മു പെടിച്ചിനാം....ധർമ്മമു ഏ............വാരുനൂറു.......പി നൂറു...

വളരെ അപൂർണ്ണം. എങ്കിലും കാലം, രാജനാമം, ഇവ ഉണ്ട്. സൂക്ഷിച്ചുനോക്കിയാൽ മരുദീപം (മരുദ്വീപം) എന്ന ഒരു വാക്കും കാണാം. (മരുദേശം എന്നത് വളരെ പഴയ ഒരു സ്ഥലമാണ്. ഇതിനെ കേരളത്തിലെ തൃക്കാരിയൂർ ലിഖിതകാലത്ത് പരാമർശിക്കുന്നുണ്ട്.)

ജതൻപാലിലെ ലിഖിതം- സ്വസ്തിശ്രീ മഹാരാജാ നരസിംഹദേവ രാവ ഗംഗാദേവിമാതാ മംദലിക സോമരാജാ കാമനായക ദത്താ ഭൂമി രാഹിലപാംന്തേ പ്രതിഗ്രാഹി. മേദനിപാംന്തേ ദേവനായക ജാമു സാഹു. ഗീകസേത്തി സോമൈ ഏതേ പാലകഃ വ്രഹ്മവധ ഗോവ പിത്രിവധ വാലഘാതക ഏതത് പാപേഷു ലിപ്യതേ. അസ്യ ഭൂമീ പ്രലോപയേ സ്വദത്ത ച പരദത്ത ച വാ ജോ ഹർത്തോ വസുംധരാ ഷഷ്ഠി വരുഷസഹസ്രാ ണി നരകേ ജായതേ ക്രിമി ശാകേന 1140 ജസ്യ ഭൂമി

പ്രലോപയതി തസ്യ ഗർദ്ദഭ വാബപ സൂകരീ മായി.

ഇവിടെ രാജനാമം, അമ്മ ഗംഗാദേവി, മാണ്ഡലിക സോമരാജാ, കാമനായക നെന്ന സേനാപതി ഇവരുടെ നാമമുണ്ട്. ഇവരുടെ സാന്നിദ്ധ്യത്തിലാണ് (ഇവരാണ്) ഭൂമി കൊടുക്കുന്നത്. വാങ്ങുന്നവർ രാഹിലപാണ്ഡേ, മേദനി പാണ്ഡേ , ദേവ നായക, ജമ്മു സാഹു, ഗീകസേത്തി, സോമൈ. ദാനം സംരക്ഷിക്കേണ്ട ചുമതല അവർക്കാണ്.

(ജമ്മുസാഹി എന്ന് കാശ്മീരിലെ സാഹിവംശത്തെയാണോ പറയുന്നത് എന്ന് അറിയില്ല. ആകാനുള്ള സാദ്ധ്യത ഉണ്ട്.) ബ്രാഹ്മണഹത്യ, ഗോഹത്യ,പിതൃ ഹത്യ, ശിശുഹത്യ, ഇവ ചെയ്യുന്നവരെപ്പോലെ ഈ ഭൂമി നശിപ്പിക്കുന്നവരും നരകത്തിൽ 6000 വർഷം കൃമിയായി കിടക്കും. ശകം 1140. ഇത് അനുസരിക്കാത്തവന്റെ അമ്മ സൂകരിയും (പന്നി) അഛൻ കഴുതയുമാണ്. (സങ്കരജീവി). ഇപ്രകാരം ലിഖിതാവസാനം.

സിംഹവർമ്മന്റെ അമരാവതി സ്തംഭലിഖിതം

1890ൽ പ്രൊ ഹുൾട്ട്സ് പ്രസിദ്ധീകരിച്ചു. അതിലെ ആദ്യശ്ലോകം അദ്ദേഹം തന്നെ അൽപ്പം മാറ്റത്തോടെ പുനപ്രസിദ്ധീകരിക്കുന്നതാണ് ഈ കുറിപ്പ്. ആ ശ്ലോകം ബാണന്റെ കാദംബരിയിലെ ആദ്യശ്ലോകമാണെന്ന് സുഹൃത്ത് ചൂണ്ടിക്കാണിച്ചു. പല്ലവരാജാവ് സിംഹവർമ്മന്റെ ലിഖിതമാണ്. തെലുഗുകന്നഡലിപിയുടെ പരിണാമകാലമാണ്. (ഡോ ബർണ്ണൽ) ബർണ്ണൽ ച,ധ,ഭ,സ എന്നീ 4 അക്ഷരങ്ങളുടെ സാമ്യം കാണിച്ചുകൊടുത്തു. അതിനെ തുടർന്ന് ഹുൾട്സ് തെലുഗുദേശത്തെ താഴെ പറയുന്ന ലിഖിതങ്ങളെ വീണ്ടും പരിശോധിച്ചു.

1. മയിലപ്പൂണ്ടി ഗ്രാന്റ് അമ്മരാജാ 2 (വാള്യം 9. എഡി 945 നു ശേഷം
2. രണസ്തിപൂണ്ടി ഗ്രാന്റ് വിമലാദിത്യ വാള്യം 6 എഡി 1018-19

3.കോരുമല്ലി പ്ലേറ്റ് രാജരാജാ 1. വാള്യം 14 ഇന്ത്യൻ ആന്റികചറി എഡി 1022 നുശേഷം
4.തേക്കി പ്ലേറ്റ് ചോഡഗംഗ വാള്യം 6 എഡി 1086-87
5.പിത്താപുരം പ്ലേറ്റ് വീരചോഡ വാള്യം 6 എഡി 1092-93
6.ചെബ്രോലു ലിഖിതം വിക്രമചോള വാള്യം 6 എഡി 1127
7.ചെല്ലൂർ പ്ലേറ്റ് കുലോത്തുംഗ 2. ഇന്ത്യൻ ആന്റികചറി വാള്യം 14 എഡി 1143

ആദ്യത്തേതിൽ 4 അക്ഷരവും പഴയ ലിപിയാണ്. ധ പുതിയ രൂപത്തിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്നത് രണ്ടാം ലിഖിതത്തിലാണ്.ച, ഭ ഇവ മൂന്നാം ലിഖിതത്തിലാണ്. തെലുഗു സ 4-7 വരെ യുള്ള ലിഖിതത്തിലും അമരാവതി സ്തം ഭലിഖിതത്തിലുമുണ്ട്. അതിനാൽ ഈ സ്തംഭലിഖിതം മൂന്നിനുശേഷം വരേണ്ട താണ് എന്ന് ഹുൾട്ട്സ് വിചാരിക്കുന്നു. അമരാവതി സ്തംഭലിഖിതത്തിന്റെ

കാലനിർണ്ണയം ഹ എന്ന അക്ഷരം കൂടി പരിശോധിച്ചാൽ കുറെക്കൂടി എളുപ്പ മാവും എന്നദ്ദേഹം കരുതുന്നു. 1-5 വരെയുള്ള ലിഖിതങ്ങളിലും അമരാവതി സ്തംഭത്തിലും അതിന്റെ വലത്തുഭാഗ ത്തെ വളവ് രേഖക്ക് താഴെ വരെ ഉണ്ട്. 6ലും 7ലും വളരെ കുറച്ചേ താഴേക്ക് ഉള്ളു. (ഇടത്തേ വളവിനേക്കാൾ). അതി ന് തെലുഗു ഹ യുടെ ആകൃതി ഉണ്ട്. 4-5 ഇവ അമരാവതി സ്തംഭലിഖിതത്തി ലെ ലിപിയോട് കൂടുതൽ സാമ്യം ഉണ്ട്. അതിനാൽ അവ 3, 6 ഇവക്ക് മുമ്പ് എഡി 1100ൽ ആവണം.

38-47 എന്നീ വരികളിൽ ധാന്യഘടമെന്ന നഗരത്തെ പറയുന്നു. ഇത് ധാന്യഘടക മാണ്. ശിവക്കന്തവർമ്മന്റെ കാലത്തു തന്നെ കാഞ്ചിപല്ലവസാമ്രാജ്യത്തിൽ ഈ നഗരം ഉണ്ട്. (ധാന്യം നിറച്ച ഘടം അഥ വാ കുടം ആണ് ധാന്യഘടം. നെല്ലറ എന്ന് പറയുന്നപോലെ)

പരമാർദ്ദിദേവന്റെ പച്ചർ പ്ലേറ്റ് വിത്രമസംവത് 1233

ഝാൻസിനിന്ന് 12 മൈൽ വടക്കുകിഴക്ക് ആണ് പച്ചർ ഗ്രാമം. ഗണേഷ് ഝൂ തന്റെ വീടിന്റെ സ്ഥാനം കുഴിക്കുമ്പോളാണ് താമ്രപത്രം കിട്ടിയത്. കാളിയുടെ മകൻ ബിന്ദ്രബൻ എന്ന ബ്രാഹ്മണൻ (സമീന്ദാർ) അത് സൂക്ഷിച്ചു. അദ്ദേഹം ഗവർമ്മേണ്ടിന് കൈമാറി. ലക്നൌ പ്രോവിൻഷ്യൽ മ്യൂസിയത്തിലുണ്ട്. ഒരു പ്ലേറ്റ്. മുകളിലായി ആദ്യത്തെ 4 വരിയുടെ നടുക്ക് ചതുർബ്ബാഹുവായ ദേവി ഇരുവശവും ആനകളുമായി ഇരിക്കുന്നു. (ഗജലക്ഷ്മി) ബാന്ദ പ്ലേറ്റിലും (മദനവർമ്മദേവ), ഇച്ചാവാർ പ്ലേറ്റിലും (പരമാർദ്ദിദേവ) സെംറ പ്ലേറ്റിലും (പരമാർദ്ദിദേവ) ഇതേ രൂപമുണ്ട്. സെംറ പ്ലേറ്റിൽ ദേവി താമരപ്പൂവിലാണ് ഇരിക്കുന്നത്. കാടക് രാജാ മഹാഭവഗുപ്ത1, അരംഗ് താമ്ര പത്രം (മഹാ ജയരാജ റൈപൂർ പ്ലേറ്റ് (മഹാസുദേവ രാജാ) ഇവയിലും ഇതേ രൂപം കാണാം. വടക്കും തെക്കും ഭാരതത്തിൽ ഗജല

ക്ഷ്മി വളരെ പോപ്പുലറായിരുന്നു. നാഗരി ലിപി. സംസ്കൃതം ഭാഷ. ചന്ദ്രാത്രേയരായ ചന്ദേലവംശത്തിന്റെ ലിഖിതമാണ്. ബന്ധജില്ലയിലെ ബന്ധേൽഖണ്ടിൽ കാലഞ്ജരപർവ്വതത്തിലെ രാജാക്കന്മാരായിരുന്നു ഇവർ. കേരള ചരിത്രത്തിലും ഇവരിലെ ഉദയനരാജാ കേരളരാജപുത്രിയായ വാസവദത്തയെ വിവാഹം ചെയ്ത് ജനിച്ച നരവാഹന ദത്തനെന്ന വിദ്യാധരരാജാവ് (സോമവംശി, പാണ്ഡുവംശി) ഭരിച്ചിട്ടുണ്ട്. യമുനക്കും നർമ്മദക്കും ഇടയിലുള്ള ജേജ്ജകഭുക്തി എന്ന ഭൂഭാഗം ചന്ദ്രാത്രേയരാണ് ഭരിച്ചിരുന്നത്. ജയശക്തി (ജെജ്ജ) എന്ന ആദ്യകാലത്തെ രാജാവിനു ശേഷമാണ് ഈ പേരു വന്നത്. ബുന്ദേൽഖണ്ഡിന്റെ പഴയ പേരും ഇതായിരുന്നു. ഇതുപോലെ തീർഹുത്തിന്റെ പഴയ പേര് തീരഭുക്തി എന്നായിരുന്നു.

ലിഖിതാരംഭം ചന്ദ്രാത്രേയവംശത്തേയും ജയശക്തി, വിജയശക്തി എന്നീ രാജാക്കന്മാരേയും പ്രശംസിച്ചുകൊണ്ടാണ്.

പരമഭട്ടാരക മഹാരാജാധിരാജാ പരമേ ശ്വര പരമാർദ്ദിദേവ മഹേശ്വരഭക്തനും ശ്രീമദനവർമ്മദേവന്റെ പദാനുധ്യായി യും ആണ്. വിലാസപുരത്ത് കരിഗാവ വിഷയത്തിലെ ലൌവ്വ ഗ്രാമം അദ്ദേഹം ദാനം ചെയ്തു. സംവത് 1233 കാർത്തി കമാസകൃഷ്ണ പക്ഷത്തിലെ അഷ്ടമി ബുധനാഴ്ച കാശ്യപഗോത്രത്തിലെ വാജസനേയശാഖയിലെ ത്രിപ്രവരം (കാശ്യപ, ആവത്സാര,നൈധ്രുവ) പണ്ഡി ത കേശവശർമ്മനെന്ന ബ്രാഹ്മണനാണ് ദാനം കൊടുത്തത്. അദ്ദേഹം മുത്തൌഷ എന്ന ഭട്ടാഗ്രഹാരത്തിൽനിന്ന് വന്നവനാ ണ്. ദ്വിവേദി തിക്കവെപുത്രനും രാതി ഹുനപാലപൌത്രനും ചൌവലഹവാപ്ര പൌത്രനുമാണ്. വാസ്തവ്യവംശത്തിലെ ശുഭാനന്ദനാണ് എഴുതിയത്. രാജപാല പുത്രനായ പാൽഹണനെന്ന വൈദഗ്ദ്ധോ വിശ്വകർമ്മൻ കൊത്തിവെച്ചു.

കാലചുരി , ചാന്ദേല, കാനൂജ് രാജാക്ക ന്മാരെല്ലാം പരസ്പരം ബന്ധപ്പെട്ടവരും ചന്ദ്രവംശജരും ആത്രേയരുമാണ്. ഇതേ

വംശമാണ് കേരളത്തിലെ മൂഷകവംശ വും (യാദവഹൈഹയ) . പാണ്ഡ്യവംശ വും ഇവരുടെ ശാഖയാണ്. ചോളന്മാർ മാത്രമാണ് സൂര്യവംശം എങ്കിലും അവ രും വിവാഹം കഴിക്കുന്നത് ചന്ദ്രവംശി കളെയാകയാൽ പുരുഷപ്രജകൾ ഇരുരാ ജ്യത്തും ചക്രവർത്തിയാകാനുള്ള അർഹത ഉള്ളവരാണ്. എഡി 1167-1201 വരെ പരമാർദ്ദിദേവന്റെ ലിഖി തങ്ങൾ കിൽബേൺ പഠനവിധേയമാ ക്കിയിട്ടുണ്ട്. ജെജ്ജഭുക്തിയിലെ പരമാ ർദ്ദിദേവൻ ചാഹുമാന പൃഥ്വീരാജനാൽ എഡി 1182ൽ പരാജിതനായി. എഡി 1203 ഏപ്രിൽ 27ന് കലിഞ്ജർ കോട്ട കുത്തുബ് ഉദീൻ ഐബക്കിന് കീഴടങ്ങി. കലിഞ്ജർ ലിഖിതങ്ങളിൽനിന്ന് പരമാ ർദ്ദിദേവൻ നല്ല കവിയായിരുന്നു എന്ന് മനസ്സിലാക്കാം. അദ്ദേഹം പുരാരിയായ ശിവന് ഭക്തിപൂർവ്വം കവിതകൾ സമർപ്പിച്ചിരുന്നു.

ലൌവ്വ ഗ്രാമം പച്ചറിൽനിന്ന് 3 മൈ ൽപടിഞ്ഞാറ് ഇപ്പോൾ ലേവ എന്നു വിളിക്കുന്നതാണ്. ഝാൻസിക്കടുത്ത് കർഗവാനെന്ന് വിളിക്കുന്ന നിരവധി

ഗ്രാമങ്ങളുണ്ട്. . ഇതിൽ പ്രധാനം പച്ച റിന് 9 മൈൽ വടക്കുകിഴക്കും ചിർഗാ നോനിന് 5മൈൽ വടക്കുകിഴക്കും ആണ്. 4-5 തലമുറ മുമ്പ് പച്ചറിനെ വിലാസ്പൂ രെന്നാണ് പറഞ്ഞിരുന്നത്. അവിടെ ഛന്ദേല നിർമ്മിതികളുണ്ട്. ചെറിയതും 8 അടി സമചതുരവും ആയ സാധാരണ ഛന്ദേല ശൈലിയിലുള്ള ക്ഷേത്രം ഇതിൽ പ്രധാനമാണ്. ഗ്രാമമദ്ധ്യത്തിൽ 10 അടി ഇപ്പോളത്തെ ഭൂനിരപ്പിൽനിന്ന് താഴെയാ ണ് ഇത്. വളരെ ലളിതമായ ചന്ദേലശൈ ലിയിലുള്ള ചതുരശിലകളും കരിങ്കല്ലു തൂണുകളും ഉണ്ട്. ഇറങ്ങാനുള്ള പടിക ളുണ്ട്. ഭൂമി ഇടിയാതിരിക്കാൻ ചുറ്റും ഇഷ്ടികമതിലുണ്ട്.

വിലാസപുരത്തുനിന്ന് പുറപ്പെടുവിച്ച പരമാദിദേവന്റെ ഇച്ഛവാര പ്ലേറ്റു കിട്ടിയിട്ടുണ്ട്. അത് സംവത് 1228 എഡി 1171ലെയാണ്. രാജപാലപുത്രൻ പൽഹാ നയാണ് കൊത്തിയത്. ഈ രണ്ടും ഒരേ സ്ഥലത്തുനിന്നാവണം പുറപ്പെടുവിച്ചത്. ഏഴര ദ്രോണം വിത്തുവിതക്കാവുന്ന നിലമാണ് ദാനം ചെയ്തത്. വാപഗത്യാ കോരഢേ സാർദ്ധ ദ്രോണസപ്തപരി

കലിതാ പ്രസ്ഥപ്രത്യേക ബാധവ്യവസ്ഥ യാ. ദശഹലാവചരിന്നാ ഭൂമിഃ എന്ന് 8ആം വരിയിലുണ്ട് ലൌവ്വയിൽ ബാവോലി (വലിയ കിണർ) ചതുരക്ക ല്ലുകളാൽ ചുറ്റപ്പെട്ട് കാണുന്നു അടുത്ത് ചാന്ദേലനിർമ്മിതിയുടെ കരിങ്കല്ലും സതി ക്കല്ലുമുണ്ട്. കാർഗവാനിലും പഴയ മറാ ത്തകോട്ടച്ചുമരിൽ ഒരു ചന്ദേലകരിങ്കല്ലു ശില അന്നത്തെ ശിൽപ്പങ്ങളോടെ കാണു ന്നു. അവിടെയും വലിയ ചന്ദേല ഇഷ്ടി കകൊണ്ട് കെട്ടിയ വലിയ കിണറുണ്ട്. ഓർച്ഛസംസ്ഥാനത്തിൽ ഝാൻസിജില്ലയി ൽമൌ രാണിപ്പൂരിൽനിന്ന് 20 മൈൽ തെക്ക് ജതാരയിലെ ബൈരാഗി പല്ലവ ദാസ് ഇതുപോലെ 40-50 ക്ഷേത്രങ്ങളു ണ്ടായിരുന്നതായി (50 വർഷം മുമ്പുവ രെ) വിവരം കൊടുത്തതായി ഝാൻസി കളക്ടർ പറഞ്ഞു. ഇപ്പോളുള്ള ക്ഷേത്ര ത്തിന്റെ കിഴക്ക് 2, വടക്ക് 1, ഉണ്ടായിരു ന്നു. ഈ ക്ഷേത്രങ്ങളെല്ലാം മണ്ണിനടിയി ലായി. വലിയ കിണറിനടുത്ത് ഒരു അണ ഉണ്ടായിരുന്നതായി പല്ലവദാസ് പറഞ്ഞത് കുഴിച്ചെടുത്തു. ഇത് ഗ്രാമ ത്തിന് 5 ഫർലോങ്ങ് കിഴക്കാണ്. വലിയ

ഇഷ്ടിക താഴെ പാകിയതാണ്. സെംര പ്ലേറ്റിന്റെ ലിപികളെ പല്ലവ എന്ന് പറയുന്നു. (പൽഹറ)

സംവത് 1190ലെ മദനവർമ്മദേവലിഖിതം ദലദശംഗേപി ഹല 10 സത്കഭൂമിര്യത്ര വൌഗേ കോരദേ ദ്രോണസാർദ്ധപ്രസ്ഥ ...ദത്തേതി എന്ന് പറയുന്നു. വാപഗത്യാ എന്നതിന്റെ പ്രാകൃതരൂപമാണ് വൌഗേ. പ്രസ്ഥസ്യ പ്രത്യേകബാധ , പ്രസ്ഥപ്രത്യേ കബാധ . അതിന്റെ വ്യവസ്ഥ ഹല ദശം. (10 കലപ്പ) 1 ദിവസം 10 ജോഡി കാളകൾക്ക് ഉഴാവുന്ന നിലം. ഇതിനു ള്ള വ്യവസ്ഥ , ഓരോ പ്രസ്ഥം വിത്ത് വിതക്കാനുള്ള നിലവും രേഖ അഥവാ അതിർത്തി ഇട്ട് തിരിച്ചിട്ടാണ്. ആകെ വിതക്കാവുന്ന വിത്ത് ഏഴര ദ്രോണം. കോരഢേ എന്നത് കിൽഹേൺ പ്രത്യേക തരം ധാന്യമെന്നാണ് പറയുന്നത്. കോദ്ര വം അഥവാ കോവദ്രം എന്നും വായി ക്കാം. കോദ്രവമെന്ന സംസ്കൃതപദം ഹിന്ദിയിൽ കോദ(കോദോ)അവ . ഇതാ ണ് കോരഢേ . മറാത്തിയിൽ കോരഡാ ഉണങ്ങിയ എന്നാണ്. (ഉണങ്ങിയ വിത്ത്) ഏഴര ദ്രോണം ഉണങ്ങിയ വിത്ത്

വിതക്കാവുന്ന സ്ഥലം. ഗ്വാളിയോരിലെ വല്ലഭട്ടസ്വാമിക്ഷേത്രത്തിലും വലഭി ധാരാസേനന്റെ ഒരു ഗ്രാന്റിലും ഇപ്രകാരം വിതക്കുന്ന വിത്തിന്റെ അളവു വെച്ചാണ് നിലം പറയുന്നത്. തിരുനെൽവേലി ജില്ലയിലും തെലുഗുരാജ്യത്തും ഇത് ഉണ്ടായിരുന്നു.

മഹാരാജാ നന്ദനന്റെ അമൌനാ പ്ലേറ്റ് ഗുപ്തസംവത് 232

ഗയയിലെ പർഗാനാ അർവലിലെ അമൌന സെമിന്ദാർ ബാബു ജാനകീ വല്ലഭപ്രസാദ് നാരായൺ സിംഹയുടെ എസ്റ്റേറ്റിൽ നിന്ന് കിട്ടിയത്. ഗയജില്ലയിൽ സോൺനദിയുടെ കിഴക്കേ കരയിലാണ് അമൌനാ. ദൌദ്നഗറിലെ ചന്തക്ക് 2 മൈൽ വടക്കുകിഴക്കാണ്. 1909ൽ ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബെംഗാളിന്റെ പ്രൊസീഡിങ്ങ്സിൽ നന്ദനന്റെ മല്ലയഷ്ടിക എന്ന പേരിൽ പ്രസിദ്ധീകരിച്ചു. അതിൽ പരമേശ്വർ ദയാൽ 1907ൽ മൌസ അമന്നയിലെ ബേന്ദിയ

ബീഗ എന്ന വയലിൽനിന്ന് ലഭിച്ചത്
എന്ന് പറയുന്നു. മഴ പെയ്ത് പുറമണ്ണ്
നീങ്ങിയപ്പോൾ പൊന്തിവന്നതെന്നാണ്
പറയുന്നത്. എന്നാൽ കിട്ടിയ സ്ഥലം
ലവണങ്ങളുള്ള ഉയർന്ന ഭൂമിയാണ്
കൃഷിഭൂമിയല്ല. അവിടെ പഴയ അവ
ശിഷ്ടങ്ങളൊന്നും ഇല്ല. അതിന്റെ വടക്കു
പടിഞ്ഞാറായി മൺകോട്ടയുടെ അവശി
ഷ്ടമുള്ള ഭാഗത്തുനിന്നാണ് ലഭിച്ചതെന്ന്
ഡോ ബ്ലോച്ച്. ഒരു പ്ലേറ്റ് മാത്രം. ഒരുവ
ശത്ത് 8 വരി. ആം വരിയിലെ സംവത്
232 ഗുപ്തസംവത് ആണെങ്കിൽ എഡി
551-552 ആണ് കാലം. ഭാഷ സംസ്കൃതം.
ആക്ഷേപ എന്നതിന് ആച്ചേട്ട എന്നും
മറ്റും തെറ്റായാണ് എഴുതിയിരിക്കുന്നത്.
അക്കാലത്തെ ഉച്ചാരണം ഇപ്രകാരമായി
രിക്കണം.മല്ലയഷ്ടികാഗ്രാമം ഗാർഗ്ഗയഗോ
ത്രം വാജസനേയശാഖ രവിസ്വാമിൻ
എന്ന ബ്രാഹ്മണന് ദാനം ചെയ്യുന്ന
രേഖയാണ്. മഹാരാജാ നന്ദന പുദ്ഗല
ത്തിൽനിന്നാണ് ദാനം ചെയ്യുന്നത്. അദ്ദേ
ഹത്തിന് കുമാരാമാത്യ എന്നാണ് ബിരു

ദം. അദ്ദേഹം ഗുരുദേവപദാനുധ്യായി യാണ്. കുമാരാമാത്യ എന്നതിനാൽ അദ്ദേഹം സാമന്തനാവണം. ഗുപ്തരാജാ ക്കന്മാരുടെ സാമന്തനാകാം. 200 30 2 എന്ന് സംഖ്യയിലാണ് കാലം എഴുതിയി രിക്കുന്നത്. മാഘം 20നാണ് ലിഖിതം. അക്കാലത്തും സൂര്യാധിഷ്ഠിതമായ കാല ഗണന മഗധയിലുണ്ട് എന്നാണ് അർത്ഥം. ബീഹാറിൽ കൃഷിക്ക് അതാണ് മുമ്പും ഉപയോഗിച്ചിരുന്നത്. (ഞാറ്റുവേല കേര ളത്തിലെന്നപോലെ) അവിടെ ചന്ദ്രരാശിക ളായല്ല, സൂര്യസ്ഥാനങ്ങളായാണ് കൃഷി ക്കാരെല്ലാം നക്ഷത്രങ്ങളെ കാണുന്നത്. വാസ്തവത്തിൽ ഇന്ത്യയിൽ ചന്ദ്രസൂര്യ സ്ഥിതി രണ്ടും നക്ഷത്രങ്ങളെ ആസ്പദമാ ക്കി (നിരയനതാരം) ഗണിക്കുന്നു സൂര്യ ഘടികാരവും ചന്ദ്രഘടികാരവും നക്ഷത്ര സ്ഥാനം നോക്കി നിശ്ചയിക്കുന്ന ശാസ്ത്ര മാണത്. ലിഖിതം കൊത്തിവെച്ച ലിപിക നാമം ശൂദ്രകനെന്നാണ്. (ശൂദ്രകോത്കീ ർണ്ണം). ഈ നാമം മൃഛകടികം വഴി നമുക്ക് പരിചിതനാമമാണ്. വേറെ 2

ഗയ ലിഖിതങ്ങളിലും ഈ നാമം വരു ന്നുണ്ട് (കിൽഹോൺ) ഒന്ന് നയപാല കാലത്തും മറ്റേത് യക്ഷപാലകാലത്തു മാണ്. (9-10 നൂറ്റാണ്ട്)

കൌമാരകാലത്തു തന്നെ അമാത്യനായവ നെന്നാണ് കുമാരാമാത്യനെന്നാൽ അ ർത്ഥം. യുവരാജാവിനെ കുമാരനെന്ന് പറയും. അമാത്യനായ യുവരാജാവ്. മൃഛകടികത്തിലും ദണ്ഡിയുടെ കാവ്യാ ദർശത്തിലും ലിമ്പതൈവ തമോദ്ഗാനി വപംതീദാഞ്ജനം നമഃ എന്ന് കാണു ന്നതിനാൽ ദണ്ഡിയാണ് മൃഛകടികക ർത്താവെന്ന് പ്രൊ പിശ്ചൽ കരുതുന്നു. കാവ്യാദർശത്തിൽ ഉദ്ധരിച്ച ഉദാഹരണ ങ്ങളെല്ലാം ദണ്ഡിയുടെ കാവ്യങ്ങളിൽ നിന്നു തന്നെയാണ്.

സ്വസ്തി! പുദ്ഗലായാ ദേവഗുരുപാദാനു ധ്യായാതാ കുമാരാമാത്യമഹാരാജാ നന്ദന കുശലീ മല്ലയഷ്ടികായാം ബ്രാഹ്മ ണാദീൻ യഥാ പ്രതിവാസിനോ മാനയതി വിദിതം വോ ഭവിഷ്യതി യഥാ മൈഷ ഗ്രാമാ അസ്മൈ ഗാർഗ്ഗസഗോത്രായ

വാജസനേയസബ്രഹ്മചാരിണേ ബ്രാഹ്മണ രവിസ്വാമിനേ മാതാപിത്രോർ ആത്മ നൈശ്ച ധർമ്മോപചയാർത്ഥം ആചന്ദ്രാർക്കസമകാലികാ പുത്രപൌത്രാദിഭോഗ്യാ ഭൂമിഛിദ്രന്യായേനാഗ്രഹാരാതേനാതിസ്രഷ്ടസ്ഥന്ന കേനാചിദ് അസ്മദ് വംശേനാന്യേന വാ സ്വധർമ്മയശോർത്ഥിനാ ആക്ഷേപാ പീഡാ വാ കർത്തവ്യ .ഉക്തം ച ഷഷ്ഠിം വർഷസഹസ്രാണി സ്വർഗ്ഗേ മോദതി ഭൂമിദാ അച്ഛേട്ടാ ചാനുമന്ത ച താനി എവ നരകേ വസേദിതി. സ്വമുഖാജ്ഞാ സംവത് 200 30 2 മാർഗ്ഗ ദി 20 ശൂദ്രകരേദ്രക്ഷുണാ. (മി ദയാൽ ശൂദ്രകാരാദ്രക്ഷുണ്ണ എന്ന് വായിച്ച് ശൂദ്രന്മാരുടെ കയ്യിൽനിന്ന് സംരക്ഷിക്കുക എന്ന് തെറ്റായി അർത്ഥം പറഞ്ഞിട്ടുണ്ട്.)

ധാരാസേനന്റെ പർദ്ദി പ്ലേറ്റുകൾ സംവത് 207

1884ൽ ഗുജറാത്തിലെ പർദ്ദിയിൽ നിന്ന് (സൂറത്ത് ജില്ല) തടാകം കുഴിക്കുമ്പോൾ

കിട്ടിയത്. റോയൽ ഏഷ്യാറ്റിക്ക് സൊസൈറ്റിയുടെ ബോംബേ ശാഖ പ്രസിദ്ധീകരിച്ചു. 2 പ്ലേറ്റ്. പണ്ടത്തെ തെക്കൻലിപി. നകാരം ന ആയും ണ ആയും ഉപയോഗിക്കുന്നു. (നന്ന, അർണ്ണവ ഉദാഹരണം) 3.7.10,200 ഇവയും തിഥി പറയുമ്പോൾ സംഖ്യയും അക്ഷരവും പ്രയോഗിക്കുന്നുണ്ട്. ഭാഷ സംസ്കൃതം. മഹാഭാരതം ഉദ്ധരിക്കുന്നുണ്ട്. സന്ധിനിയമം കൃത്യമായി പാലിക്കുന്നുണ്ട്. (സ്വാമിനാ, വൃദ്ധയേ ഇവയിൽ ഒഴികെ) പാണിനിയുടെ നിയമപ്രകാരം ര ക്ക് ശേഷം വരുന്ന വ്യഞ്ജനം ഇരട്ടിക്കുന്നുണ്ട്. ശന്തക, കൃഷതോ എന്നിവ പ്രാകൃതത്തിന്റെ പ്രചോദനം കാണിക്കുന്നു. ത്രൈകൂടകവംശത്തിലെ ധാരാസേനൻ ബ്രാഹ്മണന് ദാനം ചെയ്യുന്ന രേഖയാണ്. അന്തർമണ്ഡലിവിഷയത്തിലെ കനിയസ്തടാകശാരികഗ്രാമമാണ് ദാനം ചെയ്യുന്നത്. രാജാവ് ആമ്രകത്തിലിരുന്നാണ് ദാനം കൊടുക്കുന്നത്. ദാനം സ്വീകരിച്ച വ്യക്തി കാപ്പൂരിലാണ് താമസം. അദ്ദേഹത്തിന് സന്ദേശം എത്തിക്കുന്ന ദൂതൻ ബുധഗുപ്തനാണ്. ത്രയോദശിതിഥി,

വൈശാഖം ശുക്ലപക്ഷം സംവത് 207. ത്രൈകൂടകത്തിലെ രാജാക്കന്മാരുടെ കാൻഹേറുരി ലിഖിതം സംവത് 245 ലാണ്. (പണ്ഡിറ്റ് ഭഗവാൻലാൽ ഇന്ദ്രാജി) ഇത് കാലചൂരി ചേദി സംവത് 249 എന്ന് കണ്ണിങ്ങാം. എഡി 245 എന്ന് പണ്ഡിറ്റ്. കാലചൂരി സംവത് ആരംഭിക്കുന്നത് എഡി 249ലാണ്. ഫ്ലീറ്റിന്റെ അഭിപ്രായം ഇത് എഡി 456 ഏപ്രിൽ 4 നാണ് എന്നാണ്. അല്ലെങ്കിൽ ഇത് കഴിഞ്ഞുപോയ വർഷമെന്ന് എടുത്താൽ, എഡി 457 ഏപ്രിൽ 23. കാൻഹേരി ലിഖിതം സംവത് 245 ത്രൈകൂടകരാജാവിന്റെ പേരു പറയുന്നില്ല. പർദ്ദി പ്ലേറ്റിൽ ധാരാസേനനാണ് സംവത് 207 ൽ (എഡി 456-457 ൽ) ഭരിക്കുന്നത്. നാണ്യങ്ങളിൽ ഇന്ദ്രദത്തനും (ധാരാസേനന്റെ അച്ഛൻ) വ്യാഘ്രസേനനും (ധാരാസേനന്റെ മകൻ) കാണാനുണ്ട്. മി. ജാക്സൺ സൂറത്തിൽ നിന്ന് കിട്ടിയ പ്ലേറ്റിൽ കാലചൂരി ചേദി 231 വ്യാഘ്രസേനകാലമെന്ന് കണ്ടിട്ടുണ്ട്. ധാരാസേനനും വ്യാഘ്രസേനനും നാണ്യങ്ങളിൽ പരമവൈഷ്ണവ എന്നാണ് വിളിക്കുന്നത്. പർദ്ദിപ്ലേറ്റിൽ ഭഗവദ്പാ

ദകർമ്മകാര എന്നും. (പത്മനാഭദാസ പോലെ)

വടക്ക് മിൻധോലയും തെക്ക് പൂർണ്ണാന ദിയും അതിരിടുന്ന ദേശമാണ് അന്തർവേ ദിദേശം. മിന്ധോലയുടെ തെക്കേക്കരയി ലെ വലിയ ഗ്രാമമാണ് കാപൂര എന്ന് ഫ്ലീറ്റ്. ബറോഡയുടെ തലസ്ഥാനമായ വ്യാരയുടെ തെക്കുപടിഞ്ഞാറായി ഇങ്ങ നെ ഒരു ഗ്രാമമുണ്ട്. കനിയതടാകസരിക ചെറിയ തടാകസരിക കപ്പൂരയിൽനിന്ന് 15 മൈൽ പടിഞ്ഞാറ് തർസരിയാണെന്ന് ഫ്ലീറ്റ് കരുതുന്നു. ഇത് മിന്ധോലക്കും പൂർണ്ണക്കും മദ്ധ്യത്തിലാണെന്നും. കപ്പൂ രയിൽനിന്ന് 2 മൈൽതെക്ക് മാപ്പിൽ കാണുന്ന അംബച്ച് , ആമ്രകമാവാം എന്നും പറയുന്നു. ഉഷഭദത്തന്റെ നാസി ക് ലിഖിതത്തിലും കപൂരാഹാര പറയു ന്നുണ്ട്. ചിക്കലപദ്ര ആ ലിഖിതത്തിൽ ഉള്ളത് മാപ്പിലെ ചിക്കൽദ ആകാം (മിന്ധലയുടെ തെക്കേ കര) രണ്ടര മൈൽ കപ്പൂരക്ക് വടക്കുകിഴക്കാണ് ഇത്.

സ്വസ്തി!. വിജയസ്കന്ധവാരാത് ആമ്രകവാസാത് ത്രൈകൂടകാനാം

മാതാപിതൃപാദാ നുധ്യായതോ ഭഗവദ്പാദകർമ്മകരോ അശ്വമേധാ ഹർത്താ ശ്രീമഹാരാജധാരാസേന സർവ്വാനേവാസ്മത് സന്തകാൻ അന്ത ർമണ്ഡലീ വിഷയവാസിനസ്സമാജ്ഞാപയ തി യഥാ കാപൂരവാസ്തവ്യബ്രാഹ്മണ നന്നസ്വാമിന അത്രൈവ വിഷയാന്തര്ഗ്ഗത കനിയസ്തടാകാഗ്രാമേ മാതാപിത്രോർ ആത്മനശ്ച പുണ്യയശോഭിവൃദ്ധയേ ആചന്ദ്രാർക്കാർണ്ണവക്ഷിതിസ്ഥിതികാലിക ശ്ചോരരോരരാജാധിപത്യകാരിവർജ്ജം സർവ്വ ദിത്യവിഷ്ടിപരിഹാരേണ പുത്ര പൌത്രാന്വയഭോഗ്യസ്സമതിശ്രിഷ്ഠോ യതോസ്യ ഭൂഞ്ജതലികൃഷതോ പ്രതിശതശ്ച ന കേനചിത് പ്രതിഷേധ ലികാര്യ ഇതി ഉക്താൻ ച ഭഗവതാ വ്യാസേന ഷഷ്ഠിവർഷസഹസ്രാണി സ്വർഗ്ഗേ വസതി ഭൂമിദ. അച്ഛേട്ടാ ചാനുമന്താ ച താനി ഏവ നരകേ സം 200 7 വൈശാഖശുദ്ധത്രയോദശ്യാം 10 3.

2 നോലംബലിഖിതങ്ങൾ ധർമ്മപുരി എഡി 9ആം നൂറ്റാണ്ട്.

സേലം ജില്ലയിലെ സ്തംഭത്തിലുണ്ടായിരുന്നവ. പിന്നീട് മദ്രാസ് മ്യൂസിയത്തിലേക്ക് മാറ്റി. സ്തംഭത്തിന്റെ വടക്കും തെക്കും മുഖത്ത് ലിഖിതമുണ്ട്. ധർമ്മപുരി മല്ലികാർജ്ജുനക്ഷേത്രമണ്ഡപത്തിലായിരുന്നു സ്തംഭം. 1901ൽ വെങ്കോബ ലിഖിതം പകർത്തിയെടുത്തു. ധർമ്മപുരിക്ക് ഒന്നര മൈൽ മാറി , മല്ലികാർജ്ജുന, മാരിയമ്മ, വിഷ്ണുക്ഷേത്രങ്ങളുടെ സമുച്ചയമാണ്.ഇതിന്നടുത്ത കുളത്തിലെ ബണ്ടിലും ലിഖിതമുണ്ട്. മാരിയമ്മക്ഷേത്രത്തിനു മുമ്പിലെ പൊട്ടിയ തൂണിലും ലിഖിതമുണ്ട്. കാനറീസ് ലിപി മന്ത്രവാടി, സീരൂർ,നിഡഗുണ്ടി രേഖകളോട് (ഫ്ലീറ്റ്) സാദൃശ്യമുണ്ട്. ഭാഷ 1-5 ശ്ലോകം സംസ്കൃതപദ്യം, 5-94 കാനറീസ് ഗദ്യം. പല വാക്കുകളും തമിഴിനോട് ബന്ധമുള്ളവയാണ്. 110 വരികളിലെ ആദ്യത്തെ 55 ഗ്രാന്റുമായി സംബന്ധപ്പെട്ടതാണ്. 56-94 ഗ്രാമാതിർത്തികളാണ്.95-110 മംഗളശ്ലോകങ്ങൾ. ജിനേന്ദ്രനെ സ്തുതിച്ച ആദ്യശ്ലോകശേഷം പല്ലവവംശം പല്ലവാധിരാജാ , മകൻ നോലംബാധിരാജാ ഇവരെ പറയുന്നു.

രാച്ചമല്ലവെർമാദിയുടെയും(സത്യവാക്യ കൊങ്ങണിണിവർമ്മ ധർമ്മമഹാരാജാ ധിരാജാ നന്ദഗിരീശ്വര, കോവലാലപുരീ ശ്വര) മഹാദേവിയാരുടേയും മകളായ ജാബ്ബേ നോലംബാധി രാജന്റെ പത്നിയായി. അവർക്ക് മഹേന്ദ്രാധിരാജനോലംബ പഞ്ചമഹാശബ്ദങ്ങളെ നേടിയവനായി ജനിച്ചു. അദ്ദേഹം പല്ലവ കുലതിലകമായി അറിയുന്നു. അദ്ദേഹം മഹാബലിബാണവം ശത്തെ നശിപ്പിച്ചു. തകടൂരു ശ്രീമാടത്തിൽ അദ്ദേഹം വസിക്കുന്നു. ശകം 815 പരിധാ വിസംവത് വ്യാഴം ആഷാഢശുക്ലപഞ്ചമി പൂർവ്വഫാൽഗുനി നക്ഷത്രം ധനുവ്യാഴം , നിൽക്കം നിധിയണ്ണ, ടണ്ഡിയണ്ണ എന്ന് ശ്രീമംഗലത്തെ വ്യാപാരിുടെ 2 മക്കൾ ഒരു ജൈനക്ഷേത്രം പണിതു. (തകടൂരിലെ ബസ തി) നിധിയണ്ണന് മുല്ലപ്പള്ളി ഗ്രാമം കരം ഒഴിവാക്കി ദാനം ചെയ്തു. അദ്ദേഹം അത് പൊഗരീയഗണ സേനാന്വയമൂലസംഘ ത്തിനും വിനയസേനസിദ്ധാന്തദഭട്ടാര ശിഷ്യൻ കനകസേനസിദ്ധാന്തദഭട്ടാരനും ദാനം ചെയ്തു. ബസതിയിലെ അറ്റകുറ്റ

പ്പണികൾക്കും പൂജാദിൾക്കും ആണ് ദാനം. സാക്ഷികൾ 4 സന്യാസിമാരും , നാടും നഗര വും നരശാസനരും ആണ്. രണ്ടാം ലിഖിതം ആദ്യത്തേതിനു താഴെ. സ്തംഭത്തിന്റെ 4 മുഖത്തും ചുറ്റി എഴുതിയിരിക്കുന്നു. കാന റീസ് ലിപി കാനറീസ് ഗദ്യം. 10 വരി .മഹേ ന്ദ്രനോലംബപുത്രൻ അയ്യപ്പദേവനിൽ നിന്ന് ലോകയ്യന്, ബുഡുഗൂരുഗ്രാമം ലഭിച്ചു, അദ്ദേഹം അത് നിധിയണ്ണൻ നിർമ്മിച്ച ജൈനക്ഷേത്രത്തിനു കൊടുത്തു. ക്ഷേത്രപൂജ ക്കുള്ള തോട്ടം ഉണ്ടാക്കാനാണ് ഈ ദാനം.

ഈ രേഖ നോലംബർ പല്ലവരിൽനിന്ന് ഉണ്ടായവരാണെന്ന് തെളിയിക്കുന്നു. രണ്ട് രാഷ്ട്രകൂടലിഖിതങ്ങളിൽ പരാമർശിച്ച നോലംബാൽഗേ ആണ് ഇവരുടെ ആദ്യസ്ഥാ നം. ഇതിനെ പിന്നീട് നോലംബവാടി എന്ന് വിളിക്കാനാരംഭിച്ചു. മൈസൂരിലെ തുംകൂ രും ചിത്താൽദുര്ഗ്ഗും. ഇതിലാണ് പെട്ടിരു ന്നത്. പിന്നീട് അനന്തപൂരും ബെല്ലാരിയും ബാംഗളൂരും കോലാറും സേലവും വടക്കേ ആർക്കോട്ടും ഇവരുടേതായി. ലിഖിതകാല ത്ത് ഇവ നോലംബരുടേതാണ്.

നോലംബതലസ്ഥാനമായ ഹെഞ്ചൂരു (ഹേമാവതി) അനന്തപൂരിലെ മടക്കശിര താലൂക്കിലാണ്. അവിടത്തെ 2 തൂണിലും മടക്കശിരയിലെ 2 തൂണിലും നോലംബവംശാവലി ലഭിച്ചിട്ടുണ്ട്.

1. ഈശ്വരവംശത്തിലെ ത്രിനയനപല്ലവ
2. മംഗലനൊംബാധിരാജാ
3. സിംഹപോത
4. ചാരുപൊന്നേര(പല്ലവാധിരാജാ)
5. പോലചോരനൊംബ(നോലംബാധിരാജ)
6. മഹേന്ദ്ര(മഹേന്ദ്രാധിരാജനോലംബ)
7. അയ്യപ്പദേവനന്നിഗ
8. അന്നിഗനും ദിലീപരശനും

ദിലീപരശകാലത്തെ ശകം 864 ധർമ്മപുരിലിഖിതത്തേക്കാലും 50 വർഷം കഴിഞ്ഞാണ്. 2 തലമുറക്ക് ശേഷം. സിംഹപോതപുത്രൻ ചാരുപൊന്നേര രാഷ്ട്രകൂട ജഗത്തുംഗപ്രഭൂതവർഷ ഗോവിന്ദ 3 ന്റെ സമകാലീനനാണ്. (എഡി 794-813)ത്രിലോചനപല്ലവ (കാടുവെട്ടി) അയോദ്ധ്യയിൽ നിന്ന് വിജയാദിത്യൻ വരും മുമ്പാണ് വെങ്കി ഭരിക്കുന്നത്. അദ്ദേഹമാണ്

വിജയാദിത്യനെ വധിച്ചത് .ആദ്യത്തെ ത്രിന യനപല്ലവൻ സംഘകാലത്തെ കരികാല ചോളന്റെ കാലത്താണ്. ഈശ്വരവംശം ശിവവംശമാണ്. (മുക്കണ്ണവംശം) അശ്വത്ഥാമാവിന്റെ വംശമാണ്.

പടിഞ്ഞാറൻഗംഗ രാച്ചമല്ലപുത്രിയെ പോല ചോരനോലംബ വിവാഹം ചെയ്തതോടെ ആ വംശവും നോലംബവംശത്തോട് ബന്ധപ്പെട്ടു. ജാബ്ബേരാച്ചമല്ലപുത്രിയും നീതിമാർഗ്ഗ പെർമാനടിയുടെ അനുജത്തിയുമാണ്. സത്യവാക്യരാജമല്ല (എഡി 840-871) ആണ്. നോലംബാധിരാജകാലം 878-79 ആവണം. പല്ലവാധിരാജ എഡി 794-813 കാലത്തെ ഗോവിന്ദ 3 ന്റെ സാമന്തനാണ്. എഡി 813-879ന് ഇടക്ക് നോലംബാധിരാജൻ ഭരിച്ചിരിക്കണം. ഇത് താരതമ്യേനെ നീണ്ട കാലയളവാണ്.

മഹാബലിവംശവും ചോരവംശവും നശിപ്പിച്ചത് മഹേന്ദ്രാധിരാജനാണ്. തെലുഗുദേശത്തെ ചോളരാണ് ചോരന്മാർ. മധഗിരി ലിഖിതത്തിൽ ചലദങ്കകാരചോളിഗൻ (900 എഡി) പല്ലവവംശമാണെന്ന് പറയുന്നുണ്ട്.

നിഡുഗലിലെ ചോളരാജാവ് വീരനോലംബ എന്ന് സ്വന്തം പേരിനോടു ചേർക്കുന്നുണ്ട്. അതിനാൽ ചോളരും നോലംബരും ബന്ധുക്കളാണ്. പുംഗനൂർ സെമീന്ദാരിയിലെ ഭൂദിദേപള്ളേ ലിഖിതത്തിൽ (9ആം നൂറ്റാണ്ട്) നോലംബർ ബാണരാജ്യമായ പുലിനാട് ഭരിക്കുന്നുണ്ട്. മഹാബലി ബാണരശ ബാണാദിത്യാധരനായിരുന്നു അവിടെ രാജാവ്. (ബാണവിദ്യാധര മാബലി ബാണവരായ) തെലുഗു വീഥിക്ക് പടിഞ്ഞാറ് ഇദ്ദേഹത്തിന്റെ ഭരണമാണ്. ഗംഗപല്ലവ നൃപതുംഗന്റെ സാമന്തനായിരുന്നു അദ്ദേഹം. 8ആം നൂറ്റാണ്ടിന്റെ അവസാനത്തോടെ പല്ലവസാമ്രാജ്യം അവസാനിച്ചു. പല്ലവ നോലംബന്മാർ ബാണരെ ഒന്നിച്ചുനിന്ന് ചെറുത്തിരുന്നു. ബംഗവാടി വീരക്കല്ലിൽ, ഗംഗപല്ലവ വിജയനരസിംഹവിക്രമവർമ്മ കാലത്ത്, സ്കന്ധബാണാധിരാജാ ദഢിഗബാണരാജാ , മഹേന്ദ്രവർമ്മ ഇവരെ നേരിട്ടതായി പറയുന്നുണ്ട്.

വൈഡുംബമഹാരാജാ ഗന്ധത്രിനേത്ര കാലത്ത് ബാണരശനും വൈഡുംബമഹാരാജ

നും സോറേമതിയിലേക്ക് മാർച്ച് ചെയ്ത് നോലംബ, രാച്ചമല്ല, ദഡിഗന്മാരോട് ഏറ്റുമുട്ടിയതും പറയുന്നു. കടപ്പ ജില്ല യിലെ പെദ്ദതിപ്പസമുദ്രം ലിഖിതം വൈ ഡുംബരാജാ ഗന്ധത്രിനേത്ര നോലംബിയോ ട് യുദ്ധം ചെയ്തു എന്ന് രേഖപ്പെടുത്തുന്നു. മഹാവലി ബാണരശകാലത്തെ പുംഗനൂരി ലെ ചെദല്ല വീര്കല്ല്, രാജാവ് പെർമാനടി ക്കുവേണ്ടി നോലംബ, രാച്ചമല്ല, മയീന്ദടി ഇവരോട് സോരേമതിയിൽ ഏറ്റുമുട്ടിയത് പറയുന്നു. ബാണവിദ്യാധരകാലത്ത് നോ ലംബർ പുലിനാടിൽ ആക്രമണം നടത്തി. ബാണരാജാ വിജയാദിത്യവീരചൂഡാമണി പ്രഭുമേരുകാലത്ത് കാടുവട്ടി മുത്തരശൻ കോയത്തൂർ ആക്രമിച്ചു (ലഡ്ഡിഗം ബാണരാ ജ്യത്തെ പുംഗനൂരിനരികിൽ).നോലംബരും ബാണരും ഇപ്രകാരം നിരന്തരം യുദ്ധം ചെ യ്തിരുന്നു. അതിനാൽ മഹേന്ദ്രാധിരാജകാ ലത്ത് അവരെ നിശ്ശേഷം നശിപ്പിച്ചു എന്ന കാര്യത്തിൽ സംശയം വേണ്ടതില്ല. മൈസൂ രിലെ ബാംഗളൂരിലും കോലാറിലും (ഗംഗാവാടി 96000, പെരുമ്പനപ്പടി ഭാഗങ്ങ

ൾ) ബാണവംശജരുടെ രാജ്ത്ത് നിരവധി നോലംബലിഖിതങ്ങളുള്ളതും ഇതിനാലാണ്. രാച്ചേയഗംഗ ഇഗ്ഗളിലിഖിതപ്രകാരം മഹേന്ദ്രാരാധിരാജനോട് ഏറ്റുമുട്ടി (891-921), ഗംഗാവാടി ഭരിച്ച എരേയപ്പ (908-938)യും ഇപ്രകാരം മരിച്ചുപോയി. ഇതിനുശേഷമാണ് നോലംബമഹേന്ദ്രാരാധിരാജാ ഗംഗാവാടി മുഴുവനും ഭരിക്കുന്നത്. തായലൂർ ലിഖിതം (മാണ്ഡ്യ താലൂക്ക് മൈസൂർ) മഹേന്ദ്രന്റെ ശകം 817ലെ രേഖയാണ്. ഇത് അദ്ദേഹത്തിന്റെ രേഖകളിൽ അവസാനത്തെയുമാണ്.

ആവനിയിലെ ലിഖിതപ്രകാരം (കോലാർജില്ല മുൽഹാഗൽ താലൂക്ക്) മഹേന്ദ്രന് ഇരൈവനോലംബനെന്ന് ഒരു സഹോദരനുണ്ട്. അമ്മ വേറെയാണ്. ദിവബ്ബരശി (ദിവളാംബ)കദംബവംശത്തിലെയാണ്. പോളചോരന്റെ അഗ്രമഹിഷി അവരാണ്. ഇദ്ദേഹമാണ് മഹേന്ദ്രരാജന്റെ അഛൻ നോലംബരാജാ. മഹേന്ദ്രൻ കിരീടധാരണം ചെയ്തശേഷമാണ് പോലചോരന് ഇരൈവനോലംബ ജനിച്ചത്. മകൻ അയ്യപ്പജേവന് ശകം

841ൽ കിരീടെ കിട്ടുന്നത് (817 മുതൽ 841 വരെ ദീർഘകാലം) വേറെ ആരോ അതിനിടയിൽ ഭരിച്ചതിനാലാണ്. ഇത് ധവളാംബാപുത്രൻ ഇരൈവനോലംബ നോലംബാധിരാജാ നോലിപ്പയ്യ എന്ന നാമത്തിലാണെന്ന് ചില രേഖകളുണ്ട്. ധവളാംബ മഹേന്ദ്രൻ മരിച്ചപ്പോൾ നോലംബനാരായണേശ്വര ക്ഷേത്രം പണിതു (നോലംബനാരായണ മഹേന്ദ്രന്റെ ബിരുദങ്ങളിൽ ഒന്നാണ്). ആവനി (അവിനാശി)ഗ്രാമം പോലചോര മംഗലമെന്ന പേരിൽ (ഭർതൃനാമം) , ദിവളാംബ സമുദ്രമെന്ന തടാകത്തോടുകൂടി ക്ഷേത്രത്തിന് ദാനം ചെയ്തു.

നോലിപ്പയ്യനു ശേഷമാണ് മഹേന്ദ്രപുത്രനായ അയ്യപ്പദേവ രാജാവായത്. നന്നിഗ എന്ന്ബിരുദനാമം. എഡി 938ൽ പിതാവിന്റെ കൂടെ തുംബേപ്പടിയിൽ ചാലൂക്യഭീമ 2 നോട് യുദ്ധം ചെയ്തു. അമ്മ 2 വിന്റെ കലിച്ചംബറ്റു ഗ്രാന്റ് പ്രകാരം ചാലൂക്യഭീമനുമായുള്ള യുദ്ധത്തിലാണ് മരിച്ചത്. എഡി 918-19 മതൽ 938-39 വരെയാണ് ഭരണം. അദ്ദേഹത്തിനുശേഷം ചോളരാജാവ് രാജരാജ 1

എഡി 998-00 ൽ ഭരിച്ചു. മാരിയമ്മൻക്ഷേത്ര ത്തിലെ ലിഖിതം മഹേന്ദ്രനോലംബ ശകം 800ൽ മരുദനേരി തടാകം പൊന്നേരഗൌര വർക്ക് (ശൈവ) ദാനം ചെയ്ത രേഖയാണ്. അക്കാലത്തെ വ്യാപാരിസംഘത്തിലുള്ള വരാണ് നിധിയണ്ണനും ചണ്ഡിയണ്ണനും (പിന്നീട് ജൈനക്ഷേത്രം പണിതവർ) .മല്ലി കാർജ്ജുനക്ഷേത്രത്തിലെ മറ്റൊരു രേഖ സ്വസ്തി! പല്ലവാന്വയായ എന്ന് നോലംബാ ധിരാജനേയും ഗംഗരാജാവ് രാച്ചമല്ലനേയും വിളിക്കുന്നു. നന്ദിയിലെ ഭൈരവശക്തിഭട്ടാ രകനാണ് ദാനം ചെയ്യുന്നത്. (ശൈവ) നന്ദി കോലാറിലെ നന്ദഗിരിയാണ്. ശ്രീമഠമോ ജൈനക്ഷേത്രമോ ഇതുവരെ കണ്ടെത്തിയി ട്ടില്ല. തകടൂരിലെ തടാകത്തിലെ ലിഖിതം ശൈവഗുരു വിദ്ദേരാശി, കാളിചോരേശ്വര ക്ഷേത്രം, പല്ലവേശ്വരക്ഷേത്രം , ഭോഗേശ്വര, നന്നേശ്വര, കാഞ്ചി ഭുജംഗേശ്വര എന്നെല്ലാം പരാമർശിക്കുന്നു. ജൈനക്ഷേത്രം കണ്ടില്ലെ ങ്കിലും അതിന് സമ്മാനിച്ച മൂലപ്പള്ളിഗ്രാമം മൂലക്കാട് എന്ന പേരിൽ ധർമ്മപുരിക്ക് 9 മൈൽ പടിഞ്ഞാറ് ഉണ്ട്. ശെംബലത്തൂരു

സെമ്മനഹള്ളിയും ബുഡുഗൂരു ബുഡുഗന ഹള്ളിയും (7 മൈൽ തെക്ക് ധർമ്മപുരിക്ക്) ആണ്. കഡബത്തൂരിലെ ചോളീശ്വരക്ഷേത്രം ധർമ്മപുരിക്ക് അടുത്താണ്. അവിടെ തമിഴിലും തെലുഗിലും ലിഖിതങ്ങളുണ്ട്. ഇതാണ് കാളിചോളേശ്വരക്ഷേത്രം.

കാളിചോളേശ്വരപല്ലവേശ്വരമഹാഭോഗേശ്വരോത്തുംഗനിര്മ്മലനന്നേശ്വരകീർത്തി ശാസന ലസത്കാഞ്ചിഭുജംഗേശ്വരവ്വല കന്തിരവഭൂപനന്ദനവനപ്രാകാരസംസ്ഥാന ദീന്നേലകെല്ലം പടിച്ചന്തംആയ്തു തഗടൂരേ വിദ്ദേരാശീന്ദ്രം

കുമാരഗുപ്തകാലത്തെ കരംദന്ദലിഖിതം ഗുപ്ത സംവത് 117

ഫൈസാബാദിൽ നിന്ന് 12 മൈൽ അകലെ കരംദന്ദഗ്രാമത്തിലെ ഭരാധി ധീ എന്ന പുരാതന സ്ഥലത്തുനിന്ന് കുഴിച്ചെടുത്ത ശിലാലിംഗത്തിലാണ് ലിഖിതം. വോഗൽ 1907-08 ൽ പ്രസിദ്ധീകരിച്ചു. ഇപ്പോൾ ലക്നൌ മ്യൂസിയത്തിലാണ്. ലിപി പടിഞ്ഞാറൻ ഗുപ്തലിപി. വരി 3. 7ലുള്ള കുമാരഗുപ്ത എന്ന പദം ഗു എന്നതിലെ ഉ, 2 വ്യത്യസ്തരൂപത്തിലാണ്. ലിഖിതം ഗുപ്തരാ

ജാവ് കുമാരഗുപ്ത 1 ന്റെയാണ്. ഗുപ്തസംവത് 117, കാർത്തികമാസം 10, എഡി 436 . ഇതേ ദിവസമാണ് ദാസപുരത്തിൽ കുമാരഗുപ്തന്റെ സാമന്ത ബന്ധുവർമ്മൻ സൂര്യക്ഷേത്രം പണിതത്. ചന്ദ്രഗുപ്തന്റെ കുമാരാമാത്യ ശിഖരവർമ്മൻ പൃഥ്ീഷേണന് കൊടുത്ത ദാനമാണ് രേഖ. ശിഖരവർമ്മൻ കുരമാരവ്യഭട്ടന്റെ പൌത്രനും വിഷ്ണുപാലിതഭട്ടന്റെ പുത്രനുമാണ്. ഛാന്ദോഗ്യശാഖ, അശ്വലായന, വാജിഗോത്ര. പൃഥ്വീസേന ചന്ദ്രഗുപ്തന്റെ മന്ത്രിയാണ്. കുമാരാമാത്യനും മഹാബലാധികൃതനുമാണ്.

പൃഥ്വീശ്വരമഹാദേവനെ (ലിംഗം) പൂജിക്കാനാണ് ദാനം. അയോദ്ധ്യയിൽനിന്ന് വന്ന ബ്രാഹ്മണരാണ് മഹാദേവ ശൈലേശ്വരന്റെ സമീപത്ത് വസിച്ചിരുന്നത്. അവർ വിവിധഗോത്രം ചരണത്തിൽ പെട്ടവരാമ്. വേദപഠനം, മന്ത്ര, സൂത്ര, ഭാഷ്യ,പ്രവചനങ്ങളിൽ ദത്തശ്രദ്ധരാണ്. ഭാരദി....ജാഥയിൽ ദേവദ്രോണിയുമായി ബന്ധപ്പെട്ട ചടങ്ങകളിൽ പ്രവീണരാണ്. ഭരദീയസസപുരിസസ യുഗപ്രകോശ ദാനം എന്ന് പ്രൊ. ബൂലർ പറയുന്ന ചടങ്ങാവാം. ഭാരധീയിലെ പുണ്യപുരുഷനായ യുഗപാജകനു കൊടുക്കുന്ന സമ്മാനം. ദേവദ്രോണി എന്നത് ദേവവിഗ്രഹം തോണിയിലാക്കി ജാഥ പോലെ കൊണ്ടുപോകുന്ന (ആറാട്ടുതോണി) ഉത്സവവുമാകാം. (തൃപ്ര

യാറിലും മറ്റും ഉള്ളപോലെ) ഭാരദി എന്നു കഴി ഞ്ഞ് സമുദ്ര എന്നു കൂടി ഉണ്ടെന്ന് സംശയം പറ യുന്നു. ഭാരദീസമുദ്ര . ഭാരദിസമുദ്രത്തിലാവാം ദേവദ്രോണിയിലുള്ള ആറാട്ടുജാഥ.

നമോ മഹാദേവായ. മഹാരാജാധിരാജശ്രീ ചന്ദ്രഗുപ്തപാദാനുധ്യായാതസ്യ ചതുദുദധി സലിലാശ്വാദിത യശോ മഹാരാജാധിരാജാ കുമാരഗുപ്തസ്യ വിജയരാജ്യസംവത്സരേ ശതേ സപ്തദശോത്തരേ കാർത്തികമാസദശമദിവസേ സ്യാൻദിവസപൂർവ്വായാം ഛാന്ദോഗ്യാചാര്യാ ശ്വവാജിസഗോത്രകുരമരവ്യഭട്ടാരസ്യ പുത്രോ വിഷ്ണുപാലിതഭട്ടസ്തസ്യ പുത്രോ മഹാരാ ജാധിരാജശ്രീ ചന്ദ്രഗുപ്തസ്യ മന്ത്രീ കുമാരാമാ ത്യശ്ശിഖരസ്വാമി അഭൂത് തസ്യ പുത്രാ പൃഥിവീസേനോ മഹാരാജാധിരാജശ്രീ കുമാരഗുപ്തപുത്രസ്യ മന്ത്രീ കുമാരാമാത്യോ നന്തരം ച മഹാബലാധികാരിതഥോ ഭഗവതോ മഹാദേവസ്യ പൃഥ്വീശ്വര ഇതി ഏവം സമാഖ്യാതസ്യ സൈവ ഭഗവതോ യഥാ കർത്തവ്യധർമ്മികകർമ്മണാ പാദശുശ്രൂഷണാ യ ഭഗവച്ശൈലേശ്വരസ്വാമി മഹാദേവ പദമൂലേ അയോദ്ധ്യകനാനാഗോത്രചരണ തപസ്വാദ്ധ്യായമന്ത്രസൂത്രഭാഷ്യപ്രവചനപാരഗ ഭാരദി(ദ സ മ ദ) ദേവദ്രോണ്യാം

ഭാരദി എന്നതിനു ശേഷം 4 അക്ഷരമാണുള്ളത്. നിമജ്ജനം ചെയ്യുന്ന നദിയുടെ പേരാകാമോ ഭാരദി . ഇപ്രകാരം ചിന്തിക്കുന്ന പക്ഷം ഭാര തത്തിലെ ഭാരതീനാമമുള്ള ഏകനദി ഭാരതപ്പുഴ യാണ്. ഇതിന്റെ താരത്ത് ഗുപ്തകാലം മുതലേ വടക്കേ ഇന്ത്യയിൽനിന്ന് (അയോദ്ധ്യ ഉൾപ്പെടെ) ജനം വന്ന് താമസിച്ചിട്ടുമുണ്ട്. . ചന്ദ്രഗുപ്തകാ ലം മുതലുള്ള കേരളബന്ധം നേരത്തേ എന്റെ പുസ്തകങ്ങളിൽ സൂചിപ്പിച്ചത് ഓർക്കുക.

സംഗമസിംഹന്റെ സുനാവോ കല പ്ലേറ്റുകൾ
കാലചൂരി സംവത് 292

2 പ്ലേറ്റ്. 1828ൽ ജാക്സൺ പ്രസിദ്ധീകരിച്ചു. ബ്രോച്ച് ജില്ല ഹൻസോത് മഹലിലെ സുനേവ് കുല്ലഗ്രാമത്തിൽ കാളവണ്ടി പോകുന്ന വഴിയിൽ 2 അടി താഴ്ചയിൽനിന്ന് കുഴിച്ചെടുത്തതാണ്. ചില അക്ഷരങ്ങളില്ല. സീലും നഷ്ടമായിരിക്കു ന്നു. ആദ്യത്തെ പ്ലേറ്റിൽ, 12 രണ്ടാമത്തേതിൽ 13 വരി. തെക്കൻ ലിപി, ഗുജറാത്തി ചാലൂക്യരുടം വലഭി ലിഖിതങ്ങളിലുള്ള ലിപിയാണ്. ബുദ്ദരാജന്റെ സർസവാനി പ്ലേറ്റിലും ഈ ലിപിയാണ്. അക്ഷരങ്ങളുടെ ത്രികോണാകൃതി ജാക്സൺ നിരീക്ഷിച്ചിട്ടുണ്ട്. 200, 90, 10, 5 2 ഇവ സംഖ്യകളായിത്തന്നെ കാണുന്നുണ്ട്. സംസ്കൃ തം തെറ്റില്ലാത്ത രീതിയിലാണ് എഴുതിയിരിക്കു

ന്നത്. വ്യാസവാക്യം ഒഴികെ ഗദ്യമാണ്. ചില പ്രാകൃതവാക്കുകളുണ്ട്. ര കഴിഞ്ഞ് വ്യഞ്ജനം ഇരട്ടിക്കുന്നുണ്ട്. ഭാരുകച്ഛത്തിൽനിന്ന് മഹാ സാമന്ത മഹാരാജാ സംഗമസിംഹനാണ് ലിഖിതം പുറപ്പെടുവിച്ചിരിക്കുന്നത്. അന്തർനർമ്മദാ ഭൂമി.യിലെ സോനവ്വാ ഗ്രാമമാണ് ദാനം ചെയ്യുന്നത്. മഹാകാർത്തികനാളിൽ (കാർത്തികമാസം പൌർണ്ണമി) പല ബ്രാഹ്മണർക്കാണ് കൊടുക്കുന്നത്. സംവത് 292 കാർത്തികശുക്ലപക്ഷ പഞ്ചദശി. ഇത് കാലചൂരി സംവത് ആണെന്നും എഡി 540-541 ആയിരിക്കണമെന്നും ജാക്സൺ. സംഗമസിംഹൻ കാലചൂരികളുടെ മഹാസാമന്തനായിരുന്നു. നർമ്മദയുടെ വടക്കും തെക്കും ആധിപത്യമുള്ള ഒരു രാജാവിന്റെ തെക്കേക്കരയിലെ അന്തർനർമ്മദാവിഷയത്തിലാണ് ദാനം ചെയ്ത ഗ്രാമമെന്നത് ഇതിനു തെളിവായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. എഡി 580ൽ നിരുഹല്ലകന്റെ ഗ്രാന്റ് സമയത്ത് നർമ്മദക്ക് തെക്ക് കാലചൂരികളുടേതാണ്. പർദി പ്ലേറ്റിലെ അന്തർമണ്ഡലീവിഷയം നർമ്മദ , തപതി ഇവക്ക് നടുവിലാണെന്ന് പ്രൊ സ്റ്റെൻ കോൺ ചൂണ്ടിക്കാട്ടുന്നു. പ്രോ കീൽഹോൺ വലഭി, ഗുജറാത്ത് ചാലൂക്യ, കാലചൂരി ഗ്രാന്റുകളിലെ വാക്യങ്ങൾ സമാനമാണെന്ന് നിരീക്ഷിക്കുന്നു.ഇവരെല്ലാം കാലചൂരി ബുദ്ധരാജന്റെ കാലത്താണ് സ്വതന്ത്രഭരണം തുടങ്ങിയതെന്നും അദ്ദേഹം കരുതുന്നു. ബുദ്ധരാജന്റെ സർസവനി പ്ലേറ്റ് കാലചൂരി സംവത്

361 ലാണ്. (എഡി 609-610) ബാദാമി സ്തംഭ ലിഖിതപ്രകാരവും നെരൂർ പ്ലേറ്റ് പ്രകാരവും ഇദ്ദേഹം ചാലൂക്യ മംഗളേശനാലാണ് തോൽപ്പിക്കപ്പെട്ടത്. ഇത് സംഭവിക്കുന്നത് എഡി 601 ഒക്ടോബർ 25 നു മുമ്പാണ്. ഈ പരാജയത്തിന് ശെഷവും അദ്ദേഹം ബ്രോച്ചിൽ ഭരിച്ചിരുന്നു എന്ന് എഡി 609ലെ സരസ്വനി പ്ലേറ്റ് സൂചിപ്പിക്കുന്നു. ത്രൈകൂടകർ 5ആം നൂറ്റാണ്ടിന്റെ അവസാനം തെക്കൻ ഗുജറാത്ത് ഭരിക്കുന്നുണ്ട്. ധാരാസേനന്റെ പർദ്ദി പ്ലേറ്റ് കാലചൂരി സംവത് 231ലാണ്. വിഗ്രഹസേന (സംവത് 231) ബുദ്ധരാജാ (സംവത് 361) ഇവക്കിടയിലാണ് ഈ ലിഖിതം. എഡി 601നു മുമ്പാണ് ബുദ്ധരാജന്റെ ഭരണാരംഭം. അദ്ദേഹത്തിന്റെ അഛൻ ശങ്കര ഗണൻ , സാങ്കേത പ്ലേറ്റ് കാലത്തെ മഹാപീലുപതി നിരിഹുല്ലകന്റെ പ്രഭുവാണ്. ശങ്കരഗണന്റെ അഛൻ കൃഷ്ണരാജനോ അദ്ദേഹത്തിന്റെ മുൻഗാമിയോ ആണ് സംഗമസിംഹന്റെ പ്രഭു. ഭാരുകഛം സാമന്തസിംഹന്റെ വാസസ്ഥലമാണ്. (ബ്രോച്ച്) സോനവ്വ ഈ പ്ലേറ്റുകൾ കണ്ടെത്തിയ സുനാവോ കല ആവണം.

വിന്ധ്യാടവിഷ്വടോയാസു ശുഷ്കകോടര വാസിന കൃഷ്ണാഹയോഭിജായന്തേ പൂർവ്വദായാൻ ഹരന്തി ച എന്ന അവസാനവാക്യശേഷം , മഹാപ്രതിഹാര ഗോപാദ്ധ്യക്ഷ പ്രാപിതാജ്ഞായാ സന്ധിവിഗ്രഹിക

രേവാധ്യായകദൂതകം ലിഖിതം വിഷ്ണുഷേണേനേതി. സം 200 90 2 കാർത്തിക ശു 10 5 എന്ന് ദൂതകനാമം ലിപികനാമം സംഖ്യയിൽ കാലം പറയുന്നു.

മാതാപിതാക്കൾക്കും തനിക്കും കീർത്തിക്കും പുണ്യത്തിനുമായാണ് ഉദകപൂർവ്വം ആചന്ദ്രാർക്കം ദാനം ചെയ്യുന്നത്. ഭാരുകഛരത്തിലെ നിവാസികളായ അനന്തദത്ത (ഛാന്ദോഗ്യഗോത്, ഛാന്ദോഗ്യശാഖ) പ്രജാപതിശർമ്മ (ഗാലവ്യഗോത്രം ഛാന്ദേഗ്യശാഖ) ശിവദേവ (ലൌകാക്ഷി ഗോത്ര,അഥര്യുശാഖ) ഭാനുദേവ (ലൌഹിയാനഗോത്രം, അഥര്യുശാഖ) ഭവരുചി (പൌണ്ഡ്രി ഗോത്രം ഋഗ്വേദ ബഹ്വീചശാഖ) ഇവരാണ് പഞ്ചയജ്ഞങ്ങളായ ബലി, ചരു, വൈശ്വദേവം, അഗ്നിഹോത്രം ഹവനം മുതലായവക്കായി ഈ ദാനം സ്വീകരിച്ചത്. ഈ ജോലികൾ ചെയ്യുന്നതിനായി നാട്ടുകാർ ഇവർക്ക് മേയം, സ്വർണ്ണം , നികുതി മുതലായവ കൊടുക്കണം. മേയം എന്നാൽ അളവാണ്. കൃത്യമായി നിശ്ചയിച്ച അളവിലുള്ള സ്വർണ്ണം കരം മുതലായവ കൊടുക്കണം. (ദക്ഷിണ) ബ്രഹ്മദേയമായി അഗ്രഹാരം നടത്താനും കൃഷി മുതലായവ നടത്താനും മറ്റെല്ലാ അധികാരങ്ങളോടും കൂടിയാണ് ദാനം.

മൂലരാജാ 1 ബലേരാ പ്ലേറ്റുകൾ സംവത് 1051

ജോധ്പൂർ , സാഞ്ചോർ ജില്ലയിലെ ബാലേര ബ്രാഹ്മണദേവാരത്തിന്റെ അധീനത്തിലുള്ള ഇവ ധ്രുവ, മുൻഷി ദേവീപ്രസാദ് എന്നിവർ നിരീക്ഷി ച്ചവയ്ണ്. അവ ഡി. ആർ. ബണ്ഡാർക്കറിൽ നിന്ന് പ്രോ സ്റ്റെൻ കോണൌവിന് കിട്ടി. 2 പ്ലേറ്റ്. 21 വരി. (10, 11 വീതം) സീലില്ല. 10ആം നൂറ്റാണ്ടി ലെ വടക്കൻ നാഗരി ലിപി. ഭാഷ സംസ്കൃതം. വ്യാസവാക്യം ഒഴികെ എല്ലാം ഗദ്യം. ചാലൂക്യ രുടെ അനിഹിലവാദ് ശാഖയിലെ മഹാരാജാധി രാജാ മൂലരാജാ 1 ന്റെയാണ്. അദ്ദേഹത്തിന്റെ വേറെ 2 ലിഖിതം കിട്ടിയിട്ടുണ്ട്. ഏറ്റവും പഴ യത് വിക്രമസംവത് 1030 ഭാദ്രപാദം ശുക്ലപഞ്ചമി. എഡി 974 ആഗസ്ത് 24 തിങ്കൾ. മറ്റൊന്ന് ദാദി പ്ലേറ്റ് വിക്രമസംവത് 1043 മാഘകൃഷ്ണപക്ഷ പഞ്ചദശി ഞായർ എഡി 987 ജനുവരി 2. ഈ ലിഖിതം മൂലരാജന്റെ കിട്ടിയ ലിഖിതങ്ങളിൽവെച്ച് പുതിയതാണ്. സംവത് 1051 മാഘശുക്ലപഞ്ചദശി സോമഗ്രഹണം ശനി എഡി 995 ജനുവരി 19 . കാദി പ്ലേറ്റ് പ്രകാരം മൂലരാജാ ചാലൂക്യവംശമാണ്. മഹാരാജാധി രാജാ രാജി അദ്ദേഹത്തിന്റെ പിതാവാണ്. സ്വ ഭുജബലം കൊണ്ട് സാരസ്വതമണ്ഡലം കീഴടക്കി. ഗുജറാത്ത് ക്രോണിക്കിൾ രാജി കാനൂജിലെ

കല്യാണകടകത്തിലെ രാജാവാണെന്ന് പറയുന്നു. ചാലൂക്യവംശത്തിലെ താമരകളെ വിടർത്തിയ സൂര്യനെന്ന് മൂലരാജനെ ജയന്തസിംഹ, ഭീമദേവ, ത്രിഭുവനപാല എന്നിവരുടെ കാദിപ്ലേറ്റുകൾ വിവരിക്കുന്നു. വടനഗർ പ്രശസ്തിയിൽ അദ്ദേഹം സ്വവംശത്തിന്റെ വില പിടിച്ച മുത്താണെന്നു പറയുന്നു, ധർമ്മത്തിന്റെമൂലവും പ്രജകൾക്ക് ശീതകിരണനും ശത്രുക്കൾക്ക് കാലാഗ്നിയും ആണ്. ചാപോത്കട രാജകുമാരന്മാരുടെ ഭാഗ്യം അദ്ദേഹം സ്വന്തമാക്കി. ദേവപട്ടണം ലിഖിതത്തിൽ ജ്യോതിഷശാസ്ത്രജ്ഞനായ ഊയഭട്ടനും മൂന്ന് മക്കളും (മാധവ, ലൂല, ഭാഭ) അദ്ദേഹത്തിന്റെ ദാനധർമ്മങ്ങളുടെ ചുമതലക്കാരായിരുന്നു എന്ന് കാണുന്നു. ക്രോണിക്കിൾ പ്രകാരം അദ്ദേഹം സംവത് 998-1053 വരെ ഭരിച്ചു. അദ്ദേഹത്തെ ശാകംബരിരാജാവും ഭാരപനും (തൈലപന്റെ സേനാപതി) ആക്രമിച്ചതായി സുകൃതസങ്കീർത്തനം . ഇതിന് കാരണം അവരെപ്പോലെ ചാലൂക്യനല്ല, ചൌലുക്യനാണ് മൂലകനെന്നതാണ്. ചാഹമാന വിഗ്രഹരാജനാണ് ഈ ശാകംബരീരാജാവ് (വിക്രമസംവത് 1030ലെ ഹർഷലിഖിതം) ചൌലുക്യനും രാഷ്ട്രകൂടരാജകുമാരിക്കും ജനിച്ച ചൌലുക്യ വംശത്തിലെയാണ് ഭാരപൻ. അദ്ദേഹവും ചൌലുക്യനാണ്. അതിനാൽ തൈലപന്റെ

സേനാപതിയാവില്ല എന്ന് ഫ്ലീറ്റ്. പൌത്രൻ കീർത്തിരാജൻ അദ്ദേഹം ഭരണം തുടങ്ങിവെച്ച ലാടദേശത്ത് ശകം 940ൽ ഭരിക്കുന്നുണ്ട്. കീർത്തി രാജന്റെ പൌത്രൻ ത്രിലോചനപാല ശകം 972ലും ഭരിക്കുന്നു. ഭാരപ മൂലരാജനെ കന്താദുർഗ്ഗത്തി ലേക്ക് (കച്ചിലെ കിഴക്കൻ ഭാഗമായ കന്തക്കോ ട്ട്) ഓടിച്ചതായി ക്രോണിക്കിൽ പറയുന്നു. എന്നാ ൽ പിന്നീട് അദ്ദേഹം പരാജയപ്പെട്ടു. മൂലരാജാ കാലചൂരികളുമായും യുദ്ധം ചെയ്തിരുന്നു. (ദിയോളി പ്ലേറ്റ് രാഷ്ട്രകൂട കൃഷ്ണ 3, ശകം 862, കര്ഹദ് പ്ലേറ്റ് 880.)കൃഷ്ണന്റെ ഒറ്റ നോട്ടത്താൽ തെക്കേ ഇന്ത്യ മുഴുവനും കീഴടങ്ങിയ വാർത്ത കേട്ട് കാലഞ്ജരത്തേയും ചിത്രകൂടത്തേയും കുറിച്ചുള്ള ആശ ഗുർജ്ജരന്മാർക്ക് ഇല്ലാതായി എന്ന് ഇവ പറയുന്നു. ശകം 890 ലക്ഷ്മേശ്വരലി ഖിതത്തിലും കൃഷ്ണരാജന്റെ ആജ്ഞപ്രകാരം മാരസിംഹൻ ഗുർജ്ജരന്മാരെ പരാജയപ്പെടു ത്തി എന്നുണ്ട്. ഹസ്തികുണ്ഡിയിലെ രാഷ്ട്രകൂട ധവളന്റെ ബീജാപൂർ ലിഖിതത്തിലും മൂലരാജ നെ പറയുന്നതിനാൽ മൂലരാജൻ വിക്രമസംവത് 1053 വരെ ഭരിച്ചു എന്ന് ഉറപ്പിക്കാം.

ചന്ദ്രഗ്രഹണത്തിന് ദുർല്ലഭാചാര്യപുത്രനായ ദീർഘാചാര്യനാണ് ദാനം കൊടുത്തിരിക്കുന്നത്. ഇദ്ദേഹം കന്യാകുബ്ജത്തിൽ നിന്ന് വന്ന വ്യക്തി

യാണ്. കായസ്ഥ കാഞ്ചനനാണ് എഴുതിയിരി ക്കുന്നത്. ഇദ്ദേഹം സംവത് 1045ലെ കാദി പ്ലേ റ്റും എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മകൻ വടേശ്വര സംവത് 1086ലെ ഭീമദേവന്റെ കാദി പ്ലേറ്റ് എഴുതിയിട്ടുണ്ട്. മഹത്തമ ശിവരാജനാണ് ദൂതകൻ. സത്യപുരമണ്ഡലത്തിലെ വരനകത്തി ന്റെ അതിരുകൾ:- കിഴക്ക് ധനാര ഗ്രാമം, തെക്ക് ഗുണ്ടൌക, പടിഞ്ഞാറ് വോധ, വടക്ക് മേത്രവാ ല. സത്യപുരം ഇപ്പോൾ ജോധ്പൂരിലെ സാ ഞ്ചോർ എന്ന് അറിയപ്പെടുന്നു. വരനാക ബാലേ ര. ഇതിന് കിഴക്ക് ഗോണ്ടൌ ഗ്രാമം ഉണ്ട്. (ഗു ണ്ടൌക). ഇതിന് വടക്ക് മിർപൂർ പഴയ മെത്രാ വാല. അതിനു വടക്കുപടിഞ്ഞാറ് കാണുന്ന ബൊദാൻ വോധ ആയിരിക്കണം. ദന്താര ധനാര ആകണം. ഗ്രാന്റ് പുറപ്പെടുവിച്ച അനഹിലപാ തക അൻഹിൽവാദ് ആണ്.

വൻഹദകന്റെ. പെഷവാർ മ്യൂസിയം ലിഖിതം ലൌകികസംവത് 538

1907ലാണ് ഡോ സ്റ്റയിൻ ഈ ശില തന്റെ ഓഫീസി ൽനിന്ന് ആർക്കിയോളജിക്കൽ സർവ്വേക്ക് കൈ മാറിയത്. ഹസാര ജില്ലയിലാണ് ഇത് കിട്ടിയത്. ശാരദാലിപി. 3, 8, 1 ഇവ സംഖ്യയായി തരുന്നു. ഭാഷ സംസ്കൃതം. കുസുമ എന്നതിന് കുസ്മ എന്നും മറ്റും തെറ്റായി എഴുതിയിട്ടുണ്ട്.

വിഷ്ണുവിന്റെ സ്തുതി ഒഴികെ മറ്റെല്ലാം ഗദ്യ മാണ്. ശ്രീസൂരദേ പുത്രനായ ശ്രീ ഈശ്വരനുവേ ണ്ടി മകൻ ശ്രീ വാൻഹദകൻ ഒരു തടാകം നിർമ്മിച്ചു. സ്ഥപതി കാളിയുടെ പുത്രൻ സിംഗാ ളി കാർഗ്ഗി. നവഗ്രാമദ്രാംഗക്കാരനാണ്. ശനി കാർത്തികശുക്ലപക്ഷത്രയോദശി, ലോക്യസംവത് 38, (5 അസ്ത്രവും 100 , ആന അഷ്ടഗജം, 30) എന്ന് ചിഹ്നം. ലൈകികസംവതിൽ 100 കൊണ്ട് സൂചിപ്പിക്കാറില്ല. (ആര് ഡി ബാനർജി). എന്നാ ൽ ഇവിടെ 5 ശതം ഗജം (538) എന്ന് സൂചിപ്പിക്കു ന്നുണ്ട്. എഡി 1461 ഒക്ടോബർ 17 ആണ് ഇത്. ദ്രംഗ എന്നത് മലമുകളിൽ ദിശാനിരീക്ഷണത്തി നുള്ള സ്ഥാനങ്ങളാണ്. ജ്യോതിശ്ശാസ്ത്രനിരീക്ഷ ണവും, ശത്രുക്കളുടെ നിരീക്ഷണവും ഗതാഗ തത്തിനുള്ള കരം പിരിവും ഇവിടെയാണ് നടത്തിയിരുന്നത്. സ്ഥപതി നവഗ്രാമദ്രംഗയിൽ നിന്ന് വന്നതാണ് എന്ന പ്രസ്താവന അതിനാൽ ശ്രദ്ധേയമാണ്.

ഓം സ്വസ്തി! അതസിനവകുസുമനിഭം മന്ദരപരിവർത്തഗ്രിഷ്ടകേയൂരം അപഹരതു ദുരിതമഖിലം മധുമുരനരകാരിവാഹുയുഗം ലോക്യസംവച്ഛരശതേ ഗജത്രിംസാധികേ സംവത് 38 കാർത്തികാ ശു തി 13 ശനൌ. അത്ര ദിനേ ശ്രീസുരദേസുതാ ശ്രീഈശ്വരം ഉദിശ്യ സുതശ്രീ

വാൻഹദകേന പുഷ്കരം കാരയിതം. സ്ഥപതി കാളിസുത സിംഗളി കാർഗ്ഗി നവഗ്രാമദ്രംഗവ്രധ ജന ഓം ശ്രീ സ്ഥാനസ്യ ശ്രേയം ഭവത് ലിഖിതം ലിംഗസ്യ

ധാരാവർഷധ്രുവരാജാ പിംപരി പ്ലേറ്റുകൾ ശകം 697

3 പ്ലേറ്റ്. സീലിൽ മേലെ ചതുർഭുജവിഷ്ണു. കിഴക്കൻ ഖാണ്ഡേഷിലെ ദശരഥപട്ടേലിന്റെയും ലാലാ പട്ടിലിന്റെയും കൈവശമുണ്ടായിരുന്ന ഇവ ശ്രീ ജി കെ ചന്ദോർക്കർ പ്രഭീത എന്ന മറാത്തി പത്രത്തിലാണ് ആദ്യം പ്രസിദ്ധീകരിച്ചത്. അദ്ദേഹവും നാരായണറാവു താതകേയും (ആർക്കിയോളജിക്കൽ ഓഫീസ് പൂന) കെ ബി പഥക്കിന് കൊടുത്തു.

നാഗരിലിപി. വ, ബകാരങ്ങളുടെ ഉപയോഗം ശ്രദ്ധേയം. ബിന്ദുവിന് വിന്ദു എന്ന് ഉപയോഗിക്കുന്നു. രകാരത്തിനുശേഷം വ്യഞ്ജനം ഇരട്ടിക്കുന്നു. (ഇത് എല്ലായ്പോഴും ഇല്ല) ഭാഷ സംസ്കൃതം. ദാനം പറയുമ്പോഴും അവസാനവും ഒഴികെ മുഴുവനും പദ്യം. ഈ പദ്യങ്ങളെല്ലാം പിൽക്കാലരാഷ്ട്രകൂടലിഖിതങ്ങളിൽ ആവർത്തിക്കുന്നുണ്ട്. ധാരാവർഷധ്രുവരാജദേവ , 697 ശകവർഷത്തിൽ ലീലാഗ്രാമം ഭട്ടദേവനെന്ന ബ്രാഹ്മണന് ദാനം ചെയ്തു. അമാവാസി

കാർത്തികമാസം സൂര്യഗ്രഹണത്തിനാണ് ദാനം. കർക്കരാജന്റെ ധൂലിയഗ്രാന്റിൽ (ശകം 701) ഗോവിന്ദരാജാ 2 കാലത്ത് ഇപ്രകാരം പറയുന്നു. ശ്രീപ്രഭൂതവർഷസ്യ.......പ്രവർദ്ധമാനരാജ്യേ തസ്യാനുജഃ ശ്രീധ്രുവരാജനാമ്നാ മഹാനുഭാവോ വിഹിതപ്രതാപഃ പ്രമാഥിതാശേഷ നരേന്ദ്രചക്രഃ ചൂഢാമണിക്രമേണ വാലാർക്ക വപുര്വ്വേബഭൂവ തസ്യ സുത..... ശ്രീകർക്കരാജസ്തദാജ്ഞയാ സവ്വാനേവ ....സമാജ്ഞാപയതി.

തദാജ്ഞയാ എന്നതുകൊണ്ട് ത്രധുവരാജന്റെ ആജ്ഞകൊണ്ട് എന്ന് വരും. ഗോവിന്ദ 2 ന്റെ കാലത്ത് , എപ്രാരം കർക്കരാജാ ധ്രുവരാജന്റെ ആജ്ഞയാൽ സകല സാമന്തരേയും ഭരണാധികാരികളേയും വിളിച്ച് ആജ്ഞാപിക്കും. ഇതിനെ ശരിയായി ഈ ലിഖിതം പറയുന്നുണ്ട്. ഇതിനുശേഷമുള്ള ജാതേ യത്ര ച എന്നാരംഭിക്കുന്ന ശ്ലോകം ധ്രുവനെ ചക്രവർത്തിയായി പറയുന്നു. ധൂലിയഗ്രാന്റിലെ പരാമർശം തെറ്റാണ് എന്ന് തെളിയിക്കുന്നു. ഗോവിന്ദ 2 വിനെ അനുജൻ ധ്രുവൻ പിതാവ് കൃഷ്ണരാജാ 1 നു ശേഷം സ്ഥാനഭ്രഷ്ടനാക്കിയോ. കവി, പൈത്താൻ പ്ലേറ്റുകളിൽ പറയുന്നത്:-

യേനശേ്വതാതപത്രപ്രഹതരവികരവ്രാതതാപാ ത്സലിലം ജഗ്മേ നാസോരധൂലോധവലിത ശിരസാ വല്ലഭാഖ്യഃ സദാജൌ

സ ശ്രീഗോവിന്ദരാജോ ജിതജഗദഹിത സ്ത്രൈണവൈധവ്യഹേതുസ്തസ്യാസോത്സൂന രേകക്ഷണദലിതാരാതിമത്തേഭകുംഭഃ

ഇവിടെ വെൺകൊറ്റക്കുട മുതലായ ചക്രവ ർത്തിചിഹ്നമെല്ലാം ഗോവിന്ദനാണ് കൊടുക്കു ന്നത്. കാളിദാസകവിതയിൽഃ

അഥ വിഷയവ്യാവൃത്താത്മാ യഥാവിഥി സൂനവേ നൃപതികകുദം ദത്വാ യൂനേ സിതാതപവാരണം മുനിവനതരുഛായാം ദേവ്യാ തയാ സഹ ശിശ്രിയെ ഗലിതവയസാമിക്ഷ്മാകൂണാമിദം ഹി കുലവ്രതം (രഘുവംശം 3 ശ്ലോ 70)

വിക്രമസംവത് 48ലെ ദാവൺഗേരേ ശിലാലിഖിതത്തിൽ ചാലൂക്യജയസിംഹനെ കുറിച്ച്ഃഃ

അഗമദഖിലധാത്രീ യേന രാജന്വിതീത്വം നിവസതി നൃപലക്ഷമീര്യസ്യ ശുഭ്രാതപത്രേ സകലവിനമിതാരിക്ഷോണിഭൃന്മൌലിരത്ന-ദ്വിധതിശബലിതപാദോ ശങ്കരോഖണ്ഡഭൂപഃ (എപ്പിഗ്രാഫിക്ക കർണ്ണാട്ടിക്ക വാള്യം 11 ദേവൻഗരേ 1)

മല്ലിസേനന്റെ ശ്രാവണബെലഗോള എപ്പി
ഗ്രാഫിൽ:-

രാജൻ സാഹമനുംഗ സന്തി ബഹവ
ശ്വേതാതപത്രാ നൃപഃ കിന്തു ത്വത്സദൃശാ
രണേ വിജയിനസ്ഥാഗോന്നതാ ദുർല്ലഭാഃ
തദ്വസ്സന്തി ബുധാ ന സന്തി കവയോ
വാദീശ്വരാ വാഗ്മിനോ നാനാശാസ്ത്ര
വിചാരചതുരധിയഃ കാലേ കലൌ മദ്വിധാഃ

ശ്വേതാതപത്രം വെളുത്ത കുട ചക്രവർത്തി
ക്കാണ്.കൃഷ്ണരാജാ 1 നുശേഷം ഗോവിന്ദ 3
തന്നെയാണ് ഭരിച്ചതെന്ന് വ്യക്തം. ധ്രുവ
തന്റെ ജ്യേഷ്ഠനിൽനിന്ന് ചെങ്കോൽ എടുത്ത
താവണം. ശ്രീവല്ലഭൻ (ജിനസേനൻ ഹരി
വംശത്തിൽ പറയുന്നു) ഗോവിന്ദ 2. ആണെ
ന്ന് ഫ്ലീറ്റ് കരുതുന്നു. എന്നാൽ പിന്നീട് അത്
മാറ്റി അദ്ദേഹം ഗോവിന്ദ 3 എന്നും പറഞ്ഞു
ഇന്ദ്രായുധനാമനെന്നത് നാമമോ വിശേഷണ
മോ എന്ന ചോദ്യത്താലാണ് ഇത്. കാളിദാ
സൻ രഥാംഗനാമൻ നാമമായാണ് ഉപയോഗി
ക്കുന്നത്. ജിനസേനൻ ഇന്ദ്രായുധനാമൻ നാമ
മായിട്ടാണ് ഉപയോഗിച്ചത്.ഫ്ലീറ്റ് ധ്രുവനാണ്
ശ്രീവല്ലഭബിരുദമുള്ളതെന്നും ഗോവിന്ദ 2 വല്ല
ഭനാണ് എന്നും വ്യത്യസ്തമാക്കിയും
പറഞ്ഞു. ശകം 705ൽ രചിച്ച ജിനസേനന്റെ
കൃതിയിൽ കൃഷ്ണന്റെ മകനായ ശ്രീവല്ലഭൻ
ധ്രുവൻ തന്നെയാണ്. കലിവല്ലഭനെന്ന് ധ്രുവന്

പേരുണ്ട്. മന്നേ ഗ്രാന്റിലും സിരൂർ ലിഖിതത്തിലും ഈ പദം ഉണ്ട്.

ലബ്ധപ്രതിഷ്ഠമചിരായ കലിം സുദൂര-
സുത്സാർത്ഥശുദ്ധചരിതൈർധരണീതലസ്യ
കൃത്വാ പുനഃകൃതയുഗശ്രിയമപ്യശേഷം
ചിത്രം കഥം നിരുപമോ കലിവല്ലഭോഭൂത്

ഇവിടെ ദ്വയാർത്ഥത്തിലാണ് കലിവല്ലഭപദം. കലികാലത്തെ വല്ലഭനാണ്. കലികാലത്തെ സ്വന്തം ശുദ്ധചരിത്രത്താൽ ഭൂമിയിൽ നിന്ന് ഒഴിച്ചുനിർത്തിയവനുമാണ്.

ശംഖവിവരകത്തിലെ വിജയശിബിരത്തിൽനിന്ന് പരമഭട്ടാരക മഹാരാജാധിരാജാ പരമേശ്വര പൃഥ്വീവല്ലഭ ധാരാവർഷ ധ്രുവദേവ തനിക്കും മാതാപിതാക്കൾക്കും ഈ ലോകത്തും പരലോകത്തുമുള്ള ശ്രീക്കായി , വടനഗരിക 84ലെ ലീലാഗ്രാമം ഭട്ടാവുകദീക്ഷിതപുത്രൻ ഭട്ടദേവന് (ഭരദ്വാജഗോത്രം കാണ്വശാഖ) കൊടുത്തു. ഇദ്ദേഹം ജംബൂസരസ്ഥാനത്തുനിന്നാണ് വന്നത്. അതിർത്തികൾ:- കിഴക്ക് ലഘുദേജ്രാര ഖേടകം, തെക്ക് തലാപാതകഗ്രാമം, പടിഞ്ഞാറ് അജ്ജലോനി ദ്രാമം, വടക്ക് മോസിനി നദി. ബലി, ചരു, വൈശ്വദേവ, അഗ്നിഹോത്ര, അതിഥി മുതലായ പഞ്ചയജ്ഞവും മറ്റു ക്രിയകളും ചെയ്യാനാണ് ദാനം. ഭട്ടഹേരംബകനെ ദൂതകനായി അയച്ചു. എഴുതിയത് ബാലാധികൃതപുത്രൻ മഹാസന്ധിവി

ഗ്രഹാധികൃത ശ്രീമന്ദല്ല. ലീലാഗ്രാമവും വടന ഗരികയും നീലഗവാഹനയും വനിയുമാണെ ന്ന് പറയുന്നു.

ലാസയിലെ താ-ചൌ-സ്സു ക്ഷേത്രത്തിലെ തിബത്തൻ ശിലാലിഖിതം എഡി 822

തിബത്തൻരാജാവ് ക്രി ബ്ത്സോങ് ഇഡേ ബ്ത്സന്റെ കാലം. തിബത്തൻ, ചൈനീസ് ഭാ ഷകളിലാണ്. ചൈനീസ് ബാഗം ഡോ ബുഷെ ൽ പ്രസിദ്ധീകരിച്ചു. (1880) ഇത് എ്.എച്ച്. ഫ്രാങ്കിയുടെ തിബത്തൻഭാഗത്തിന്റെ പഠന മാണ്. പെക്കിങ്ങിൽനിന്ന് 1869ലാണ് അദ്ദേഹ ത്തിന് ഇത് ലഭിച്ചത്. 78 വരിയുണ്ട്.

തിബത്തിലെ ഈശ്വരാവതാരമായ രാജാവ് ബ് സാൻപോ, ചൈനയിലെ രാജാവ് ഹ്വാങ്തേ , മരുമകനും അമ്മാമനും തങ്ങളു ടെ ഭരണൂടത്തിന്റെ ഒരുമക്കായി പ്രാർത്ഥിക്കു ന്നു. സഭ വിളിച്ചുകൂട്ടി, സാക്ഷികളോടു കൂടി ....അവതാരം ഇഡേ ബ്ത്സൻ, ബൂൻബൂ ഹ്യുത ----അമ്മാമനും മരുമകനും യുദ്ധമി ല്ലാതെ എല്ലാവരും സമാധാനമായിരിക്കാൻ പ്രാർത്ഥിക്കുന്നു. ഇപ്പോളുള്ള രാജ്യം കൊണ്ട് ചൈനയും തിബത്തും സമാധാനമായി ജീവി ക്കണം. കിഴക്കോട്ടുള്ള രാജ്യം ചൈനയുടേതാ ണ്. പടിഞ്ഞാട്ടുള്ളത് തിബത്തിന്റെതാണ്. ഇരു

വരും ശത്രുവായി യുദ്ധം ചെയ്യരുത്. പൌര ന്മാരേയും ഭടന്മാരേയും രാജ്യദ്രോഹികളെന്ന് സംശയിച്ച് പിടിക്കുന്ന പക്ഷം ചോദ്യം ചോ ദിച്ച് തിരിച്ചയക്കണം. ഈ സഭയിൽ അമ്മാമ നും മരുമകനും ഇതിന് തീരുമാനിച്ചു. യാത്ര കളും ഗതാഗതവും പരസ്പരസംവേദനവും ദൂതന്മാരുടെ യാത്രയും പഴയപോലെ പഴയ പാതയിലൂടെ നടക്കണം. തിബത്തന്മാരും ചൈ നക്കാരും കുതിരകളെ പരസ്പരം കച്ചവടം ചെയ്യണം. ഇരുകൂട്ടരും പരസ്പരം കണ്ടാൽ ബഹുമാനിക്കണം. അമ്മാമനും മരുമകനും പരസ്പരം ബന്ധുക്കളാണ് ആദരപൂർവ്വം രണ്ട് രാജ്യവും പെരുമാറണം. അവർക്കിടയി ൽ തീയോ പുകയോ ഉണ്ടാവരുത്. ശത്രുത യോ അക്രമമോ അരുത് . അതിർത്തികാവ ൽക്കാരെ ചൊല്ലി ഭയമോ ദുഃഖമോ പാടില്ല. പ്രശസ്തി, ദയ, സന്തോഷം ഇവ 10000 വരെ വ്യാപിക്കണം, സൂര്യചന്ദ്രന്മാർ വരെ എത്ത ണം. തിബത്തുകാർ തിബത്തിലും ചൈനക്കാർ ചൈനയിലും സന്തോഷമായി ജീവിക്കണം. മൂന്ന് ഈശ്വരന്മാരും ആകാശവും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഇതിന് സാക്ഷ്യം വഹിക്കണം. ജീവികളെ വധിച്ച് പ്രതിജ്ഞ എടുക്കുന്ന പക്ഷം ഏതെങ്കിലും കുറ്റം ചെയ്യുന്ന പക്ഷം , തിബത്തിലായാലും

ചൈനയിലായാലും അവിടത്തെ മന്ത്രിമാർ നടപടി എടുക്കണം. ഇരുരാജാക്കന്മാരും സീൽ വെച്ച് ഉറപ്പിക്കുന്നു. മന്ത്രിമാരും മറ്റുള്ളവരും ഒപ്പു വെച്ചിരിക്കുന്നു.

(ഇത് ഒരു സമാധാനസന്ധിയാണ്)

കാനൂജിലെ ഹരിശ്ചന്ദ്രദേവന്റെ മച്ചിലീശ്വർ താമ്രപത്രം വിക്രമസംവത് 1253

ഒരു പ്ലേറ്റ്. മച്ചിലീശ്വർ തഹസീൽ, ഗീസ്വാ പർഗ്ഗാനാ കോത്വാ ഗ്രാമത്തിൽനിന്ന് കിട്ടിയത്. ജോൺപൂർജില്ലയിലെ ക്ഷാമപ്രവർത്തനത്തിന് ഭൂമി കുഴിച്ചപ്പോൾ മച്ചിലിഷഹറിൽ നിന്ന് ജംഗൈ വരെയുള്ള റോഡിന്റെ കിഴക്കുഭാഗത്തുനിന്നാണ് ലഭിച്ചത്.നാഗരിലിപി. സംസ്കൃതഭാഷ. 16 ശ്ലോകം. ആദ്യത്തെ 14 ജയചന്ദ്രദേവന്റെ ഗ്രാന്റുകളിലുള്ളതാണ്. 15, 16 ഹരിശ്ചന്ദ്രദേവനെ പ്രശംസിക്കുന്നു. 20-27 ഗ്രാന്റാണ്. അത് ഗദ്യമാണ്. മറ്റു ഗഹദവാലഗ്രാന്റുകളിലെ പോലെയാണ്.

പരമഭട്ടാരക മഹാരാജാധിരാജാ പരമേശ്വര ഹരിശ്ചന്ദ്രദേവ (ജയചന്ദ്രദേവപുത്രൻ) ധനംവക്രത്തിൽ വസിക്കുമ്പോൾ ഗംഗയിലെ ച്യവനേശ്വരഘട്ടത്തിൽ കുളിച്ച് പമൈഹ ഗ്രാമവും അതിന്നടുത്തുള്ള പാടകങ്ങളും , കശ്യപഗോത്രത്തിലെ താക്കൂറ മദനുവിന്റെ

പുത്രൻ രാഹീയീയകന് ഞായറാഴ്ച, പൌഷം ശുക്ലപക്ഷ പഞ്ചദശിക്ക് വിക്രമസംവത് 1253ൽ ദാനം ചെയ്തു. മഹാക്ഷപാടലിക താക്കൂറ ഭോഗാദിത്യ എഴുതി. വൃത്താകൃതിയുള്ള സീലിൽ ഗരുഡനും ശംഖും അവക്കിടയിൽ ശ്രീമതഹരിശ്ചന്ദ്രദേവസ്യ എന്നും ഉണ്ട്. ഹരിശ്ചന്ദ്രദേവ ജയചന്ദ്രദേവന്റെ മകനാണെന്ന് വേറെ രേഖകളിലുമുണ്ട്. എന്നാൽ അദ്ദേഹം കാനൂജ് ഭരിച്ചിരുന്നു എന്ന് ഈ ഒറ്റ ലിഖിതത്തിലേ ഉള്ളു. വിക്രമ 1253-54 എഡി 1197 ജനുവരി 8 ആണ് ലിഖിതം. പമഹാ എന്നതിന്റെ സ്ത്രീലിംഗമാണ് പമൈഹ. അടുത്തടുത്ത് 2 ഗ്രാമങ്ങളുള്ളപ്പോൾ വലുതിന് പുരുഷനാമവും ചെറുതിന് സ്ത്രീനാമവും കൊടുത്തിരുന്നു. ലിഖിതം കിട്ടിയ സ്ഥാനത്തിന് 2 മൈൽ അപ്പുറത്ത് പോഹ എന്ന ഗ്രാമമുണ്ട്. ജയചന്ദ്രന്റെ കമൌലി പ്ലേറ്റുകളിലൊന്നിൽ (വിക്രമ സംവത് 1232) കാശിയിൽ വെച്ച് ഹരിശ്ചന്ദ്രദേവന്റെ ജാതകർമ്മം ചെയ്യുന്നുണ്ട്. അത് എഡി 1175 ആഗസ്ത് 10നാണ്. അത് ഹരിശ്ചന്ദ്രദേവന്റെ ജന്മനാളാണ്. ഈ ലിഖിതകാലത്ത് ഹരിശ്ചന്ദ്രദേവന് 21 വയസ്സാണ്. അദ്ദേഹത്തിന്റെ കിരീടധാരണം എഡി 1187 നും 1197നും ഇടയിലാണ്. 1193ൽ ഷിഹാബ് ഉദീൻ കാനൂജ് നശിപ്പിച്ചു. എന്നിട്ടും 1197ൽ

ഹരിശ്ചന്ദ്രദേവൻ താനാണ് രാജാവെന്ന പോലെ ലിഖിതം പുറപ്പെടുവിക്കുന്നതിൽ ആശ്ചര്യം തോന്നേണ്ടതില്ല. ഏതാനും മാസം മുമ്പ് മാത്രം പുറപ്പെടുവിച്ച ബേൽഖാരാ സ്തംബലിഖിതം ഹരിശ്ചന്ദ്രദേവനു ശേഷമു ള്ള പേരു പറയാത്ത ഒരു ദാഹദവാല രാജാ വിന്റെതാണ്. കാനൂജിൽനിന്ന് 200 മൈൽ അകലെയുള്ള ഗ്രാമമാണ് ദാനം കൊടുക്കുന്ന ത്. അത് നാമമാത്രമായ ഭരണമായിരിക്കാം. എന്നാലും ദനം പഴയ രാജവംശത്തെ മറന്നി രുന്നില്ല എന്നേ ഉള്ളു.

വിക്രമാദിത്യ 1 ഗഡ്വാൾ പ്ലേറ്റുകൾ എഡി 674

കുർണൂലിലെഒരു സ്കൂൾ വിദ്യാർത്ഥിയായി രുന്നു ഇവയുടെ ഉടമസ്ഥൻ. ഹൈദരബാദിലുള്ള ഗഡ്വാളിലെ അവന്റെ വീട്ടിലുണ്ടായിരുന്നതാണ്. വയലിൽ നിന്ന് ഒരു വൃദ്ധക്ക് കിട്ടി. ഹുൾട്സ് ഇവ വായിച്ചു. 3 താമ്രപത്രം. വൃത്തസീൽ. ഓടു ന്ന വരാഹചിത്രം വലത്തോട്ട് തിരിഞ്ഞാണ്. ഈ രാജവംശത്തിന്റെ മറ്റു ലിഖിതങ്ങളിലെ ലിപി തന്നെയാണ്. വ്യക്തിനാമം പ്രാകൃതമാണ്. (ചന്ത, കാൻഹ, മഹീസര) മൂന്ന് ദ്രാവിഡനാമം ഉണ്ട് (താത്തമ്മ, പാദമ്മ, കൊന്ന). സംസ്കൃതഭാഷ. പദ്യവും ഗദ്യവും കലർന്നതാണ്. സന്ധിനിയമം നൂന്നിടത്തൊഴികെ കൃത്യമായി പാലിക്കുന്നു

ണ്ട്. പടിഞ്ഞാറൻ ചാലൂക്യ വിക്രമാദിത്യ 1 ന്റെ. ദാനമാണ്. സത്യാശ്രയപുലകേശി 2 വിന്റെ മകനും കീർത്തിവർമ്മൻ 1 ന്റെ പൌത്രനുമാണ്. വിക്രമാദിത്യ 1 ന് അനിവാരിത, ശ്രീവല്ലഭ, രണരസിക, രാജമല്ല മുതലായ ബിരുദങ്ങളുണ്ട് . നരസിംഹവർമ്മ 1, മഹേന്ദ്രവർമ്മ 2, പരമേശ്വരവർമ്മ 1 എന്ന് 3 പല്ലവരാജാക്കന്മാരെ അദ്ദേഹം പരാജയപ്പെടുത്തി. നാല് ആര്യാവൃത്തങ്ങളിലാണ് ഇക്കാര്യം പറയുന്നത്. പരമേശ്വരവർമ്മനെ ഈശ്വരപോതരാജാ എന്ന് വിളിച്ചിരിക്കുന്നു. വിക്രമാദിത്യൻ മഹാമല്ല വംശത്തെ നശിപ്പിച്ചു എന്ന് 5ആം ശ്ലോകം. വൈശാഖപൌർണ്ണമി 20ആം വർഷമാണ് ലിഖിതം. എഡി 674 ഏപ്രിൽ 25 ചൊവ്വ. വിക്രമാദിത്യൻ ഈ ഗ്രാന്റ് പുറപ്പെടുവിക്കുമ്പോൾ അദ്ദേഹത്തിന്റെ സൈന്യം ചോളികാവിഷയത്തിൽ പ്രവേശിച്ച് കാവേരിയുടെ തെക്കേ കരയിലെ ഉരഗപുരത്ത് തമ്പടിച്ചിരിക്കയാണ്. കാളിദാസന്റെ രഘുവംശം ഉരഗപുരത്തെ പാണ്ഡ്യതലസ്ഥാനമായി പറയുന്നു. ഉരഗപുരം നാഗപട്ടണമാണെന്ന് പറയുന്നുണ്ട്, ഉറയൂരാണെന്നും അഭിപ്രായമുണ്ട്. പഴയ ചൈനീസ് സഞ്ചാരികൾ സിലോണിലേക്ക് ഇവിടെനിന്നാണ് കപ്പലിൽ പുറപ്പെട്ടിരുന്നത്. ഗംഗമഹാദേവിയുടെ അപേക്ഷപ്രകാരമാണ് ദാനം. വിക്രമാദിത്യന്റെ പത്നിയാണ്

ഇവർ. 3 ബ്രാഹ്മണർക്ക് 50 നിവർത്തനം വീതം ഭൂമി ചേദൂള്ളിഗ്രാമത്തിലാണ് കൊടുത്തിരിക്കുന്നത്.

ദക്ഷിണേന്ത്യയെ അവളുടെ കാഞ്ചി പിടിച്ച് വശഗയാക്കിയതായി പറയുന്നുണ്ട്. അവിടത്തെ അവളുടെ ശയ്യയെ അലങ്കരിച്ചിരുന്ന പല്ലവങ്ങളെ അദ്ദേഹം ഇല്ലാതാക്കി. 596 ശകം വർഷം കഴിഞ്ഞ്, തന്റെ 20ആം ഭരണവർഷത്തിൽ സൈന്യം ചോളികവിഷയത്തിലെ കാവേരിയുടെ തെക്കെ കരയിലെ ഉരഗപുരത്ത് തമ്പടിച്ചിരിക്കെ വൈശാഖപൌർണ്ണമിക്ക് ചേദുള്ളിഗ്രാമത്തിലെ 50 നിവർത്തനം വീതം ഓരു ഖാണ്ഡുകം നെല്ലോടുകൂടി ഗംഗാദേവിയുടെ അപേക്ഷ മാനിച്ച്, കാൻഹശർമ്മന് കൊടുത്തു. ഇദ്ദേഹം കാപ്യഗോത്രം സ്വാമിചന്ദശർമ്മന്റെ മകനും ഈശ്വരഷഡംഗവിദിന്റെ പൌത്രനുമാണ്. അതേ ഗ്രാമത്തിലെ 50 നിവർത്തനം താതമ്മസ്വാമി പുത്രനും മഹീശ്വരസ്വാമിപൌത്രനും വത്സഗോത്രവുമായ പാദമ്മസ്വാമിക്ക് കൊടുത്തു. 50 നിവർത്തനം ഒരു സലഗേ നെല്ലോടുകൂടി കൊന്നശർമ്മനും കൊടുത്തു. വ്യാസവാക്യം ഉദ്ധരിച്ചശേഷം എഴുതിയത് സന്ധിവിഗ്രഹി ജയസേനനാണെന്ന് പറഞ്ഞിരിക്കുന്നു.

ആജ്ഞാപ്തി കുന്ദസ്വാമിക്കാണ് ഏൽപ്പിച്ചിരിക്കുന്നത്.

സിഥിയൻകാലത്തെ പുതിയ ബ്രാഹ്മിലിഖിതങ്ങൾ

1 1908ൽ ലക്നൌ മ്യൂസിയത്തിൽ കണ്ടത്. 4 എണ്ണം ബറൈലിജില്ലയിലെ റാംനഗർകോട്ടയിൽനിന്നും 2 എണ്ണം മഥുരയിൽനിന്നും കിട്ടി. രഖാൽ ദാസ് ബാനർജി ഇവയെ പഠിച്ചു. എപ്പിഗ്രാഫിക്ക ഇൻഡിക്ക വാല്യം 10ൽ പ്രസിദ്ധീകരിച്ചു. സിഥിയൻകാലത്തെ ശിൽപ്പങ്ങൾ മഥുരയിൽനിന്ന് കിട്ടിയതും ആഗ്ര മ്യൂസിയത്തിലുണ്ട്.

1, 1886ൽ മഥുരജില്ലയിൽനിന്ന് ശേഖരിച്ചവ

2. 1888-86 കാലത്ത് മഥുരയിൽനിന്ന് കുഴിച്ചെടുത്തവ

3.അഹിച്ഛത്ര എന്ന പുരാതനനഗരമായ രാംനഗറിൽനിന്ന് 1891-92ൽ ലഭിച്ചവ.

ഇതുവരെ 22 ലിഖിതത്തിലെ 14 എണ്ണം ആരും വായിച്ചിട്ടില്ല. അവ.ൌ രാഖാൽദാസ് ബാനർജി വായിച്ചു. രാംനഗറിലെ ലിഖിതം പാഞ്ചാലമെന്ന നാടിനെ പറയുന്നു. തലസ്ഥാനം അഹിച്ഛത്രം എന്നും പറയുന്നു. രാംനഗറും അഹിച്ഛത്രവും ഒന്നാണെന്ന് അതിനാൽ ഉറപ്പാക്കി. വൃക്ഷവും പൂക്കളുമുള്ള 2 ശിൽപ്പം മഥുര

യിലെ ശിൽപ്പകലയുടെ അധപതനം കാണിക്കുന്നു. ഒന്നിൽ ഉയരം കൂടിയ വൃക്ഷം, മനോഹരമായ തടി, പൂക്കളും ഇലകളും അനുപാതത്തിലാണ്. രണ്ടാമത്തേതിൽ അനുപാതമില്ലാതെ ഭംഗിയില്ലാതെയാണ് ഉണ്ടാക്കിയിരിക്കുന്നത്.

മഞ്ഞസാൻസ്റ്റോണിലെ ലിഖിതം- ശിൽപ്പം പഴയ അഹിഛത്രത്തിൽനിന്ന് വന്നതാണ്. (ബറൈലി ജില്ല). ഏപ്രിൽ 1892ൽ ശകം 5ലെ ലിഖിതമാണ് ഇതിൽ കണ്ടത്. രോഹിൽഖണ്ഡിലെ പഴയ ബുദ്ധകേന്ദ്രത്തിൽനിന്നാണ് കുഴിച്ചെടുത്തത്. 8ആം വരിയിലെ പാഞ്ചാലിയെ എന്നത് ബുഹ്ലർ പാഞ്ചാല എന്ന് വായിച്ചടുത്തു. അതാണ് ശകം 5 എന്ന് വിചാരിച്ചത്. ലിപിയെ ക്ഷത്രപലിപി എന്ന് അദ്ദേഹം വിളിച്ചു. ആദ്യകാലകുശാന ലിപിയെക്കാളും പ്രാചീനമാണ് അവ. രാജനാമം നഷ്ടമായി. രാജാവിന്റെ ാദ്യഭരണവർഷമമാണ് ലിഖിതം. വളരെ അപൂർണ്ണമാണ്.

...........ന ഭഗവ.............ഭുഗര.....

.......വർഷേ പ്രഥമേ...,,,,,,,ദിവസേ 10 1.....

.......ധ്രുവമിത്രസ്യ പ്രപൌത്രേന

......അയ പൌത്രേന സൌ......ഭാർഗ്ഗവീപുത്രേന ....സു പാഞ്ചാലിയേ.......സ്ഥിതേന ഹാതി.... ...കായം...പതിതാഃ....ഇതഃ സ്ഥിതേന.....

7, 8 വരികളിലെ ഏകാരം വലത്തോട്ട് മാത്ര കൂട്ടി മൌര്യബ്രാഹ്മിപോലെ പ്രയോഗിക്കുന്നു. ആകാ രം കുശാനലിപി പോലെ ഇടത്തോട്ട് ചെ രിഞ്ഞ ലിപിയാണ്. വരി 6 ൽ ഔ രണ്ടുപ്രാവ ശ്യം ഉണ്ട്. ഇത് സമുദ്രഗുപ്തന്റെ അലഹബാദ് ലിഖിതത്തി ലുള്ള പോലെയാണ്. ദിവസം സം ഖ്യയിലാണ്. വരി 10ൽ തകാരം രണ്ടുവിധം എഴുതിയിരിക്കുന്നു. മാത്രാസ്ഥാനത്ത് ഗുപ്ത, ചിത്രവർണ്ണലിപികളിലുള്ളപോലെ ബോ ക്സ്ഹെഡഡ് ക്യൂബ് കാണാം. വിസർഗ്ഗം 2 പ്രാവശ്യം (വരി 10ലും 11ലും) ഉണ്ട്. യകാരം ഒറ്റക്ക് വരുമ്പോൾ ഖരോഷ്ടിയിലെ മേ പോലെ യാണ്. ദാനം ചെയ്ത രാജാവിന്റെ മുതുമുത്ത ഛന്റെ പേരാണ് ധ്രുവ മിത്ര. (കണ്ണിങ്ങാം. പാ ഞ്ചാലനാണ്യങ്ങളിലെ വായന വെച്ച്).രാജാവി ന്റെ 1ആം ഭരണവർഷം, ഏകാദശിക്ക്, (മാസം ഇല്ല) ഭാർഗ്ഗവഗോത്രത്തിലെ (ഭാർഗ്ഗവി) മാതാ വിന്റെ മകനും ധ്രുവമിത്രന്റെ പേരക്കുട്ടിയുടെ പേരക്കുട്ടി.യുമായ രാജാവാണ് ദാനകര്ത്താവ്. പാഞ്ചാലത്തിലെ ഗ്രാമമാണ് ദാനം.

2 ബോധിസത്വവിഗ്രഹത്തിനു താഴെഃ- സംസ്കൃതഭാഷ. ആദ്യകാലകുശാനലിപി. ബുദ്ധവിഗ്രഹമല്ല, ബോധിസ്തവവിഗ്രഹമാണ്. ഒരു വരി ലിഖിതം. ....വർഷാ മാസേ 2

ദിവസേ 6 അസ്യാം പൂർവ്വായാം....നേന ബോധിസതോ പ്രതിഷ്ഠാപിതോ മാതാ പിതിഹി സഹ..

മഴക്കാലത്ത് രണ്ടാം മാസം, 6ആം ദിനം ബോധിസ്ത്വവിഗ്രഹം ......മാതാപിതാക്കളോടു കൂടി പ്രതിഷ്ഠിച്ചു. പീഠത്തിൽ 2 പേർ പടികളിൽ സംസാരിച്ചുകൊണ്ടിരിക്കുന്ന ശിൽപ്പം ഉണ്ട്. തല അൽപ്പം പോയിരിക്കുന്നു.

3 വർഷം 9ലെ ലിഖിതമുള്ള ജൈനവിഗ്രഹം. ലക്നൌ മ്യൂസിയത്തിലാണ്. കിട്ടിയത് എവിടെനിന്ന് എന്നറിയില്ല. ദിഗംബരന്റെ തല പോയ വിഗ്രഹമാണ്. വിരിഞ്ഞ താമരയിലാണ് നിൽക്കുന്നത്. വലത്ത് 2 പേർ കൈകൂപ്പി നിൽക്കുന്നു. അവർ പരസ്പരം പിന്തിരിഞ്ഞാണ് നിൽക്കുന്നത്. ഇടത്ത് ചാമരധാരിണി ഉണ്ട്. ഇരുവശവും ഉയരമുള്ള മെലിഞ്ഞ തൂണിന്റെ. ശിരോഭാഗം മണിപോലെയാണ്. ചതുരത്തിലുള്ള അബാക്കസ് അതിന്റെ വക്കത്ത് 2 പത്മങ്ങളോടെ കാണാം ഇടത്തെ തൂണിന് കേടുപാട് വന്നിട്ടുണ്ട്. ഉയരമുള്ളതും ചതുർദ്ദളപുഷ്പങ്ങളുള്ളതുമായ അശോകവൃക്ഷം കൊത്തിയിട്ടുണ്ട്. വൃക്ഷത്തിന്റെ ഇടത്തുവശത്ത്, വലംകൈയിൽ വൂമാല ധരിച്ച് സ്ത്രീയും, മുമ്പിൽ അവളുടെ കുട്ടിയും ഉണ്ട്. കൈകൂപ്പിയാണ് കുട്ടി. വലത്തുവശം പാത്രത്തിൽ ഉള്ള വൃക്ഷം ഇലക

ളോടുകൂടിയതും പൂമാല ഇട്ടതുമാണ്. അതിനടുത്ത് കൈകൂപ്പി പുരുഷശിൽപ്പം ഉണ്ട്. 3 വരി പീഠത്തിലും താമരയിതളിലും 2 വരി ജനന്റെ കാലുകളുടെ ഇടയിലും. സംസ്കൃതം. ലിപി വടക്കൻ കുശാനലിപി. കുശാനവര്ഷം 9 ലാണ്. കനിഷ്കകാലമാകാം. തരികയുടെ അപേക്ഷപ്രകാരം ഗഹപാലാ എന്ന സ്ത്രീയുടെ വിഗ്രഹം സ്ഥാപിച്ച രേഖയാണ്. സിദ്ധം സം 9 ഹേ 3 ദി 10 ഗ്രഹമിത്രസ്യ ധിതു ശിവശിരിസ്യ വധു എക്രദലസ്യ കൊട്ടിയാട്ടോ ഗണതോ ആര്യ തരികസ്യ കുടുംബിനിയേ തനിയാതോ കുലാതോ വൈരതോ ശാഖതോ നിവർത്തന ഗഹപാലയേ ദത്തി. വർഷം 9, ശിശിരത്തിലെ 3ആം മാസം, 10ആം ദിനം എക്രദലപത്നിയും ശിവശ്രീയുടെ പുത്രവധുവും ഗ്രഹമിത്രപുത്രിയുമായ ഗഹപാല , കോട്ടീയഗണത്തിലെ സ്ഥാനീയകുലത്തിലെ വജ്രശാഖയിലെ താരികയുടെ അപേക്ഷപ്രകാരം.

ദിനന്റെ പാദങ്ങൾക്കിടയിലെ 2 വരിഃ-
ആര്യഅഘമസ്യ ശിശിനി (ആര്യ അഘമന്റെ ശിഷ്യ)

4 ജൈനവിഗ്രഹലിഖിതം 12ആം വർഷം-

ജിനൻഇരിക്കുന്ന സിംഹാസനത്തിലും, അതിന്റെ താഴെയുമായി 4ഉം 2ഉം വരി. വിഗ്രഹത്തിന് ഇടംകൈ ഇല്ല. ധ്യാനമുദ്രയിലാണ് ഇരിക്കുന്നത്. രണ്ട് സിംഹം താങ്ങുന്നു.സിംഹങ്ങളുടെ ഇടയിലായി ധർമ്മചക്രം ചെറിയ തൂണിൽ ഒരു ചതു

രഅബാക്കസോടുകൂടി കാണാം. ഇരുവശവും ഓരോ ഭക്രൻ ഇരിക്കുന്നു. തൂണിന് വലത്തു വശം 10 സ്ത്രീകൾ പൂമാലകളോടുകൂടി 2 വരി യായി നിൽക്കുന്നു.ഇടത്തുവശം അതേപോലെ പുരുഷന്മാരും ഉണ്ട്. സാധാരണ മഥുരയിലെ വിഗ്രഹപീഠങ്ങളിൽ പുരുഷന്മാർ ചക്രത്തിനു വലത്തും സ്ത്രീകൾ ഇടത്തുമാണ് കാമാറ്. ഇവിടെ വിപരീതമാണ്. 1892ലെ റിപ്പോർട്ടിൽ ഫൂററർ പറയുന്നത് രാംനഗറിലെ ദിഗംബരക്ഷേ ത്രത്തിൽനിന്ന് കിട്ടിയതെന്നാണ്.

സം 10 2 വ 4 ദി 10(1)ഏ്യതസ്യ പൂർവ്വായാം കോട്ടിയതോ ഗണതോ ബംഭാദാസിയതോ കുലാതോ ഉച്ചേനാഗരിതോ ശാഖാതോ ഗണിസ്യ ആര്യ പുശിലസ്യ ശിശിനി ദത്തില...തി ഹരിനന്ദസ്യ ഭഗിനിയേ നിവർതനാ സാവികാനാം വധകിനിനാം ജിനദാസി രുദ്രദേവ ദത്താഗലാ രുദ്രദേവസാമിനാ രുദ്ര....ഗഹമിത്ര...കുമാരശിരി വമദാസി ഹസ്തിസേന ഗ്രഹശിരി രുദ്രദത്താ ജയദാസി മിത്രശിരി..(ഇന്ത്യൻ മ്യൂസിയെ ബോധഗയയിലെ ബുദ്ധവിഗ്രഹത്തിലും ദത്തഗലാ എന്ന് കാണു ന്നു. ഇത് ഗ്രാമനാമമാണെന്ന് പറയുന്നു)

വർഷം 12, വർഷകാലം മാസം 4, ഏകാദശി, ഒരു കൂട്ടം ശിൽപ്പികൾ (വർദ്ധകി) ഈ വിഗ്രഹം പ്രതിഷ്ഠിച്ചു.കോട്ടീയഗണം, ബംഭദാസീയകുലം (ബ്രഹ്മദാസി) ഉച്ചേനാഗരിശാഖയിലെ ആര്യ

പുശിലശിഷ്യ ദത്തില ഹരിനന്ദിയുടെ ആവശ്യ പ്രകാരമാണ് ഇത്. ജിനദാസിരുദ്രദേവ, ദാത്താ ഗാലയിലെ രുദ്രദേവസാമി, രുദ്ര, ഗഹമിത്ര (ഗ്രഹമിത്ര), കുമാരശ്രീ, വാമദാസി ,(ബ്രഹ്മദാ സി) ജയദാസി, ഹസ്തിസേന, ഗ്രഹശ്രീ, രുദ്രദത്ത, മിത്രശ്രീ, ഇവരാണ് ശിൽപ്പികൾ.

5 സാംബവനാഥവിഗ്രഹലിഖിതം വർഷം 48

ലക്നൌ മ്യൂസിയം. സാംബവനാഥന്റെ ഏകവി ഗ്രഹമാണ് ഇത്. മൂന്നാം തീർത്ഥങ്കരനാണ് ഇദ്ദേ ഹം. ഋഷഭനാഥ, നേമിനാഥ,പാർശ്വനാഥ, മഹാ വീര ഇവരുടെ വിഗ്രഹങ്ങൾ ലഭ്യമാണ്. പി ൽക്കാലത്ത് ഓരോരുത്തർക്കും കൊടുത്ത ചി ഹ്നങ്ങൾ ആദ്യകാലത്തെ വിഗ്രഹങ്ങളിൽ ഇല്ല. ചിഹ്നത്തോടുകൂടിയ ആദ്യത്തെ ഋഷഭനാഥവിഗ്ര ഹം മഥുരക്കടുത്ത കങ്കാളിതിലയിൽ നിന്നാണ്. അതിൽ ലിഖിതമില്ല. എഡി 4-5 നൂറ്റാണ്ടുകളിലേ താവാമെന്ന് കരുതുന്നു.

ഈ വിഗ്രഹത്തിലെ തലയും ഒരു കയ്യും ഇല്ല. ധ്യാനമുദ്രയിലാണ് ഇരിക്കുന്നത്. സിംഹാസ നത്തെ 2 സിംഹം താങ്ങുന്നു. ഇവക്കിടയിൽ ചെറിയ ചക്രത്തിനു മുകളിലായി ത്രിരത്നചി ഹ്നം ഉണ്ട്. വലത്ത് പുരുഷനും ഇടത്ത് സ്ത്രീയും ഉണ്ട്. അവരുടെ വലംകൈയിൽ പുഷ്പങ്ങളും ഉണ്ട്. 4 വരി.

മഹാരാജസ്യ ഹുവക്ഷസ്യ സംവച്ഛരേ 40 8 വ 2 ദി 10 7 ഏതസ്യ പുവായാം കോട്ടിയേ ഗണേ ബമദസിയേ കുലേ പച്ഛനഗരിയേ ശാകായ ദുജ്ജവലസ്യ ശിശിനിയേ ദുജ്ജശിരിയേ നിവതന ഭുദ്ധുകസ്യ വധൂയേ സാവത്രന പോത്രിയേ യശായേ ദാന സംബവസ്യ പ്രോതിമാ പ്രതിഷ്ഠാപിതാ.

48ആം വർഷം മഴക്കാലം 2ആം മാസം 17ആം ദിനം മഹാരാജാ ഹുവഷ്കകാലം. സാംബവ പ്രതിമ സവത്രനന്റെ പൌത്രിയും ബുദ്ദുകന്റെ പുത്രവധുവുമായ യശാ, ദുജ്ജ വലശിഷ്യയായ ദുജ്ജശ്രീയുടെ അപേക്ഷപ്രകാരം സ്ഥാപിച്ചു. ദുജ്ജവള കോട്ടീയഗണം ബ്രഹ്മദാസീയകുലം പച്ഛനഗരി(വജ്രനഗരി)ശാഖയാണ്.

6 മഥുരബുദ്ധിസ്റ്റ് വിഗ്രഹലിഖിതം വർഷം 51-

1870ലാണ് ഗ്രൌസ് പൊതുജനശ്രദ്ധയിൽ എത്തിച്ചത്. പ്രതിമയുടെ കാലേ ഉള്ളു. വലത്ത് ഒരു പുരുഷൻ മുട്ടുകുത്തുന്നു. കയ്യിലെന്തോ ഉണ്ട്. അതില് 3 വര, ഇടത്തെ പകുതിയിലെ 2 വരി വായിക്കാനാവില്ല. ഭിക്ഷു ബുദ്ധവർമ്മൻ ഹുവഷ്കകാലത്ത് 51ആം കുശാനവർഷം മഹാരാജദേവപുത്രവിഹാരം നിർമ്മിച്ചതായി പറയുന്നു.

മഹാരാജസ്യ ദേവപുത്രസ്യ ഹുവഷ്കസ്യ സവച്ഛരേ 50 1 ഹമന്തമാസ 1 ദിവസ....

അസ്യാം പൂവ്വായയാം ഭിക്ഷുണോ ഉപാദ്ധ്യായ സ്യ..... സംഘദാസസ്യ നിർവ്വാണവാപ്തയേ സ്ത മാതാപിതാ...ബുദ്ധവർമ്മസ്യ സർവ്വദുഃ ഖോപശമനായ സർവ്വസത്വഹിതസുഖാർത്ഥം മഹാരാജാ ദേവപുത്രവിഹാരേ

ഉപാദ്ധ്യായ സംഘദാസന്റെ നിർവ്വാണത്തിനും ബുദ്ധവർമ്മന്റെയും മാതാപിതാക്കളുടേയും സർവ്വദുഃഖനിവാരണത്തിനും സർവ്വസത്വങ്ങളു ടേയും ഹിതം, സുഖം ഇവക്കുമാണ് മഹാരാ ജാ ദേവപുത്രവിഹാരവും ശാക്യമുനിവിഗ്ര ഹവും ഭിക്ഷു ബുദ്ധവർമ്മൻ ദാനം ചെയ്യുന്ന ത്.

7 ജൈനവിഗ്രഹലിഖിതം വർഷം 58.

നേരത്തേ ബുഹ്ലർ പ്രസിദ്ധീകരിച്ചത്. ഹുവി ഷ്കന്റെ 58ആം വർഷവും വാസുദേവന്റെ 8ആം വർഷവും ഉള്ള 2 ലിഖിതത്തിൽ ഹന എന്ന് വാക്ക് ഉണ്ട്. ഇത് ഹന അല്ല പന ആ ണെന്ന് ഇവിടെ പറയുന്നു. മഥുരയിലെ 2 ബ്രാഹ്മി ലിഖിതത്തിലും പന എന്ന പദം ഉണ്ട്. (50 , 52 വർഷങ്ങളിൽ). 52 എന്നതിന് ദ്വാപന എന്ന വാക്ക് കാണുന്നു. ഇവിടെ അഷ്ടാപന എന്ന് ഈ അർത്ഥത്തിലാണ് പ്ര യോഗം. (58) പാലി പന്നാസ (50 പഞ്ചാശ)യു ടെ പ്രാകൃതമാണ് പന.

സിദ്ധം നമ സരസതമ മഹാരാജസ്യ ഭഗനന്ദി. ഹുവഷ്കസ്യ സംവസരേ അഷ്ടപനഗ്രസ്യ മാസ 3 ദിവസ 2 ഏതസ്യാം പൂർവ്വായാം പെ.........ഗണെ ആര്യചേതിയേ കുലേ ഹരിതമാലകധിയാതോ സാ.....വാചകസ്യ ഹഗിനാദിസ്യ ശിശോഗണ,........നഗസേനോ ദാനം.

ഹുവഷ്കന്റെ 58ആം വർഷം വേനലിലെ 3ആം മാസം 2ആം ദിവസം ഹഗിനന്ദി (ഭഗനന്ദി)ശിഷ്യൻ നാഗസേനന്റെ ദാനം. ....ഗണത്തിലെ ആര്യചേതികകുലത്തിലെ ഹരിതമാലാഗധിശാഖയിലെ ആചാര്യനാണ് ഭഗനന്ദി.

8 വർഷം 71 മഥുര ജൈനവിഗ്രഹലിഖിതം.

1890-91ൽ ഫുറർ പ്രസിദ്ധീകരിച്ചു. ദിഗംബരജൈനവിഗ്രഹത്തിന്റെ പിന്നിലെ ചതുരത്തൂണിലുള്ളത്. ജീനന്റെ അരയും തുടയും മാത്രമേ ഉള്ളു. പിന്നിലെ തൂണ് കുടയുചെ കാലിന്റെ ഭാഗമാവാം. സം70 1 വ 1 ദി 10 5 ഏതയേ പൂവയേ ഹതിയ മുനസിമിതയേ മിനിരവ സുഷോതി ധീതു ഹേമദേവ സയ.....

സുഷോതി എന്നത് സ്വാസ്രീയ ആണെന്നും സഹോദരിയുടെ മകളുടെ മകളാണെന്നും വായിച്ചിരിക്കുന്നു. മഴ്കാലത്തെ

അവസാനമാസം 15ആം ദിനം 71ആം വർഷം മിനിരവ ഹേമദേവന്റെ സഹോദരിയുടെ മകളുടെ മകളായ മുനസീമിത .

9 രാംനഗറിലെ ചതുർമ്മുഖലിഖിതം വർഷം 74

ചതുർമ്മുഖതീർത്ഥങ്കരപ്രതിമയുടെ പീഠത്തിലാണ് .നടുവിൽ ചക്രവും ഇരുവശം 3 ഭക്തരും (കൂപ്പുകൈയോടെ) ഉണ്ട്. ചെറിയ ബാസ് റിലീഫിൽ 2 ഭക്തരേ ഉള്ളു. 2 വരി ഓരോ ഭാഗത്തും. കുശാനസംവത്സരം 74 ആവണം. സം 70 4 ഗ്ര 1 ദി 5 അയ വരണാതോ ഗണതോ കുലതോ വജനകാരിതോ ശാഖതോ അയശിരികാതോ .....നധനസ്യ വാചകസ്യ ശിശിനിയേ ആര്യദാസിയേ ....ദേവസ്യ കുടുംബിനിയേ ധരവലായേ ദതി...... ആസൂയേ...

വർഷം 74 വേനലിലെ 1ആം മാസ് 5ആം ദിനം ......ദേവപത്നി ധരവാല , ഗഹവലന്റെ ആജ്ഞ അനുസരിക്കുന്ന ശിഷ്യ ആര്യദാസിയുടെ അപേക്ഷപ്രകാരം ,,,,വാരണഗണം, ...കുലം, വജനകരി (വജ്രനഗരി)ശാഖ ആര്യശിരികയുടെ സംഭോഗത്തിനായി ....

10 മഥുരവിഗ്രഹലിഖിതം വർഷം 80

മഥുര കങ്കാളിനിന്ന് കിട്ടിയത്. ഇതിലാണ് ബുഹ്ലർ പറയുന്ന ഹന ഉള്ളത്. ഹനവ

എന്നല്ല ഹമവ 1 എന്നാമ്. അത് ഹമത 1 എന്ന് ഇവിടെ വായിക്കുന്നു. സിദ്ധി. മഹാരാജസ്യ വാസുദേവസ്യ സം 80 ഹമവ 1 ദി 10 2 ഏതസ പൂർവ്വായാം സാവകോ സ.....ധിത സംഘനാധീസ വുധുയേ ബലസ്യ....ഹേമന്തത്തിലെ ആദ്യമാസം 12ആം ദിനം വർഷം 80 മഹാരാജ വാസുദേവ. സംഘനന്ദിയുടെ പുത്രവധുവും സാവകപു ത്രിയും ബല......

11 മഥുര വർഷം 99 . മഞ്ഞ സാൻഡ്സ്റ്റോൺ ബാസ് റിലീഫ്. നടുവിൽ സ്തൂപവും 2 വശവും കുടക്കീഴിൽ ധ്യാനത്തിലിരിക്കുന്ന ഓരോ ജൈനരും ഇടത്തവശത്തെ ജിനന് തലക്കുമേലെ കുടയില്ല. അതിനുപകരം 7 ഫണമുള്ള നാഗം. അത് പാർശ്വനാഥനാമ്. (23ആം തീർത്ഥങ്കരൻ). താഴത്തെ പാനലിൽ ഒരു സ്ത്രീയുടെ ശരീരത്തിന്റെ മുകൾഭാഗം. ഇടത്തുകൈ കടിബന്ധമാണ്. വലംകൈ പൊക്കിയിരിക്കുന്നു. വലത്തെ തോളിനടുത്ത് 2 വരി ലിഖിതം. ഇടത്ത് വശത്ത് നഗ്നനായ പുരുഷരൂപം. (ജൈനമുനി) ഇടത്തെ കണങ്ക യ്യിൽ ഒരു തുണികെട്ടിയിട്ടുണ്ട്. ഇവരുടെ ഇടയിലായി ഒരു ലിഖിതമുണ്ട്. മുനിയുടെ ഇടത്ത് 2 സ്ത്രീകൾ, അവരുടെ പിന്നിൽ നാഗരാജാവിന്റെ ശരീരത്തിന്റെ മുകൾഭാഗം. അത് വൃക്ഷത്തിനു താഴെയാണ്. കൈകൾ

കൂപ്പിയിരിക്കുന്നു. ഇരുവശവും ഓരോ തൂണുണ്ട്. മണിപോലെയുള്ള മുകൾഭാഗം. ഇടത്തുവശത്തുള്ളത് ചക്രമുള്ളതാണ്. സിദ്ധം സം 90 9 ഗ്രി 2 ദി 10 6 കോട്ടിയാതോ ഗണതോ തനിയാതോ കുലതോ വൈരാതോ ശാഖാതോ ആര്യസൂരപോ ,,,,ശിശിനി ധമ്മശിരിയേ നിവർതന...ഗൃഹദത്തസ്യ ധീത ധനഹത്തി...

അനഘശ്രേഷ്ഠി വിജ കണശ്രമണ.

വർഷം 00 ഗ്രീഷ്മം രണ്ടാം മാസം 16ആം ദിനം ആര്യസൂരയുടെ ശിഷ്യ ധമ്മശിരി അഭ്യർത്ഥിക്കയാൽ ..കോട്ടീയഗണം സ്ഥാനീയകുലം, വൈരശാഖയിലെ.......

അനഘനായ വിജ(വിദ്യാ)ശ്രേഷ്ഠി, എന്നും മുനി കണ (കൃഷ്ണ) എന്നും 2 പേരുകളാണ് രണ്ടാമത്തെ ലിഖിതം.

12 അപൂർണ്ണമായ ലിഖിതം മഥുരശൈലി.സാൻഡ്സ്റ്റോൺ ശിൽപ്പത്തിനു താഴെ. ഗോതിപുത്രസ ഊതരസ സോവനിക

ഗോതിയുടെ പുത്രൻ ഉത്തരനെന്ന സ്വർണ്ണപ്പണിക്കാരൻ.

13 ചുവന്ന സാൻഡ്സ്റ്റോൺ വലിയ സ്ലാബിലെ ലിഖിതം. ദീർഘചതുരമാണ് കല്ല്. നാവനേ ശ്രീകണ്ഠേ സ്തകേ വിഹാരേ കകതികാനം പച്ഛനഃ നിയതക നാനാ

ത്രവസ്തുസ്സി സംക്കാലയിതവ്യ സംഘപ്രകി ത്ചി വ്യവഹാരിഹി ഉപഥ്താപിത.
എന്നും,

ബുദ്ധരക്ഷിതജീവശിരി ബുദ്ധദാസ സംഘ രക്ഷിത ധർമ്മവർമ്മ ബുദ്ധ,,,,,സുഖ ല....

എന്നും ഉണ്ട്.

14 മഥുരവിഗ്രഹലിഖിതം പുശബാല ദാനം. ചുവന്ന സാൻഡ്സ്റ്റോണിലുള്ള സ്ത്രീവിഗ്ര ഹത്തിന്റെ അരപ്പട്ട മേലാണ്. കങ്കാളിനിന്ന് കിട്ടി. പൂശബലായേ ദാനേ ധമ്മവധകസ ഭായയേ. ധർമ്മവർദ്ധകന്റെ ഭാര്യ പൂശബാ ലയുടെ ലിഖിതം.

15 നിലത്ത് പതിച്ചിരുന്ന സ്ലാബിലെ ലിഖിതം. വശങ്ങളിൽ അലങ്കാരമായി കയറു പിരിച്ച പോലെ പാറ്റേൺ. മൂലകളിൽ അവ സിലിണ്ട റുകൾ പോലെ പിണയുന്നു. ഗോശാലസ്യ ധിത്ത മിത്രായേ ദാനം ഗോശാലന്റെ പുത്രി മിത്രയുടെ ദാനം.

16 രാംനഗറിൽനിന്ന് കിട്ടിയ പ്രതിമയുടെ താഴത്തെ ഭാഗത്ത്. ഒരു വരി. ....നാകഗണ ധനഞ്ജയനസ്യ ത.....അയയേ ..യേ
.അധിഛത്രകയേ.... നിവർത്തന..
അഹിഛത്രത്തിലെ ....ന്റെ അഭ്യർത്ഥന പ്രകാരം നാഗഗണ ധനഞ്ജയന്റെ ദാനം.

രാജേന്ദ്രദേവനോടുകൂടി എഡി 1057-58 വരെ ഭരിച്ചതായി വെങ്കയ്യ.

17 ആദ്യകുശാനകാലത്തെ ലിഖിതം ശിലയുടെ കഷ്ണം. .....അമോഘദത്തസ്യ ഭാര്യായേ കോതൈയേ ....പ്രതിഷ്ഠാപിത.... അരഹംന്ത പൂജയേ ആർഹതന്മാരുടെ പൂജക്കായി (ആദരിക്കാനായി) അമോഘദത്തന്റെ ഭാര്യ സ്ഥാപിച്ച ശില.

18 മഥുരയിലെ ശില . .....ധനമിത്രായേ ധിതു അര.....വധുയേ ആയാഗപതോ പ....

ധനമിത്രപുത്രി, ...ന്റെ പുത്രവധു സ്ഥാപിച്ച ശില

19 പീഠത്തിന്റെ കഷ്ണം. സ്യവ്രിത കുതുകസ്യ കുടുംബിനി...ന പുത്രേഹി നത്തി പൌത്രേഹി. കുതുകന്റെ ഭാര്യ , പെൺമക്കളും ആൺമക്കളും പേരക്കുട്ടികളും.....

20 ത്രികോണാകൃതിയുള്ള കഷ്ണത്തിൽ. 800 എന്ന് അക്ഷരത്തിലും സംഖ്യയിലും ഉണ്ട്. ......തത...മ അഷ്ടശത 100 8 ഗന്ധി....പുഷ്ടാ...

21 പീഠത്തിലെ ലിഖിതം. ബുദ്ധദേവസ്യ കുടുംബിനിയേ ബുദ്ധപ്രതിമ

ബുദ്ധദേവന്റെ ഭാര്യ സ്ഥാപിച്ച ബുദ്ധപ്രതിമ.

ചോളരാജാക്കന്മാരുടെ കാലം

1 രാജാധിരാജാ 1

കുംഭകോണം നാഗേശ്വരക്ഷേത്രം

രാജകേസരി വിജയരാജേന്ദ്രദേവ) 36ആം വർഷം ആശ്ലേഷം ബുധൻ മകരം അപരപക്ഷം ദ്വിതീയ. എഡി 1053 ഡിസംബർ 29. രാജാധിരാജൻ തന്റെ സഹോദരൻ രാജേന്ദ്രദേവനോടുകൂടി എഡി 1058-59 വരെ ഭരിച്ചതായി വെങ്കയ്യ. രാജാധിരാജ എഡി 1053 വരെ ജീവിച്ചിട്ടുണ്ട് (കീൽഹോൺ).

2 വിക്രമചോള

കുറ്റാലം ഉത്തരവേദീശ്വരക്ഷേത്രം. 3ആം ഭരണ വർഷം ഹസ്തം, തിങ്കൾ മകരം അപരപക്ഷം സപ്തമി. എഡി 1121 ജനുവരി 10. സപ്തമിയല്ല, പഞ്ചമിയാണ് അന്ന്.

കുറ്റാലം ഉത്തരവേദീശ്വരക്ഷേത്രം 5ആം ഭരണ വർഷം ഹസ്തം ബുധൻ സിംഹം ശുക്ലപക്ഷം ത്രയോദശി. എഡി 1122 ജൂലൈ 31.

ഉത്തരവേദീശ്വരക്ഷേത്രം കുറ്റാലം 6ആം ഭരണ വർഷം ശതാഭിഷം വ്യാഴം സിംഹം അപരപക്ഷം ത്രയോദശി. എഡി 1123 ആഗസ്ത് 9 .

കുറ്റാലം ഉത്തരവേദീശ്വരക്ഷേത്രം 8ആം ഭരണ അനുരാധം ശനി മകരം ശുക്ലപക്ഷം നവമി.

3. കുലോത്തുംഗചോള 2.

നന്ദലൂർ സൌമ്യേശ്വരസ്വാമിക്ഷേത്രം. വെള്ളി, 8ആം ഭരണവർഷം. ശിവരാത്രി കുംഭം അപര പക്ഷം ചതുർദ്ദശി കലിയുഗം 4245 എഡി 1144 ഫെബ്രുവരി 4 വെള്ളിയാഴ്ചയായിരുന്നു. കുലോത്തുംഗചോള കിരീടധാരണം എഡി 1136 ഫെബ്രുവരി 5 നും 1137 ഫെബ്രുവരി 4നും ഇട ക്കാണ്.

4 രാജാധിരാജാ 2 നന്ദലൂരിലെ സൌമ്യേശ്വരസ്വാമിക്ഷേത്രം 12ആം വർഷം ഹേമലംബിസംവത്സരം ശ്രവിഷ്ഠം, (അവിട്ടം)ശനി മകരം ശുക്ലപക്ഷ പ്രഥമ. ഇതെല്ലാം ചേർന്നുവരുന്നത് എഡി 1178 ജനുവരി 21..

5 കുലോത്തുംഗചോള 3

മരുത്തുവക്കുടി ഐരാവതേശ്വരക്ഷേത്രം 10ആം വർഷം മൂലം, ശനി കർക്കടകം ശുക്ലപക്ഷം ദ്വാദശി എഡി 1187 ജൂലൈ 18.

കാണിപ്പാക്കം മണികണ്ഠേശ്വരക്ഷേത്രം . 12ആം വർഷം ശകം 1102 ഉത്തരായനസംക്രാന്തി പുഷ്യം തിങ്കൾ. ഇത് ശകം 1112 ആവണം. എഡി 1189 ഡിസംബർ 25. ത്ഥി.

തിരുവിശലൂർ ശിവയോഗനാഥസ്വാമി ക്ഷേത്രം. 17ആം വർഷം അനുരാധം ശനി കുംഭം അപര പക്ഷം പ്രഥമ.

നന്ദലൂർ സൌമ്യനാഥേശ്വരക്ഷേത്രം 24ആം വർഷം ദുന്ധുഭിസംവത്സരം മൃഗശീർഷം വെള്ളി ഋഷഭം ശുക്ലപക്ഷം തൃതീയ. 1201 ജൂലൈ 6-8 നാണ് 24ആം വർഷാരംഭം. ദുന്ധുഭി മേഷ സംക്രാന്തിമുതൽ, മാർച്ച് 24 എഡി 1202. ഋഷഭം രണ്ടാംദിനം എഡി 1202 ഏപ്രിൽ 26 വെള്ളി വൈശാഖതൃതീയ.

കുറ്റാലം ഓങ്കാരേശ്വരക്ഷേത്രം 25ആം ഭരണ വർഷം ഉത്തരഫാൽഗുനി ശനി മകരം പഞ്ചമി. എഡി 1203 ജനുവരി 4 .

കുറ്റാലം ഓങ്കാരേശ്വരക്ഷേത്രം 25ആം വർഷം രോഹിണി ബുധൻ മീനം ശുക്ലപക്ഷം പഞ്ചമി. എഡി 1203 മാർച്ച് 19 .

മായാവരം പാഞ്ചനദേശ്വരക്ഷേത്രം 25ആം വർഷം പുനർവസു തിങ്കൾ മകരം ശുക്ലപക്ഷം ചതുർദ്ദശി. എഡി 1202 ഡിസംബർ 30 .

മായാവരം പഞ്ചനദേശ്വരക്ഷേത്രം 25ആം വർഷം പുനർവസു മകരം ശുക്ലപക്ഷചതുർദ്ദശി. എഡി 1202 ഡിസംബർ 30 തിങ്കൾ

മായാവരം പഞ്ചനദേശ്വരക്ഷേത്രം 25ആംവർഷം പുനർവസു തിങ്കൾ മകരം ശുക്ലപക്ഷചതുർദ്ദശി.

നന്ദലൂർ സൌമ്യനാഥസ്വാമിക്ഷേത്രം 31ആം വർഷം ചൈത്രവിഷുവം സ്വാതി ചൊവ്വ ശുക്ലപക്ഷപ്രഥമ. എഡി 1209 മാർച്ച് 24.

മായാവരം പഞ്ചനദേശ്വരക്ഷേത്രം 33ആം വർഷം ഉത്തരഭദ്രപാദം തിങ്കൾ ഋഷഭം അപരപക്ഷ ദശമി. എഡി 1211 മേയ് 9.

ഋഷിയൂർ കൈലാസനാഥസ്വാമിക്ഷേത്രം 33ആം വർഷം പൂർവ്വഭദ്രപാദം തിങ്കൾ മീനം അപരപക്ഷം ത്രയോദശി.

കുറ്റാലം ഓങ്കാരേശ്വരക്ഷേത്രം 35ആം വർഷം കാർത്തിക, ചൊവ്വ, മീനം ശുക്ലപക്ഷം ചതുർത്ഥി.എഡി 1213 ഫെബ്രുവരി 26

6. രാജരാജ 3.

മായാവരം മയൂരനാഥസ്വാമിക്ഷേത്രം 14ആം വർഷം രോഹിണി. ഞായർ, തുലാം അപരപക്ഷം തൃതീയ. എഡി 1229 ഒക്ടോബർ 7

നന്ദലൂർ സൌമ്യനാഥസ്വാമിക്ഷേത്രം 22ആം വർഷം ഹേമലംബിസംവത്സരം ശനി കുംഭം അപരപക്ഷം ഷഷ്ഠി. എഡി 1238 ഫെബ്രുവരി 6

തിരുവിടൈമരുതൂർ മഹാലിംഗേശ്വരസ്വാമി ക്ഷേത്രം 27ആം വർഷം പുഷ്യം ബുധൻ മകരം ശുക്ലപക്ഷം പഞ്ചമി. (പഞ്ചദശി ആയിരിക്കണം) എഡി 1243 ജനുവരി 7.

7 രാജേന്ദ്രചോള 2. കുറ്റാലം ഉത്തരവേദീശ്വരം ക്ഷേത്രം 15ആം വർഷം അവിട്ടം വ്യാഴം തുലാം ശുക്ലപക്ഷം നവമി. എഡി 1260 ഒക്ടോബർ 14 (ശരിയാവണമെന്നില്ല)

8 കുലോത്തുംഗചോള 2

ബാപത്തല ഭാവനാരായണസ്വാമിക്ഷേത്രം ശകം 1066, 12ആം ഭരണവർഷം തിങ്കൾ ഫാൽഗുനകൃഷ്ണപക്ഷം തൃതീയ. എഡി 1145 ഫെബ്രുവരി 12.

ബാപത്തല ഭാവനാരായണക്ഷേത്രം 16ആം വർഷം ശകം 1071 വെള്ളി ചൈത്രം ശുക്ലപഞ്ചദശി. എഡി 1149 മാർച്ച് 25

ബാപത്തല ഭാവനാരായണക്ഷേത്രം ശകം 1058 4ആം വർഷം ചൊവ്വ, സിംഹം ശുക്ലപക്,ം പഞ്ചമി. എഡി 1136 ആഗസ്ത് 4.

ബാപത്തല ഭാവനാരായണക്ഷേത്രം ശകം 1065 11ആം വർഷം വ്യതീപാതം ബുധൻ ആഷാഢം അമാവാസി. എഡി 1143 ജൂലൈ 14.

ബാപത്തല ഭാവനാരായണസ്വാമിക്ഷേത്രം ശകം 1064 , ദുന്ധുഭി, 10ആം വർഷം ചൊവ്വ, ആഷാ

ഢ ശുക്ലഏകാദശി. എഡി 1142 ജൂലൈ

കുലോത്തുംഗചോള 2 ന്റെ കിരീടധാരണം എഡി 1133 മാർച്ച് 26നും ജൂലൈ 14നും ഇടക്ക്.

പാണ്ഡ്യരാജാക്കന്മാരുടെ കാലം

1 മാരവർമ്മസുന്ദരപാണ്ഡ്യ 1 . നാഗേശ്വരമുടൈയാർ ക്ഷേത്രം കല്ലടക്കുറിച്ചി. 21ആം വർഷം ശതാഭിഷം വ്യാഴം കുംഭം ശുക്ലപക്ഷം ഷഷ്ഠി. എഡി 1216 മാർച്ച് 29നും സെപ്തംബർ 4നും ഇടയിലാണ് ഭരണാരംഭം. തിന്നെൽവേലി ലിഖിതം എഡി 1235 ഫെബ്രുവരി 19. കല്ലടക്കുറിച്ചിയും തിരുനെൽവേലി ജില്ലയിലാണ്. ഇത് എഡി 1237 ജനുവരി 29.

2 ജടവർമ്മ വീരപാണ്ഡ്യ കൊടുമ്പാളൂരിലെ മുചുകുന്ദേശ്വരക്ഷേത്രം. 17ആം വർഷം മൂലം, വ്യാഴം സിംഹം ശുക്ലപക്ഷം ദശമി. ഭരണാരംഭം എഡി 1252 നവംബർ 11നും 1253 ജൂലൈ 13നും ഇടക്ക്. 1257 നവംബർ 10 അദ്ദേഹത്തിന്റെ 15ആം വർഷം. ഇത് എഡി 1269 ആഗസ്ത് 8. മാരവർമ്മകുലശേഖര 1 കിരീടധാരണം എഡി 1268 ജൂൺ. 2നും 27നും ഇടക്ക്.

3 മാരവർമ്മ കുലശേഖര 1. ശിന്നമാനൂർ രാജസിംഹേശ്വരക്ഷേത്രം 3ആം വർഷം പുനർവസു

വ്യാഴം ഋഷഭം ശുക്ലപക്ഷം ചതുർത്ഥി. 3ആം വർഷം എഡി 1271 -71 മേയ് 14.

പൂവാലൈക്കുടി ശിവക്ഷേത്രം 16ആം വർഷം രേവതി ബുധൻ വൃശ്ചികം ശുക്ലപക്ഷപഞ്ചമി. നവംബർ 26, എഡി 1284

കല്ലടക്കുറിച്ചി നാഗേശ്വരമുടൈയാർ ക്ഷേത്രം 33ആം വർഷം മൃഗശിര, മിഥുനം 12 , കൃഷ്ണ പക്ഷം അമാവാസി. എഡി 1301 ജൂൺ 7 . കിരീടധാരണം എഡി 1268 ജൂൺ 8- മുതൽ 27 വരെയുള്ള ദിവസങ്ങളിലാവണം.

രാജസിംഹേശ്വരക്ഷേത്രം ചിന്നമാനൂർ 41ആം വർഷം ആണിമാസം 14 തിങ്കൾ പുനർവസു ശുക്ലപക്ഷപ്രഥമ. എഡി 1309 ജൂൺ 9.

4.ജടാവർമ്മസുന്ദരപാണ്ഡ്യ 2 . 10ആം വർഷം ശതാഭിഷം തിങ്കൾ തുലാം ശുക്ലപക്ഷം ദ്വാദശി. വ്യയസംവത്സരം. എഡി 1286 സപ്തംബർ 30

നന്ദലൂർ സൌമ്യനാഥേശ്വരക്ഷേത്രം 15ആം വർഷം പുനർവസു തിങ്കൾ കുംഭം ശുക്ലപക്ഷം ദശമി വിരോധിസംവത്സരം. എഡി 1290 ഫെബ്രുവരി 20.

നന്ദലൂർ സൌമ്യനാഥേശ്വരക്ഷേത്രം 17ആം വർഷം പുഷ്യം ബുധൻ മീനം ശുക്ലപക്ഷം ദശമി, നന്ദനം സംവത്സരം .എഡി 1293 മാർച്ച് 18.

(കിരീടധാരണം 1276 മാർച്ച് 19നോ അതിനുശേഷ ഷമോ ആവണം)

നന്ദലൂർ സൌമ്യനാഥസ്വാമിക്ഷേത്രം 17ആം വർഷം നന്ദനസംവത്സരം മീനം പൂർവ്വപക്ഷ പഞ്ചമി ശനി രോഹിണി. എഡി 1293 മാർച്ച് 14. കിരീടധാരണം എഡി 1276 മാർച്ച് 15നോ ശേഷ മോ ആവണം.

സിന്നമാനൂർ രാജസിംഹേശ്വരക്ഷേത്രം 7ആം വർഷം മൃഗശിര, വെള്ളി, മകരം ശുക്ലപക്ഷം 3. ജടാവർമ്മ സുന്ദരപാണ്ഡ്യ 2 ന്റെ കിരീടധാരണ ദിവസം കൃത്യമായി അറിയാത്തതിനാൽ അദ്ദേ ഹത്തിന്റെ ലഭ്യമായ 14 ലിഖിതങ്ങളിലെ ദിനം നോക്കി നിശ്ചയിക്കേണ്ടിവന്നിട്ടുണ്ട്. 19ആം വർഷം എഡി 1294 നവംബർ 10 ലാണെന്ന് പ്രൊ കിൽഹോൺ തീരുമാനിച്ചിട്ടുണ്ട്. ഹിജറ 692 ലാണ് അദ്ദേഹം മരിച്ചതെന്ന് വസഫ് റഷിദ് ഉദ് ദിൻ എഴുതിയിട്ടുണ്ട്. ആ ഹിജറ വർഷ ർത്തിലെ അവസാനദിനം ഡിസംബർ 1 എഡി 1293 (യൂളിന്റെ മാർക്കോ പോളോ 2. 269) ഇതുവെച്ച് കിരീടധാരണം എഡി 1276 മാർച്ച് 14 മുതൽ എഡി 1277 മാർച്ച് 29 വരെയുള്ള ദിവസ ങ്ങളിൽ ഒന്നിലാണെന്ന് തീർച്ചപ്പെടുത്തി. . എഡി 1289 ജൂൺ 27 മാരവർമ്മകുലശേഖരൻ 1ആമന്റെ 22ആം വർഷവുമാണ്. മാർക്കോ പോളോ

അക്കാലത്ത് മലബാറിൽ 5 സഹോദരന്മാരാണ് ഭരിക്കുന്നതെന്ന് എഴുതിയിട്ടുണ്ട്. അവരിൽ സൊന്ദര് പാണ്ടിതേവരാണ് കിരീടം ധരിച്ച മൂത്ത ആളെന്നും. വസിഫ് ഇതേ രാജാവിനെ ദേവർ സുന്ദർ പാണ്ടി എന്നും വിളിക്കുന്നു. മാത്രമല്ല, അദ്ദേഹത്തിന്റെ 3 സഹോദരന്മാർ സ്വതന്ത്രമായി സാമ്രാജ്യത്തിന്റെ വ്യൂന്നുഭാഗം ഭരിക്കുന്നതായും എഴുതുന്നു. ചൈനീസ് ആനബ ലിൽ മലബാറിലെ രാജാവ് 1286ൽ കുബ്ലൈ ഖാന് സമ്മാനം അയച്ചതായി പറയുന്നു. 1280ന് ശേഷമുള്ളകാലത്ത് ചൈനയും മലബാറുമായ യുള്ള ബന്ധത്തെ പറയുമ്പോൾ അവിടെ 5 സഹോദരന്മാരാണ് സുൽത്താന്മാരെന്ന് ചൈനീ സ് വൃത്തങ്ങളും പറയുന്നു. 1277-1288 കാലത്ത് സിലോൺ ഭരിച്ചിരുന്ന ഭുവനൈകബാഹുവിന്റെ കാലത്ത് പാണ്ഡ്യനാട്ടിൽ 5 സഹോദരന്മാർ ഭരിക്കുന്നതായി മഹാവംശവും പറയുന്നു.

ഇക്കാലത്തെ മധുരയെക്കുറിച്ച് വസഫ് (1310) പറയുന്നത് അവിടെ കലേശ് തേവർ 40 വർഷം ഭരിച്ചു എന്നാമ്. അത് മാരവർമ്മൻ കുലശേഖ രനാണ്. 40ആം വർഷം മാർച്ച് 18 എഡി 1308 ആയിരുന്നു. (തിരുവാരൂർ ലിഖിതം). 41ആം വർഷം എഡി 1309 ജൂൺ 9ന് സിന്നമാനൂർ ലിഖിതം ഉണ്ട്. ഇദ്ദേഹത്തിന് സ്വന്തം ഭാര്യയിൽ

സുന്ദർ പാണ്ടി എന്ന മകനും മറ്റൊരു ഭാര്യയിൽ വീരപാണ്ടിയും മക്കളായിരുന്നു. വീരപാണ്ഡി യെ രാജാവാക്കിയ അഛന്റെ നടപടിയിൽ പ്രതിഷേധിച്ച് സുന്ദരപാണ്ടി സിംഹാസനം പിടി ച്ചെടുത്തു. അഛനെ വധിച്ചു. വീരപാണ്ഡി അദ്ദേ ഹത്തെ ഓടിച്ചു. അപ്പോഴാണ് സുന്ദരപാണ്ഡി മാലിക് ഖഫൂറിനെ വിളിച്ചുകൊണ്ടുവന്ന് മധുര ആക്രമിപ്പിച്ചത്. അമീർ ഖുസ്രുവും ഈ കഥ ശരി വെക്കുന്നു. കുലശേഖരപാണ്ഡ്യനെ (അഛനെ) വധിച്ച സുന്ദരപാണ്ഡി, ജടാവർമ്മ സുന്ദരപാ ണ്ഡ്യ 2 അല്ല. കാരണം ജടാവർമ്മ സുന്ദരപാ ണ്ഡ്യ എഡി 1293ൽ മരിച്ചിട്ടുണ്ട്.1309-1317 വരെ പാണ്ഡ്യനാട്ടിൽ നിന്ന് ലിഖിതങ്ങളില്ല. അഛനെ വധിച്ച സുന്ദരപാണ്ഡ്യൻ ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം സുന്ദരപാണ്ഡ്യ 3 ആകുമായിരുന്നു.

5 മാരവർമ്മൻ കുലശേഖര 2

പാപാങ്കുലം സിദ്ധജ്ഞാനേശ്വരക്ഷേത്രം. 8ആം വർഷം ശ്രാവണം, ബുധൻ, തുലാം 2, ശുക്ലപക്ഷ നവമി. ഭരണാരംഭം എഡി 1314 മാർച്ച് 6- 29ന് ഇടയിൽ. ഈ ലിഖിതം എഡി 1321 സപ്തംബർ 30

പാപാങ്കുലം സിദ്ധജ്ഞാനേശ്വരക്ഷേത്രം 8ആം വർഷം സ്വാതി, ചൊവ്വ, ധനു 11, അപരപക്ഷം . എഡി 1321 ഡിസംബർ 15 ദശമി.

ശ്രീവിജയ ധനവലപടു സ്തംഭലിഖിതം

